بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 1-2

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജനുവരി 04-11/ഹി:ശം:1397 സ്വുൽഹ് 04-11/ഹി:ഖ: 1439 റബീഉൽആഖിർ 16-23

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 17-11-2017നും 24-11-2017നും മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിലും 8-ാം പേജിലും വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**അല്ലയോ യൂറോപ്പേ, നീയും രക്ഷയിലല്ല; അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല; ഓ ദീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ശൂന്യമായി ഭവിക്കുന്നതും ഞാൻ കാണുന്നു.**

**ദൈവം കോപത്തിൽ സാവധാനിയാണ്. നിങ്ങളിൽ കരുണ ചെയ്യപ്പെടാൻ മാനസാന്തരപ്പെടുവിൻ.**
**ആരാണോ ദൈവത്തെ ഉപേക്ഷിക്കുന്നത് അവൻ ഒരു കീടമാകുന്നു. മനുഷ്യനല്ല.**
**ആരാണോ ദൈവത്തെ ഭയപ്പെടാത്തത് അവൻ മരിച്ചവനാകുന്നു. ജീവിച്ചിരിക്കുന്നവനല്ല.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 105**: ഒരിക്കൽ എന്റെ സഹോദരൻ മിർസാ ഗുലാം ഖാദിർ സാഹിബിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ജീവിതം അല്പദിവസം മാത്രമേയുള്ളുവെന്ന് എനിക്ക് സ്വപ്നത്തിൽ കാണിക്കപ്പെട്ടു; ഏറ്റവും കൂടിയാൽ 15 ദിവസം. ഈ സ്വപ്നത്തിനുശേഷം അദ്ദേഹത്തിന് തീരെ സുഖമില്ലാതായി. വെറും എല്ലും തൊലിയും മാത്രം അവശേഷിച്ചു. എത്രമാത്രം മെലിഞ്ഞുവെന്നാൽ ആരെങ്കിലും കട്ടിലിൽ ഇരിക്കുന്നുണ്ടെന്നോ അല്ലെങ്കിൽ കട്ടിൽ മാത്രമാണെന്നോ പോലും തിരിച്ചറിയുമായിരുന്നില്ല. മലമൂത്രവിസർജനമൊക്കെ അവിടെത്തന്നെയായിരുന്നു. അബോധാവസ്ഥയുമുണ്ടാകുമായിരുന്നു. എന്റെ പിതാവ് മിർസാ ഗുലാം മുർത്തദാ സാഹിബ് സമർഥനായ വൈദ്യനായിരുന്നു. അദ്ദേഹം പറഞ്ഞു: ഇപ്പോഴത്തെ അവസ്ഥ വളരെ മോശവും നിരാശാജനകവുമാണ്; അല്പദിവസത്തെ കാര്യമെയുള്ളൂ. എന്നിൽ അപ്പോൾ യുവത്വത്തിന്റെ ശക്തിയുണ്ടായിരുന്നു. കഠിനപ്രയത്നം ചെയ്യാനുള്ള കഴിവുമുണ്ടായിരുന്നു. എല്ലാ ഓരോ കാര്യത്തിലും അല്ലാഹുവിനെ സർവ്വശക്തനായി അറിയുന്നതായിരുന്നു എന്റെ സ്വഭാവം. വാസ്തവത്തിൽ അവന്റെ ശക്തിപ്രഭാവങ്ങളുടെ അതിരു പ്രാപിക്കാൻ ആർക്കാണ് കഴിയുക. അവന്റെ മുമ്പിൽ ഒരു കാര്യവും മറഞ്ഞതായിട്ടില്ല; അവന്റെ വാഗ്ദാനത്തിന് എതിരായിട്ടുള്ളതോ അവന്റെ പരിശുദ്ധമായ പ്രൗഢിക്ക് വിരുദ്ധമായിട്ടുള്ളതോ അവന്റെ ഏകത്വത്തിന് വിപരീതമായിട്ടുള്ളതോമൊഴികെ. അതുകൊണ്ടുതന്നെ ഞാൻ ആ അവസ്ഥയിലും സഹോദരനുവേണ്ടി ദുആ ചെയ്യാൻ തുടങ്ങി. എന്റെ ദൈവജ്ഞാനത്തിൽ മൂന്നു കാര്യങ്ങളിൽ വർധന ഉണ്ടാകണമെന്നാണ് ഈ ദുആകളിലൂടെ എന്റെ മനസ്സിൽ ഞാൻ തീരുമാനിച്ചത്.

അല്ലാഹുവിന്റെ സന്നിധിയിൽ എന്റെ പ്രാർഥന സ്വീകരിക്കപ്പെടാൻമാത്രം ഞാൻ യോഗ്യനാണോ എന്നതാണ് ഞാൻ കാണാൻ ആഗ്രഹിച്ചതിൽ ഒന്ന്! രണ്ടാമത്തേത് ശിക്ഷയെ സംബന്ധിച്ചുള്ള മുന്നറിയിപ്പായി വരുന്ന സ്വപ്നത്തിലും ഇൽഹാമിലും കാലവിളംബമുണ്ടാകുമോ. മൂന്നാമത്തേത് എല്ലുകൾമാത്രം അവശേഷിച്ചിട്ടുള്ള രോഗി ദുആ മുഖേന സുഖം പ്രാപിക്കുമോ? ചുരുക്കത്തിൽ ഞാൻ ഇതിന്റെ അടിസ്ഥാനത്തിൽ ദുആ ചെയ്യാൻ തുടങ്ങി. ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവൻ ഇരിക്കുന്നത് അവനാണ! ദുആയോടൊപ്പംതന്നെ രോഗിയിൽ മാറ്റവുമുണ്ടാകാനും തുടങ്ങി. ഇതിനിടയിൽ എന്റെ സഹോദരൻ തന്റെ വീട്ടുമുറ്റത്ത് തന്റെ കാലുകളിൽ നടക്കുന്നതായിട്ട് ഞാൻ മറ്റൊരു സ്വപ്നവും കണ്ടു. അദ്ദേഹത്തിന്റെ അവസ്ഥ മറ്റൊരു വ്യക്തിയുടെ സഹായമില്ലാതെ തിരിഞ്ഞു കിടക്കാൻപോലും പറ്റാത്തതായിരുന്നു. അങ്ങനെ ദുആ ചെയ്ത് 15 ദിവസം കഴിഞ്ഞപ്പോളോൾ അദ്ദേഹത്തിൽ ആരോഗ്യത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങി. തനിക്ക് കുറച്ച് നടക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ സഹായത്തോടുകൂടി എഴുന്നേല്ക്കുകയും വടിയുടെ സഹായത്താൽ നടക്കുകയും ചെയ്തു. പിന്നീട് ഊന്നുവടിയും ഉപേക്ഷിച്ചു. കുറച്ച് ദിവസത്തിനുള്ളിൽ പൂർണആരോഗ്യവാനായി. അത് കഴിഞ്ഞ് 15 വർഷംവരെ ജീവിച്ചിരുന്നു. പിന്നീട് മരണപ്പെട്ടു. ഇതിൽനിന്ന് 15 ദിവസത്തെ അദ്ദേഹത്തിന്റെ ജീവിതം അല്ലാഹു 15 വർഷമാക്കി മാറ്റിയതാണെന്ന് മനസ്സിലായി. ഇതാണ് നമ്മുടെ അല്ലാഹു. അവൻ തന്റെ പ്രവചനങ്ങളെ മാറ്റുന്നതിലും സർവ്വശക്തനാണ്. എന്നാൽ, നമ്മുടെ എതിരാളികൾ പറയുന്നത് അവൻ സർവ്വശക്തനല്ലെന്നാണ്.

**ദൃഷ്ടാന്തം 106**: ഒരിക്കൽ ഉപമാപരമായ നിലയിൽ എനിക്ക് അല്ലാഹുവിന്റെ സന്ദർശനമുണ്ടായി. ഞാൻ എന്റെ കൈകൊണ്ട് ധാരാളം പ്രവചനങ്ങൾ എഴുതി. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകേണ്ടതാണെന്നായിരുന്നു അവയുടെ ഉദ്ദേശ്യം. അപ്പോൾ ഞാൻ ആ കടലാസ് ഒപ്പിടുവിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ മുമ്പിൽ സമർപിച്ചു. അല്ലാഹു താമസംവിനാ മഷിപ്പേനകൊണ്ട് അതിൽ ഒപ്പിട്ടു. ഒപ്പിടുന്ന നേരത്ത് പേനയിൽ കൂടുതൽ മഷി വരുന്നതു കുടഞ്ഞുകളയുന്നതുപോലെ പേന കുടഞ്ഞു. പിന്നീട് അതിൽ ഒപ്പിട്ടു. അല്ലാഹു എന്നിൽ എത്രമാത്രം കൃപയും കരുണയും കാണിക്കുന്നുവെന്നും ഞാൻ എന്തൊന്ന് ആഗ്രഹിച്ചുവോ ഒട്ടും താമസിയാതെ അവൻ അതിൽ ഒപ്പിട്ടുതന്നുവെന്നുമുള്ള ചിന്തയാൽ അപ്പോൾ ഞാൻ കരയുകയായിരുന്നു. അങ്ങനെ എന്റെ കണ്ണ് തുറന്നു! ആ സമയത്ത് മിയാൻ അബ്ദുല്ല സനൗവരി മസ്ജിന്റെ മുറിയിൽ എന്റെ കാല് അമർത്തുകയായിരുന്നു. അദ്ദേഹത്തിന്റെ കൺമുമ്പിലാണ് ഈ ചെമന്നതുള്ളികൾ എന്റെ ജുബ്ബയിലും അദ്ദേഹത്തിന്റെ തൊപ്പിയിലും വീണത്. പേന കുടഞ്ഞതും ആ ചെമന്നതുള്ളികൾ വീണതും ഒരേ സമയത്തായിരുന്നുവെന്നതാണ് അത്ഭുതകരമായ കാര്യം. ഒരു സെക്കന്റുപോലും വ്യത്യാസമുണ്ടായിരുന്നില്ല. ഈ രഹസ്യത്തെ ഒരു അനഹ്മദി മനസ്സിലാക്കുകയില്ല. സംശയിക്കുന്നതുമാണ്. കാരണം അയാൾക്ക് സ്വപ്നത്തിന്റെ കാര്യം മാത്രമേ അറിയൂ. എന്നാൽ, ആർക്കാണോ ആത്മീയമായ കാര്യങ്ങളുടെ ജ്ഞാനമുള്ളത് അവനിതിൽ സംശയിക്കുകയില്ല. അല്ലാഹു ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് ഇപ്രകാരം ഉണ്ടാക്കുന്നവനാണ്. ചുരുക്കത്തിൽ ഞാൻ ഈ സംഭവങ്ങളെല്ലാം മിയാ അബ്ദുല്ലായെ കേൾപ്പിച്ചു. ആ സമയത്ത് എന്റെ കണ്ണുകളിൽ കണ്ണീർ ഒഴുകുന്നുണ്ടായിരുന്നു. ഈ സ്വപ്നത്തിന് സാക്ഷിയായ അബ്ദുല്ലായിൽ അത് വളരെ സ്വാധീനം ചെലുത്തി. അദ്ദേഹം എന്റെ ജുബ്ബ അനുഗ്രഹമെന്ന നിലയിൽ തന്റെ കൈയിൽ വെച്ചു. അതിപ്പോഴും അദ്ദേഹത്തിന്റെ കൈയിലുണ്ട്.

**ദൃഷ്ടാന്തം 107**: ഭൂകമ്പങ്ങൾ വരുന്നതിനു മുമ്പേ അതിനെകുറിച്ച് ലോകത്ത് വലിയ വലിയ ഭൂകമ്പങ്ങൾ ഉണ്ടാകുമെന്നും ഭൂമി അടിമേൽ മറിക്കപ്പെടുമെന്നും ഞാൻ പത്രങ്ങളിൽ പലപ്പോഴും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാൻഫ്രാൻസിസ്കോ, ഫാർമോസ തുടങ്ങിയ സ്ഥലങ്ങളിൽ എന്റെ പ്രവചനമനുസരിച്ച് വന്ന ഭൂകമ്പങ്ങളാണ് ഒന്ന്. അത് എല്ലാവർക്കും അറിയുന്നതാണ്. പക്ഷേ, ഇപ്പോൾ 1906 ആഗസ്ത് 16ന് പശ്ചിമഅമേരിക്കയിൽ അതായത് ചിലി സംസ്ഥാനത്തിൽ ഒരു ശക്തമായ ഭൂകമ്പം വന്നു. അത് മുമ്പേയുണ്ടായ ഭൂകമ്പങ്ങളിൽനിന്ന് ഒട്ടും കുറവല്ലായിരുന്നു. ഇതുമുഖേന 15 ചെറുതും വലുതുമായ നഗരങ്ങളും കസ്ബകളും തകർന്നുപോയി. ആയിരക്കണക്കിന് ജീവനഷ്ടമുണ്ടായി. 10 ലക്ഷം ആളുകൾ ഭവനരഹിതരായി. ഈ ഭൂകമ്പം പഞ്ചാബിൽ വരാത്ത സ്ഥിതിക്ക് ഇതെങ്ങനെ ദൃഷ്ടാന്തമാകാനാണെന്ന് അജ്ഞരായ ആളുകൾ ചോദിച്ചേക്കാം. എന്നാൽ, ദൈവം മുഴുലോകത്തിന്റേയും ദൈവമാണെന്ന് അവരറിയുന്നില്ല; പഞ്ചാബിന്റെ മാത്രമല്ല. മുഴുലോകത്തിനും വേണ്ടിയാണ് ഈ വാർത്ത നല്കിയത്; പഞ്ചാബിനുവേണ്ടി മാത്രമല്ല. അല്ലാഹുവിന്റെ പ്രവചനങ്ങളെ അന്യായമായി ഒഴിവാക്കുകയും ദൈവത്തിന്റെ വചനത്തിൽ ചിന്തിക്കാതിരിക്കുകയും എങ്ങനെയെങ്കിലും സത്യം മറച്ചുവെക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ദൗർഭാഗ്യമാണ്. എന്നാൽ, അത്തരം കളവാക്കൽകൊണ്ട് സത്യം മറഞ്ഞിരിക്കുകയില്ല. അല്ലാഹു എനിക്ക് പൊതുവെയുള്ള ഭൂകമ്പങ്ങളെക്കുറിച്ച് അറിയിപ്പ് നല്കിയിരിക്കുന്നു. പ്രവചനമനുസരിച്ച് അമേരിക്കയിൽ ഭൂകമ്പമുണ്ടായതുപോലെ യൂറോപ്പിലും വരികതന്നെ ചെയ്യുമെന്ന് മനസ്സിലാക്കുക. ഏഷ്യയിലെ വിവിധ സ്ഥലങ്ങളിലും വരുന്നതായിരിക്കും. അവയിൽ ചിലത് പ്രളയദിനത്തിന്റെ മാതൃകയിലുള്ളതായിരിക്കും. രക്തപ്പുഴ ഒഴുകുംവിധം മരണങ്ങളുണ്ടാകും. ഈ മരണത്തിൽനിന്ന് പക്ഷിമൃഗാദികളും വെളിയിലാകുകയില്ല. ഭൂമിയിൽ എത്രത്തോളം ശക്തമായ നാശമുണ്ടാകുമെന്നാൽ, മനുഷ്യൻ ഉണ്ടായ കാലംമുതൽ ഇത്തരം നാശം ഒരിക്കലും ഉണ്ടായിട്ടില്ല. മിക്ക സ്ഥലങ്ങളും അവയിൽ ആൾതാമസമുണ്ടായിട്ടില്ല എന്നു തോന്നുംവിധം അടിമേൽ മറിഞ്ഞുപോകും. അതിനോടൊപ്പം വേറെയും വിപത്തുകൾ ഭൂമിയിലും ആകാശത്തിലും ഭയാനകമായരീതിയിൽ ഉണ്ടാകുന്നതായിരിക്കും. ഓരോ ബുദ്ധിമാന്റേയും ദൃഷ്ടിയിൽ ആ കാര്യങ്ങൾ അസാധാരണമാകും. വാനനിരീക്ഷണത്തിന്റേയും ഫിലോ

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**നിങ്ങളിൽ ഓരോരുത്തരും അഞ്ചുനേര നമസ്കാരത്തെ നിങ്ങളുടെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യമാക്കേണ്ടതാണ്.**

**യുവാക്കളായ ഖുദ്ദാമും മുതിർന്നപ്രായക്കാരായ അത്ഫാലും എപ്പോഴും നല്ലകൂട്ടുകാരിലും സൽസംഗത്തിലും ഇരിക്കേണ്ടതാണ്.**

**ഖുദ്ദാം തങ്ങളുടെ ദൃഷ്ടി കീഴ്പോട്ടാക്കിക്കൊണ്ട് പ്രവർത്തിക്കണമെന്നതാണ് അവർക്കുള്ള കല്പന. മനസ്സിനേയും ബുദ്ധിയേയും അശുദ്ധചിന്താഗതികളിൽനിന്നും ചീത്തതീരുമാനങ്ങളിൽനിന്നും ശുദ്ധമാക്കിവെക്കണം.**

**സത്യസന്ധത ഒരു ഖാദിമിന്റെ നിർബന്ധമായ ധാർമികഗുണമാണെന്ന് ഓർക്കുക. ഇതുമുഖേന നിങ്ങൾക്ക് ആത്മീയാഭിവൃദ്ധി കരസ്ഥമാക്കാൻ കഴിയുന്നതാണ്.**

**ഭാരവാഹികൾ തങ്ങളുടെ ഉള്ളിൽ യഥാർഥ വിനയത്തിന്റെ ആത്മാവ് ഉണ്ടാക്കേണ്ടതാണ്. അഹ്മദികളാരും അഹങ്കാരിയും വഴക്കാളിയും ആകാതിരിക്കേണ്ടതാണ്. അഹ്മദി ഖുദ്ദാം നമ്മുടെ ആത്മീയസൈന്യത്തിന്റെ രണ്ടാംനിരക്കാരാണ്.**

---

## ഭാരത മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും അത്ഫാലുൽ അഹ്മദിയ്യായും 2017 ഒക്ടോബറിൽ സംഘടിപ്പിച്ച വാർഷിക ഇജ്തിമായിൽ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ പ്രത്യേകസന്ദേശം

ലണ്ടൻ
MA 21-09-2017

ഭാരതത്തിലെ എന്റെ പ്രിയപ്പെട്ട ഖുദ്ദാം അത്ഫാൽ അംഗങ്ങളേ!

**അസ്സലാമുഅലയ്ക്കും വ റഹ്മത്തുല്ലാഹ് വ ബറക്കാത്തഹു.**

നിങ്ങൾക്ക് ഈ വർഷവും നിങ്ങളുടെ സാലാന ഇജ്തിമാ സംഘടിപ്പിക്കാനുള്ള അവസരം കിട്ടിയിരിക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഈ ഇജ്തിമാ എല്ലാവിധത്തിലും അനുഗ്രഹപൂർണമാക്കട്ടെ. പങ്കെടുക്കുന്ന എല്ലാവരിലും ഇതിന്റെ നല്ല പ്രതികരണങ്ങൾ ഉണ്ടാകുമാറാകട്ടെ. ആമീൻ.

ഈ അവസരത്തിൽ സന്ദേശം അയക്കാൻ എന്നോട് അപേക്ഷിച്ചിരിക്കുകയാണ്. ഞാൻ ഈ അവസരത്തിൽ അല്പം ചില ഉപദേശങ്ങൾ നല്കാനാണ് ആഗ്രഹിക്കുന്നത്. അല്ലാഹു വിശുദ്ധഖുർആനിലെ മുഅ്മിനൂൻ എന്ന അധ്യായത്തിൽ വിജയിയായ സത്യവിശ്വാസികളുടെ കുറച്ച് വിശേഷഗുണങ്ങളെ കുറിച്ച് പറയുന്നുണ്ട്. അവർ തങ്ങളുടെ നമസ്കാരത്തിൽ ഭയഭക്തി കൈക്കൊള്ളുന്നുവരാണ്. അനാവശ്യകാര്യങ്ങളിൽനിന്ന് മുഖം തിരിക്കുന്നവരാണ്. തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്നവരാണ്. തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരാണ്. തങ്ങളുടെ നമസ്കാരങ്ങളെ കർമോത്സുക്തരായി കാത്തുസൂക്ഷിക്കുന്നവരാണ്.'

നിങ്ങളെല്ലാവരും അഹ്മദീ യുവാക്കളാണെന്ന കാര്യം ഓർക്കുക. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് നിങ്ങൾ നിങ്ങളുടെ മീറ്റിംഗുകളുടേയും ഇജ്തിമകളുടേയും അവസരത്തിൽ പ്രതിജ്ഞ ചെയ്യുന്നുണ്ട്. ഇതിനുവേണ്ടി എല്ലാ ഓരോരുത്തരും വിശുദ്ധഖുർആൻ മുടങ്ങാതെ നിത്യവും പാരായണം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കാരണം അത് നമ്മെ യഥാർഥമായ നിലയിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുക എന്നത് പഠിപ്പിക്കുന്ന ആത്മീയപ്രകാശമാണ്. വിജയിയായ മുഅ്മിൻ തന്റെ നമസ്കാരങ്ങൾ ഭയഭക്തിയോടെ നിർവഹിക്കുന്നവനാണെന്ന് വിശുദ്ധഖുർആൻ നമ്മളോടു പറഞ്ഞു. അതുകൊണ്ട് നിങ്ങളിൽ ഓരോരുത്തരും അഞ്ചുനേര നമസ്കാരത്തെ നിങ്ങളുടെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യമാക്കേണ്ടതാണ്. സാധിക്കുന്നിടത്തോളം നമസ്കാരം ജമാഅത്തോടുകൂടി അനുഷ്ഠിക്കേണ്ടതാണ്. കാരണം ജമാഅത്തോടുകൂടിയുള്ള നമസ്കാരത്തിന് ഒറ്റയൊറ്റയായി നമസ്കരിക്കുന്നതിനേക്കാൾ പ്രതിഫലം കൂടുതലാണ്. ജമാഅത്തായിട്ടുള്ള നമസ്കാരം ഏകത്വത്തിനും ഐക്യത്തിനും മാർഗമായിത്തീരുന്നു. മുഅ്മിനീംകളുടെ സംഘടിതശക്തിയെ ജമാഅത്തായ നമസ്കാരം പ്രകടിപ്പിക്കുന്നു.

നിങ്ങളുടെ ഇജ്തിമാകൾ നന്മയിലും തഖ്‌വയിലും അഹമഹമികയാ പരസ്പരം മുന്നേറുന്നതായിരിക്കണം. യുവാക്കളായ ഖുദ്ദാമും മുതിർന്നപ്രായക്കാരായ അത്ഫാലും എപ്പോഴും നല്ലകൂട്ടുകാരിലും സൽസംഘത്തിലും ഇരിക്കേണ്ടതാണ്. ഇന്റർനെറ്റിന്റേയും സോഷ്യൽമീഡിയായുടേയും തെറ്റായ ഉപയോഗവും സാധാരണമായിക്കൊണ്ടിരിക്കുകയാണ്. ഏതെങ്കിലും വസ്തുവിന്റേയോ ജോലിയുടേയോ നഷ്ടമുണ്ടാക്കുന്ന സ്വാധീനങ്ങൾ ബുദ്ധിയിൽ പതിഞ്ഞാൽ വിശുദ്ധഖുർആനിന്റെ പാഠമനുസരിച്ച് അത് നിരർഥകാര്യങ്ങളിൽപെടുന്നതാണ്. മുഅ്മിനീംകളുടെ ഗുണം, അവർ നിരർഥകാര്യങ്ങളിൽനിന്ന് വിട്ടുനില്ക്കുന്നവരാണെന്നതാണ്. ഇപ്രകാരംതന്നെ തങ്ങളുടെ ചാരിത്രത്തേയും ലജ്ജയേയും നിലനിറുത്തേണ്ടതും പുരുഷന്മാർക്കു നിർബന്ധമാണ്. അവർ തങ്ങളുടെ ദൃഷ്ടി കീഴ്പോട്ടാക്കിക്കൊണ്ട് പ്രവർത്തിക്കണമെന്നതാണ് അവർക്കുള്ള കല്പന. മനസ്സിനേയും ബുദ്ധിയേയും അശുദ്ധചിന്താഗതികളിൽനിന്നും ചീത്ത തീരുമാനങ്ങളിൽനിന്നും ശുദ്ധമാക്കിവെക്കണം. ഇസ്ലാമിന്റെ അടിസ്ഥാനപരമായ എല്ലാ കാര്യങ്ങളും അങ്ങേയറ്റം യുക്തിനിർഭരവും ശക്തവുമായ അടിത്തറയിലാണുള്ളത്. ദൃഷ്ടികീഴ്പോട്ടാക്കുന്നതുകൊണ്ട് ഇസ്ലാം ആത്മാവിന്റെമേൽ നിയന്ത്രണം വെക്കുന്നത് പഠിപ്പിക്കുന്നു. സത്യസന്ധത ഒരു ഖാദിമിന്റെ നിർബന്ധമായ ധാർമികഗുണമാണെന്ന് ഓർക്കുക. ഇതുമുഖേന നിങ്ങൾക്ക് ആത്മീയാഭിവൃദ്ധി കരസ്ഥമാക്കാൻ കഴിയുന്നതാണ്.

ഭാരവാഹികൾ തങ്ങളുടെ ഉള്ളിൽ യഥാർഥ വിനയത്തിന്റെ ആത്മാവ് ഉണ്ടാക്കേണ്ടതാണ്. അഹ്മദികളാരും അഹങ്കാരിയും വഴക്കാളിയും ആകാതിരിക്കേണ്ടതാണ്. അഹ്മദി ഖുദ്ദാം നമ്മുടെ ആത്മീയസൈന്യത്തിന്റെ രണ്ടാംനിരക്കാരാണ്.

ഒരുനാൾ നിങ്ങൾ ആദ്യനിരയിൽ വരേണ്ടവരാണ്. വലിയ വലിയ ഉത്തരവാദിത്വങ്ങളുടെ ചുമതല വഹിക്കാൻ നിങ്ങൾ എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്. ജമാഅത്തുപരമായ ഒരു സേവനവും നിസ്സാരമായി കാണരുത്. അതിനെ മഹത്തായ ഭാഗ്യവും ദൈവകൃപയുമായി മനസ്സിലാക്കുക. മറ്റുള്ളവർക്ക് സൽമാതൃകയാകുക. ഇപ്രകാരം ഓരോ മജ്ലിസുകളിലും തങ്ങളുടെ സമയവും ധനവും അഭിമാനവും ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കുന്ന ആളുകൾ ഉണ്ടാകുന്നതാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ അധ്വാനത്തോടും ഉത്സാഹത്തോടും വിശ്വസ്തതയോടുകൂടി നിറവേറ്റണ്ടതാണ്. പരസ്പരമുള്ള സാഹോദര്യബന്ധം ശക്തമായിക്കൊണ്ട് പോകുന്നതിന് ശ്രമിക്കേണ്ടതാണ്. എല്ലാ ഖാഇദിനും നാളിമിനും ഖുദ്ദാമും അത്ഫാലുമായി നേരിട്ട് ബന്ധമുണ്ടായിരിക്കേണ്ടതാണ്. അവരെ സഹായിക്കാനും മാർഗദർശനത്തിനും തയ്യാറായിരിക്കേണ്ടതാണ്. അവരെ ജമാഅത്തിനോടു അടുത്തുകൊണ്ടുവരേണ്ടതാണ്.

എല്ലാതരത്തിലുള്ള നന്മകളിലും അഭിവൃദ്ധിപ്പെടണമെന്ന കാര്യം എല്ലാ ഖുദ്ദാമും അത്ഫാലും ഓർമവെക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ ആമീൻ.

വസ്സലാം,
വിനീതൻ,

**ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്.**






**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**


**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിരവധി രചനകളിലും പ്രസംഗങ്ങളിലും മജ്‌ലിസുകളിലും തന്റെ വാദം സത്യമാണെന്നുള്ളതിന് തെളിവുകൾ നല്കി. കാലത്തിന്റെ ആവശ്യമനുസരിച്ച് മസീഹ് മൗഊദ് വന്നതിനേയും അല്ലാഹുവിന്റെ സഹായങ്ങൾ തനിക്ക് അനുകൂലമായി പുലർന്നുകൊണ്ടിരിക്കുന്നതിനേയും സംബന്ധിച്ച് പറഞ്ഞപ്പോൾ ശുദ്ധഹൃദയർക്ക് കാര്യം മനസ്സിലായി. വെറുപ്പ് വെച്ചുപുലർത്തിയിരുന്ന സ്വാർഥമതികൾക്ക് മനസ്സിലായതുമില്ല.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ വാദത്തിന്റെ സത്യസാക്ഷ്യത്തിന് സമർപ്പിച്ച തെളിവുകളുടേയും അടയാളങ്ങളുടേയും ദൃഷ്ടാന്തങ്ങളുടേയും ചർച്ച, മൂസാ(അ)ന്റേയും മുഹമ്മദി(സ)ന്റേയും മസീഹുമാർ തമ്മിലുള്ള സാദൃശ്യങ്ങളുടെ വിവരണം.**

**നബി(സ)തിരുമേനിയ്ക്ക് മൂസായുമായിട്ടുള്ള സാദൃശത്തിന്റെ അടിസ്ഥാനത്തിൽ ഈ നൂറ്റാണ്ടിലെ മുജദ്ദിദ് മസീഹായിരിക്കേണ്ടത് നിർബന്ധമാണ്. കാരണം മസീഹ് മൂസായ്ക്കുശേഷം 14-ാം നൂറ്റാണ്ടിലാണ് വന്നത്. ഇതും 14-ാം നൂറ്റാണ്ടാണ്.**

**മസീഹ് മൗഊദിനെ നിഷേധിക്കൽ യഥാർഥത്തിൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കലാണ്.**

**അല്ലാഹു മുസ്‌ലിംകൾക്ക് ബുദ്ധി നല്കുമാറാകട്ടെ. അവർ കേവലം മൗലവിമാരുടെ ചെയ്തികളിൽ അകപ്പെടാതിരിക്കട്ടെ. മറിച്ച്, തങ്ങളുടെ ബുദ്ധി ഉപയോഗിക്കുന്നവരാകട്ടെ. നിഷ്കളങ്കരായി അല്ലാഹുവിനോട് ചോദിക്കുന്നവരാകട്ടെ. അല്ലാഹു അവരുടെ മനസ്സ് തുറുക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഇക്കാലത്തെ മുസ്‌ലിംലോകം കുടുങ്ങികിടക്കുന്ന അവസ്ഥയിൽനിന്ന് പുറത്തുവരുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ നവംബർ 17/1396 നുബുവ്വത്ത് 17**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ- صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു പദ്യത്തിൽ പറയുന്നു:

വഖ്ത് ഥാ വഖ്ത്തെ മസീഹാ
നഃ കിസീ ഔർ കാ വഖ്ത്ത്
മേ നഃ ആത്താ തോ കോയി
ഔർ ഹി ആയാ ഹോത്താ.

മുസ്‌ലിംകൾ കടന്നുപൊയ്ക്കൊണ്ടിരുന്ന അക്കാലം വേദനയുൾക്കൊള്ളുന്ന മുസ്‌ലിംകളെ അങ്ങേയറ്റം വ്യാകുലപ്പെടുത്തുന്നതായിരുന്നു. ലക്ഷക്കണക്കിന് മുസ്‌ലിംകൾ ക്രിസ്ത്യനികളായി കഴിഞ്ഞിരുന്നു. നബി(സ)തിരുമേനി പറഞ്ഞതനുസരിച്ച് ഈമാൻ കാർത്തികനക്ഷത്രത്തിൽ എത്തിക്കഴിഞ്ഞിരുന്ന അവസ്ഥയായിരുന്നു. പ്രാവർത്തികമായി മുസ്‌ലിംകളിൽ ദീനും ബാക്കിയായിരുന്നില്ല. ഇസ്‌ലാമിന്റെ തനിമയും ബാക്കിയുണ്ടായിരുന്നില്ല. ഏതെങ്കിലും മസീഹ് വരികയും ഇസ്‌ലാമിന്റെ മുങ്ങാൻപോകുന്ന വഞ്ചിയെ രക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ എന്ന പ്രതീക്ഷയിലായിരുന്നു ഇസ്‌ലാമിനെ സംബന്ധിച്ച് വേദനയുൾക്കൊള്ളുന്ന ആളുകൾ. അവരിൽ ഒരു പുണ്യാളനായിരുന്നു ഹദ്റത്ത് സൂഫി അഹ്മദ് ജാൻ സാഹിബ് ലുധിയാനവി. അദ്ദേഹത്തിന്റെ പ്രശസ്തി ദൂരദൂരവരെ എത്തിയിരുന്നു. അദ്ദേഹത്തിന് ധാരാളം മുരീദുമാരുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുണ്യാത്മത കാരണത്താൽ ഒരിക്കൽ ജമ്മുവിലെ മഹാരാജാവ് ജമ്മുവിൽച്ചെന്ന് തനിക്കുവേണ്ടി ദുആ ചെയ്യാൻ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. പക്ഷേ, അദ്ദേഹം അത് നിഷേധിച്ചു. അദ്ദേഹം പറഞ്ഞു: ദുആ ചെയ്യിക്കണമെന്നുണ്ടെങ്കിൽ എന്റെ അടുത്തുവന്ന് ചെയ്യിക്കുക. എന്തായാലും വലിയ വലിയ ആളുകൾ അദ്ദേഹത്തിന്റെ മുരീദുമാരായിട്ടുണ്ടായിരുന്നു. ഹദ്റത്ത് സൂഫി അഹ്മദ്ജാൻ സാഹിബിന് തുടക്കം മുതൽതന്നെ ഹദ്റത്ത് മസീഹ് മൗഊദു(അ)മായി വിശ്വാസപരമായ ബന്ധമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിക്കുന്നതിനു മുമ്പേ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞിരുന്നു. അദ്ദേഹം അക്കാലത്തേയും അക്കാലത്തെ അവസ്ഥകളേയും കണ്ടുകൊണ്ട് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു:

ഹം മരീളോംകി ഹേ തുംഹി പേ നിഗാഹ്
തും മസീഹാ ബനോ ഖുദാകേലിയേ.

(രോഗികളായ ഞങ്ങളുടെ ദൃഷ്ടി അങ്ങയിലാണ്. അങ്ങ് അല്ലാഹുവിനുവേണ്ടി മസീഹായാലും) എന്തായാലും ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിക്കുന്നതിനു മുമ്പേ അദ്ദേഹം വഫാത്തായിരുന്നു. പക്ഷേ, ആ മഹാത്മാവ് തന്നെയാണ് ഇക്കാലത്തെ ഇമാമും മസീഹ് മൗഊദും എന്ന ദൃഢമായ വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. അതുകൊണ്ട് 'എപ്പോൾ വാദിച്ചാലും' വിശ്വസിച്ചുകൊള്ളണമെന്ന് അദ്ദേഹം തന്റെ മക്കളേയും മുരീദുമാരേയും ഉപദേശിച്ചുകൊണ്ടിരുന്നു. (ഖുത്ബാത്തെ മഹ്മൂദ് വാല്യം 11 പേജ് 342-343 ജുമുഅ ഖുത്ബ 23-31928).

ഇസ്‌ലാമിന്റെ മുങ്ങിക്കൊണ്ടിരുന്ന വഞ്ചിയെ ഇക്കാലത്ത് ആർക്കെങ്കിലും രക്ഷിക്കാൻ കഴിയുമെങ്കിൽ അത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യ്ക്കുമാത്രമേ സാധിക്കുകയുള്ളുവെന്ന് ഉൾക്കാഴ്ചയുള്ളവർക്ക് അറിയാമായിരുന്നു. കാരണം അവിടന്ന് ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥം രചിച്ചുകൊണ്ട് ഇസ്‌ലാമിന്റെ ശത്രുക്കളുടെ വായ അടപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യങ്ങൾക്കു മറുപടി പറയാൻ ഇസ്‌ലാം വിരോധികൾക്ക് കഴിഞ്ഞിരുന്നില്ല. അവിടന്ന് വാദിക്കുന്ന കാലംവരെ വലിയ വലിയ ഉലമാ അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ചിരുന്നവരായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ കല്പനയാൽ അവിടന്ന് വാദിച്ചപ്പോൾ ഇതേ ഉലമാ തങ്ങളുടെ സ്വാർഥനേട്ടത്തിനുവേണ്ടി ആ മഹാത്മാവിനെ എതിർക്കാൻ തുടങ്ങി. ഇന്നേവരെ സ്വാർഥതല്പരരായ ഉലമായാണ് ആ മഹാത്മാവിനെ എതിർത്തുകൊണ്ടിരിക്കുന്നത്. പൊതുമുസ്‌ലിംകളുടെ മനസ്സുകളിലും ഹദ്റത്ത് മസീഹ് മൗഊദിനും അവിടത്തെ ജമാഅത്തിനുമിടയിൽ വിദ്വേഷം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിരവധി രചനകളിലും പ്രസംഗങ്ങളിലും മജ്‌ലിസുകളിലും തന്റെ വാദം സത്യമാണെന്നുള്ളതിന് തെളിവുകൾ നല്കി. കാലത്തിന്റെ ആവശ്യമനുസരിച്ച് മസീഹ് മൗഊദ് വന്നതിനേയും അല്ലാഹുവിന്റെ സഹായങ്ങൾ തനിക്ക് അനുകൂലമായി പുലർന്നുകൊണ്ടിരിക്കുന്നതിനേയും സംബന്ധിച്ച് പറഞ്ഞപ്പോൾ ശുദ്ധഹൃദയർക്ക് കാര്യം മനസ്സിലായി. വെറുപ്പ് വെച്ചുപുലർത്തിയിരുന്ന സ്വാർഥമതികൾക്ക് മനസ്സിലായതുമില്ല.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ അവിടന്ന് വിവരിച്ച ചില തെളിവുകൾ വിവരിക്കുന്നതാണ്. ഇസ്‌ലാമിൽ അനാചാരങ്ങൾ കടന്നു കഴിഞ്ഞുവെന്ന് വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "മതം അതിന്റെ യഥാർഥ അവസ്ഥയിൽ നിലനിന്നിരുന്നില്ല. ഉലമായും ശേയ്ഖുമാരും അവരവരുടെ നേട്ടങ്ങൾ നോക്കിനടന്നു. നിരവധി അനാചാരങ്ങൾ മുസ്‌ലിംകളിൽ കടന്നുകൂടിയിരുന്നു. കർമപരമായി മുസ്‌ലിംകൾ മതത്തിൽനിന്ന് അകന്നുപൊയ്ക്കഴിഞ്ഞിരുന്നു. അന്യമതങ്ങൾ പ്രത്യേകിച്ചും ക്രൈസ്തവ പാതിരിമാർ വളരെ ആ സൂത്രിത പദ്ധതികളോടുകൂടി ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തിക്കൊണ്ടിരുന്നു. അവിടന്ന് പറഞ്ഞു: "ഈ അവസ്ഥകളുടെ പ്രവചനവും അല്ലാഹുവും അവന്റെ റസൂലും ചെയ്തിരുന്നു. ഇസ്‌ലാമിന്റെ പുനരുദ്ധാനത്തിന് ഒരു വ്യക്തിയെ അയക്കുന്നതാണെന്നും അല്ലാഹുവും അവന്റെ റസൂലും പ്രവചനം ചെയ്തിട്ടുണ്ടായിരുന്നു." ഇക്കാര്യം വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"ആര് വേണമെങ്കിലും നമ്മുടെ വാദത്തെ ഉപേക്ഷിക്കുകയും മാറിനിൽക്കുകയും ചെയ്തുകൊള്ളട്ടെ. എന്നാൽ, എന്നെ നിഷേധിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇസ്‌ലാമിനെ കൈവിടേണ്ടിവരുമോ എന്ന കാര്യം ചിന്തിച്ച് മറുപടി തരിക."(എന്നെ കള്ളവാദി എന്നു പറഞ്ഞാൽ നി

ങ്ങൾ ഇസ്‌ലാമിൽനിന്ന് അകലുകയായിരിക്കും ചെയ്യുന്നത്). പറഞ്ഞു: “ഞാൻ സത്യമായും പറയുന്നു, ‘വിശുദ്ധഖുർആനിന്റെ വാഗ്ദാനങ്ങളനുസരിച്ച് അല്ലാഹു തന്റെ ദീനിനെ സംരക്ഷിച്ചിരിക്കുന്നു. നബി(സ)തിരുമേനിയുടെ പ്രവചനം പുലർന്നു. എന്തുകൊണ്ടെന്നാൽ കൃത്യസമയത്ത് അല്ലാഹുവിന്റെ വാഗ്ദാനവും നബി(സ)തിരുമേനിയുടെ സുവിശേഷവും അനുസരിച്ച് അല്ലാഹു ഈ ജമാഅത്ത് സ്ഥാപിച്ചിരിക്കുന്നു. സ്വദഖല്ലാഹു വ റസൂലുഹു അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സത്യത സ്ഥാപിതമാവുകയും ചെയ്തു. അല്ലാഹുവും അവന്റെ റസൂലും പറഞ്ഞ കാര്യങ്ങൾ സത്യമാണ്. അക്രമികളായിട്ടുള്ളവരാണ് അവയെ നിഷേധിക്കുന്നത്.”(മൽഫൂദാത്ത് വാള്യം 4 പേജ് 6–7 1985 ലണ്ടൻ പതിപ്പ്)

1903ൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: “എന്റെ വാദത്തിന് 22 വർഷം കഴിഞ്ഞു. അല്ലാഹുവിന്റെ സഹായങ്ങൾ എന്നോടൊപ്പമുണ്ട്. ഞാൻ കള്ളവാദിയാണെങ്കിൽ പിന്നെങ്ങനെയാണ് എന്നോടൊപ്പം അല്ലാഹുവിന്റെ സഹായങ്ങൾ ഉണ്ടാകുന്നത്?”(മൽഫൂദാത്ത് വാള്യം 4 പേജ് 7 1985 ലണ്ടൻ പതിപ്പ്)

മറ്റൊരു കാര്യം അവിടന്ന് പറഞ്ഞു: “ഇക്കാലത്ത് മസീഹ് വരേണ്ട ആവശ്യമുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നു. അങ്ങനെ ആവശ്യമുണ്ടെങ്കിൽ അത് ഞാനല്ലെങ്കിൽ മറ്റാരെയെങ്കിലും സമർപിക്കുക. എന്തായാലും ഏതെങ്കിലും പരിഷ്കർത്താവ് മുസ്‌ലിംകളുടെ പരിഷ്കരണത്തിന് വരേണ്ടതാണ്. കാരണം ഇക്കാലത്ത് കുഴപ്പങ്ങൾ അതിന്റെ പാരമ്യതയിലെത്തിയിരിക്കുകയാണ്. മുസ്‌ലിംകളിലും കുഴപ്പം അതിന്റെ ഉച്ചിയിലെത്തിയിരിക്കുന്നു. അതിനാൽ, എന്നെ കള്ളവാദിയാണെന്ന് പറയണമെങ്കിൽ അതിന് രണ്ടേരണ്ട് കാര്യമേയുള്ളൂ. ഒന്നുകിൽ മറ്റേതെങ്കിലും പരിഷ്ക്കർത്താവിനെ സമർപിക്കുക. കാരണം പരിഷ്ക്കർത്താവ് വരണമെന്ന് കാലം വിളിച്ചോതുന്നു. അല്ലെങ്കിൽ അല്ലാഹുവിന്റെ വാഗ്ദാനങ്ങളെ നിഷേധിക്കുക! എല്ലാ വാഗ്ദാനങ്ങളും കളവാണെന്ന് പറയുക! ഇത്തരം താറുമാറായ കാലഘട്ടത്തിൽ ഒരു പരിഷ്ക്കർത്താവിനെ അയക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നതെല്ലാം തെറ്റായിരുന്നുവെന്ന് പറയുക.”

അവിടന്ന് പറഞ്ഞു: ‘ദീനിന്റെ സംരക്ഷണത്തിന്റെ ആവശ്യമെന്തായാലുമുണ്ട്.’

പറഞ്ഞു: “എന്നാൽ, സംരക്ഷണത്തിന്റെ ആവശ്യമൊന്നുമില്ലെന്ന് പറയുന്ന ചിലയാളുകളുമുണ്ട്. അവർ വലിയ അബദ്ധമാണ് ചെയ്യുന്നത്.(അവിടന്ന് ഉദാഹരണങ്ങൾ നല്കുകയാണ്). നോക്കൂ, ഒരാൾ ഒരു തോട്ടമുണ്ടാക്കുന്നു. അല്ലെങ്കിൽ ഒരു കെട്ടിടമുണ്ടാക്കുന്നു. അപ്പോൾ അതിനുവേണ്ടുന്ന സംരക്ഷണവും ശത്രുക്കളുടെ കൈകളിൽനിന്ന് അതിനെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള എല്ലാ ശ്രമവും ചെയ്യേണ്ടത് അയാളുടെ കടമയല്ലേ. തോട്ടങ്ങൾക്ക് ചുറ്റും ഏതെല്ലാം തരത്തിലുള്ള മുറ്റങ്ങളാണ് സംരക്ഷണത്തിന് ഉണ്ടാക്കപ്പെടുന്നത്. വീടുകളെ അഗ്നിബാധയിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി പുതിയ പുതിയ പദ്ധതികൾ തയ്യാറാക്കുന്നു. ഇടിമിന്നലിൽ നിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി കമ്പികൾ കെട്ടുന്നു. മനുഷ്യരിൽ സംരക്ഷണത്തിനുള്ള സ്വാഭാവികമായ സംരക്ഷണപ്രകൃതിയെയാണ് ഇക്കാര്യങ്ങൾ വെളിവാക്കുന്നത്. അപ്പോൾ അല്ലാഹുവിന് തന്റെ ദീനിന്റെ സംരക്ഷണത്തിനുവേണ്ടുന്ന ഏർപാടുകൾ ചെയ്യേണ്ടത് അനുവദനീയമല്ലെന്നാണോ? സംരക്ഷിക്കുന്നുവെന്നതിൽ സംശയമില്ല. അവൻ നാശത്തിന്റെ എല്ലാ സമയത്തും അവന്റെ ദീനിനെ സംരക്ഷിച്ചിട്ടുണ്ട്. ആവശ്യമുണ്ടായ ഇപ്പോഴും.” അവിടന്ന് പറയുന്നു: “ഇതിനായിട്ടാണ് അവൻ എന്നെ അയച്ചിട്ടുള്ളത്. അതേ! അവസ്ഥകളും ആവശ്യങ്ങളും അതിനെ പിന്തുണയ്ക്കുന്നില്ലെങ്കിൽ സംരക്ഷണത്തിന്റെ ഇക്കാര്യം സംശയാസ്പദമാകാം. അല്ലെങ്കിൽ അതിന് നിഷേധവുമുണ്ടാകാം.” (അവസ്ഥകൾ മറ്റൊന്നായിരുന്നെങ്കിൽ, ആവശ്യങ്ങൾ അതിനെ പിന്തുണയ്ക്കുന്നുണ്ടായിരുന്നില്ലെങ്കിൽ ഞാൻ തെറ്റായ സമയത്താണ് വന്നതെന്ന് നിങ്ങൾക്ക് പറയാമായിരുന്നു). പറയുന്നു: “എന്നാൽ, ഇസ്‌ലാമിന്നെതിരിൽ കോടിക്കണക്കിന് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഇതിൽ വിജ്ഞാപനങ്ങളും ഈരണ്ട് പേജുകളുള്ള നോട്ടീസുകളും പെടുന്നില്ല. അത് ദിവസന്തോറും ആഴ്ചകൾതോറും മാസങ്ങൾതോറും പാതിരിമാരിൽനിന്ന് പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇസ്‌ലാം ഉപേക്ഷിച്ചുപോയി ക്രിസ്ത്യാനികളായ നമ്മുടെ രാജ്യത്തെ ആളുകൾ നിഷ്കളങ്കരായവരുടെ നേതാവായ നബി(സ)തിരുമേനിയേയും അവിടത്തെ പരിശുദ്ധ സഹധർമിണിമാരേയും വിളിച്ച ചീത്തകളൊക്കെ ഒരുമിച്ചുകൂട്ടുകയാണെങ്കിൽ വലിയ കെട്ടിടങ്ങൾ ആ ഗ്രന്ഥങ്ങൾകൊണ്ട് നിറയുമായിരുന്നു. അവയെ പരസ്പരം കൂട്ടിച്ചേർത്ത് വെക്കുകയാണെങ്കിൽ മൈലുകളോമെത്തുന്നതാണ്.” (ഇമാദുദ്ദീൻ ഒരു മുസൽമാനായിരുന്നു. പിന്നീട് ക്രിസ്ത്യാനിയായി. അവരുടെ പാതിരിയുമായി). ഇമാദുദ്ദീന്റെ ഗ്രന്ഥങ്ങൾ അപകടകരമാണെന്ന് ചില നീതിമാന്മാരായ ക്രിസ്ത്യാനികളും അംഗീകരിക്കുന്നുണ്ട്.”(അയാളുടെ ഗ്രന്ഥങ്ങൾ ഭയാജനകമാണെന്ന് ക്രിസ്ത്യാനികളും പറയുന്നു). (അക്കാലഘട്ടത്തിൽ) ലഖ്നൗവിൽനിന്ന് ‘ശംസുൽ അക്ബാർ’ എന്നൊരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഇയാളുടെ ചില ഗ്രന്ഥങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങളിൽ “ഇന്ത്യയിൽ എപ്പോഴെങ്കിലും കലാപം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അത് ഈ ഗ്രന്ഥങ്ങൾ മൂലമായരിക്കുമെന്നും എഴുതിയിരുന്നു.” (ഇത് പാതിരിയാണ് എഴുതുന്നത്). പറയുന്നു: “അത്തരം അവസ്ഥയിലും ചോദിക്കുന്നത് ഇസ്‌ലാമിന് അതുകൊണ്ട് എന്ത് സംഭവിച്ചു? എന്നാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ പറയുന്നവർക്ക് ഒന്നുകിൽ ഇസ്‌ലാമിനോടു എന്തെങ്കിലും ബന്ധമോ വേദനയോ ഇല്ല. അല്ലെങ്കിൽ അവർ ഇരുട്ട് മുറികളിൽ വളർന്നുവന്നരാണ്. അവർക്ക് പുറംലോകത്തെകുറിച്ച് ഒരു വിവരവുമില്ല. അത്തരക്കാർ ഉണ്ടെങ്കിൽ അവരെ ഒട്ടും വകവെക്കുന്നില്ല. എന്നാൽ, മനസ്സിന്റെ പ്രകാശം ഉൾക്കൊള്ളുന്നവർ, ഇസ്‌ലാമുമായി സ്നേഹവും ബന്ധവുമുള്ളവർ കാലത്തിന്റെ അവസ്ഥകൾ പരിചയമുള്ളവരാണ്. ഈ കാലം മഹാനായ പരിഷ്ക്കർത്താവിന്റേതാണെന്ന് അവർക്ക് അംഗീകരിക്കേണ്ടിവരുന്നു.”(മൽഫൂദാത്ത് വാള്യം 4 പേജ് 7–8 1985 ലണ്ടൻ പതിപ്പ്)

പിന്നീട് പരിഷ്കർത്താവ് വരുന്നതിനുള്ള തെളിവുകളെ പ്രതിപാദിച്ചുകൊണ്ട് ഒരു വലിയ തെളിവ് ഇങ്ങനെ വിവരിക്കുന്നു. വിവിധ കാര്യങ്ങളാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. അവിടന്ന് പറഞ്ഞു: “ഏറ്റവും ശക്തമായ മറ്റൊരു തെളിവ് ഞാൻ സമർപിക്കുകയാണ്. അത് നൂർ എന്ന അധ്യായത്തിലെ ഖിലാഫത്തിന്റെ വാഗ്ദാനം പറഞ്ഞിട്ടുള്ള വചനമാണ്. അതിൽ അല്ലാഹു വാഗ്ദാനം ചെയ്യുന്നു, *വഅദല്ലാഹുല്ലദീന ആമനൂ മിൻകും വ അമിലുസ്സ്വാലിഹാത്തി ല യസ്ത്തഖ്‌ലിഫന്നഹും ഫിൽഅർളി കമസ്ത്തഖ്‌ലഫല്ലദീന മിൻ ഖബ്‌ലിഹിം*(24:56). പറഞ്ഞു: “ഈ ആയത്തിൽ ഖിലാഫത്ത് നല്കുമെന്നുള്ള വാഗ്ദാനമനുസരിച്ച് ഏതൊരു ഖലീഫമാരാണോ നബി(സ) തിരുമേനിയുടെ പരമ്പരയിൽ വരുന്നത് അവർ മുമ്പേ വന്നിട്ടുള്ള ഖലീഫമാരെപോലെ ആയിരിക്കും. ഇതേപോലെ വിശുദ്ധഖുർആനിൽ നബി(സ)തിരുമേനി, മൂസാനബിയുടെ സദൃശനാണെന്നും പറയപ്പെട്ടിരിക്കുന്നു. പറഞ്ഞു: “*ഇന്നാ അർസൽനാ ഇലയ്ക്കും റസൂലൻ ശാഹിദൻ അലയ്ക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ*(73:16) (പറയുന്നു:) ബൈബിൾ പഴയനിയമത്തിലുള്ള ആവർത്തന പുസ്തകത്തിലെ പ്രവചനമനുസരിച്ചും അവിടന്ന്(സ) മൂസായുടെ സദൃശനാണ്. അതുകൊണ്ട് ഈ സാദൃശത്തിൽ കമാ എന്ന പദം പറയപ്പെട്ടിട്ടുള്ളതുപോലെതന്നെ നൂർ എന്ന അധ്യായത്തിലും കമാ എന്ന പദമുണ്ട്. ഇതിൽനിന്ന് മൂസാനബിയുടെ പരമ്പരയിലും മുഹമ്മദ് നബിയുടെ പരമ്പരയിലും സമ്പൂർണമായ തുല്യതയും സാദൃശ്യവും ഉണ്ടെന്നാണ് വ്യക്തമായും മനസ്സിലാകുന്നത്. മൂസവി പരമ്പരയിലെ ഖലീഫമാരുടെ ശൃംഖല  ഹദ്‌റത്ത് ഈസാ(അ)യിൽ വന്ന് അവസാനിച്ചു. അദ്ദേഹം ഹദ്‌റത്ത് മൂസാനബിയുടെ 14 നൂറ്റാണ്ടിനുശേഷമാണ് വന്നത്. ഈ സാദൃശത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞപക്ഷം മസീഹ് നാസിരിയുടെ അതേശക്തിയും വർണവുമുള്ള ഒരു ഖലീഫ, അദ്ദേഹത്തിന്റെ സത്തിലും കാൽപാടിലും നടക്കുന്ന ഖലീഫ 14–ാം നൂറ്റാണ്ടിൽ ഉണ്ടാകേണ്ടത് അനിവാര്യമായിരുന്നു. അതുകൊണ്ട് അല്ലാഹു ഇക്കാര്യത്തി നുള്ള മറ്റു തെളിവുകളും  പിന്തുണകളും അവതരിപ്പിക്കുന്നില്ലെങ്കിൽത്തന്നെയും ഈ പരമ്പരയുടെ സാദൃശ്യം സ്വാഭാവികമായും ആഗ്രഹിക്കുന്നത് 14–ാം നൂറ്റാണ്ടിൽ ഈസാനബിയുടെ സദൃശൻ നബി(സ) തിരുമേനിയുടെ ഉമ്മത്തിൽ വരണമെന്നാണ്. ഇല്ലെങ്കിൽ നബി(സ)തിരുമേനിയുടെ സാദൃശ്യത്തിൽ മആദല്ലാഹ് ഒരു ന്യൂനതയും ബലക്ഷയവും സ്ഥാപിതമാകും. പക്ഷേ, അല്ലാഹു ഈ സാദൃശ്യത്തിന് തെളിവ് നല്കിയെന്നു മാത്രമല്ല പിന്തുണയും നല്കി. എന്നല്ല, മൂസാനബിയുടെ സദൃശൻ മൂസാനബിയേക്കാളും മറ്റെല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാണ്. അതായത് നബി(സ)തിരുമേനി ഹദ്‌റത്ത് മൂസായെക്കാളും എല്ലാ പ്രവാചകന്മാരേക്കാളും ശ്രേഷ്ഠനാണ്.” പറയുന്നു: “ഹദ്‌റത്ത് ഈസാ(അ) തന്റേതായ ഒരു ശരീഅത്തും കൊണ്ടുവന്നില്ല. മറിച്ച്, തൗറാത്തിനെ നിവർത്തിപ്പാനായിട്ടാണ് വന്നത്. ഇപ്രകാരംതന്നെ മുഹമ്മദീപരമ്പരയിലെ മസീഹും തന്റേതായ ഒരു ഗ്രന്ഥവും കൊണ്ടുവന്നില്ല. മറിച്ച്, വിശുദ്ധഖുർആനിന്റെ നവോഥാനത്തിനാണ് വന്നത്. സന്മാർഗപ്രചാരണത്തിന്റെ സമ്പൂർത്തീകരണത്തിനാണ് വന്നത്.”

സന്മാർഗപ്രചാരണത്തിന്റെ സമ്പൂർത്തീകരണത്തെ വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറയുന്നു: “സന്മാർഗപ്രചാരണത്തിന്റെ സമ്പൂർത്തീകരണത്തെ സംബന്ധിച്ച് ഓർക്കേണ്ടത് നബി(സ)തിരുമേനിയുടെമേൽ എല്ലാ അനുഗ്രഹങ്ങളും പൂർത്തിയാകുകയും ദീൻ സമ്പൂർത്തീകരിക്കപ്പെടുകയും ചെ

---

“ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക.”
(ഖുത്ബ ജുമുഅ, 2017 മെയ് 5)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

---

“ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്.”
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)

യ്തു എന്നാണ്." (അതായത് ദീൻ അതിന്റെ പരിപൂർണതയിലെത്തി). "അപ്പോൾ അതിന് രണ്ട് കാര്യങ്ങളുണ്ട്. ഒന്ന് സന്മാർഗസമ്പൂർത്തീകരണം. രണ്ട് സന്മാർഗപ്രചാരണത്തിന്റെ പൂർത്തീകരണം." (അതായത് സമ്പൂർണസന്മാർഗം ലഭിച്ചു. സന്മാർഗം അതിന്റെ പരിപൂർണദിശയിലെത്തി. രണ്ടാമത്തേതായ അതിന്റെ പ്രചാരണവും സമ്പൂർണദിശ പ്രാപിച്ചു). പറഞ്ഞു: "സന്മാർഗസമ്പൂർത്തീകരണം മൊത്തത്തിൽനോക്കുമ്പോൾ അവിടത്തെ ഒന്നാമത്തെ വരവോടുകൂടി ഉണ്ടായി. സന്മാർഗപ്രചാരണത്തിന്റെ സമ്പൂർത്തീകരണം അവിടത്തെ രണ്ടാമത്തെ വരവോടുകൂടി ഉണ്ടായി." (നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ശരീഅത്ത് ഇറങ്ങുകയും സന്മാർഗം സമ്പൂർണമാകുകയും ചെയ്തു. അവിടത്തെ പുനരാഗമനവുമുണ്ടാകണമായിരുന്നു. അത് മസീഹ് മൗഊദ് അഥവാ നബി(സ)തിരുമേനിയുടെ സേവകനാണ്. അദ്ദേഹത്തിന്റെ കാലത്താണ് അതിന്റെ പ്രചാരണമുണ്ടാകേണ്ടിയിരുന്നത്). പറഞ്ഞു: "ജുമുഅ എന്ന അധ്യായത്തിൽ ആഖരീന മിൻഹും എന്ന ആയത്ത് അവിടത്തെ അനുഗ്രഹവും അധ്യാപനവുംകൊണ്ട് മറ്റൊരു ജനതയെ തയ്യാറാക്കുന്നതിനുള്ള മാർഗദർശനം നല്കുന്നു. ഇതിൽനിന്ന് വ്യക്തമായും മനസ്സിലാകുന്നത് നബി(സ)തിരുമേനിയുടെ മറ്റൊരു നിയോഗം ഉണ്ടെന്നാണ്. ഈ നിയോഗം ഛായാപരമായ നിലയിലായിരിക്കും. അതാണിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്."

മൂസവി മസീഹും മുഹമ്മദി മസീഹും തമ്മിലുള്ള മറ്റൊരു സാദൃശ്യം വിവരിച്ചുകൊണ്ട് പറയുന്നു: "താൻ തൗറാത്തിനെ നിവർത്തിപ്പാൻ വന്നിരിക്കുന്നു എന്ന് മസീഹ് പറഞ്ഞതുപോലെ എന്റെ ഒരു ജോലി സന്മാർഗപ്രചാരണ സമ്പൂർത്തീകരണമാണെന്നും ഞാൻ പറയുന്നു." പറഞ്ഞു: "ഇതിനു പുറമെ ഹദ്റത്ത് ഈസാ(അ)ന്റെ കാലഘട്ടത്തിൽ വിപത്തുകളുണ്ടായിരുന്നതുപോലെ അതേ തരത്തിലുള്ള വിപത്തുകൾ ഇവിടെയുമുണ്ട്. ആഭ്യന്തരമായനിലയിൽ യഹൂദികളുടെ അവസ്ഥ വളരെ മോശമായിത്തീർന്നിരുന്നു. ചരിത്രത്തിൽനിന്ന് ഇക്കാര്യത്തിന് തെളിവുകൾ ലഭിക്കുന്നുണ്ട്. തൗറാത്തിന്റെ കല്പനകൾ അവർ ഉപേക്ഷിച്ചിരുന്നു. അതിനുപകരം ത്വാൽമൂദിന്റെയും പുണ്യാത്മാക്കളുടെയും നിവേദനങ്ങളിലാണ് കൂടുതൽ ശക്തിചെലുത്തിയിരുന്നത്. ഇപ്പോൾ മുസ്ലിംകളിലും അതേ അവസ്ഥയുണ്ടായിരിക്കുന്നു. അവർ ദൈവഗ്രന്ഥത്തെ ഉപേക്ഷിച്ചു. അതിനു പകരം നിവേദനങ്ങളിലും കഥകളിലും ശക്തി ചെലുത്താൻ തുടങ്ങി."

പിന്നീട് അവിടന്ന് പറയുന്നു: "ഇതിനെല്ലാം പുറമെ (ഈ)സാദൃശ്യങ്ങൾ പൂർത്തിയാക്കുന്ന മറ്റൊരു രഹസ്യവുമുണ്ട്." (മറ്റൊരു രഹസ്യമുണ്ട്, അത് ഈ തുല്യതയെ, സാദൃശ്യകതയെ പൂർത്തിയാക്കുന്നതാണ്). "അതെന്താണെന്നുവെച്ചാൽ ഹദ്റത്ത് മസീഹ് ധാർമികപരമായ അധ്യാപനങ്ങളിലാണ് ശക്തിചെലുത്തിയിരുന്നത്. മൂസവീ ജിഹാദുകളെ പരിഷ്കരിക്കാൻവേണ്ടിയാണ് വന്നിരുന്നത്. അദ്ദേഹം വാളൊന്നുമെടുത്തിരുന്നില്ല. ഇസ്ലാമിന്റെ സവിശേഷഗുണങ്ങളെ അധ്യാപനത്തിന്റെ കർമപരമായ നന്മകൾകൊണ്ട് സ്ഥാപിക്കുകയും വാൾ മുഖേനയാണ് ഇസ്ലാമിനെ പ്രചരിപ്പിച്ചതെന്ന അതിന്റെമേലുള്ള ആക്ഷേപത്തെ അതേ രീതിയിൽ അകറ്റുകയും ചെയ്യുക എന്നതാണ് മസീഹ് മൗഊദിനും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഈ ആക്ഷേപം മസീഹ് മൗഊദിന്റെ കാലത്ത് തികച്ചും എടുത്തുമാറ്റപ്പെടുന്നതാണ്." (അതായത് വാഗ്ദത്തമസീഹ് അതിന്നെതിരിൽ സംസാരിക്കുന്നതാണ്. എന്നല്ല ഇസ്ലാം സ്നേഹത്തിന്റേയും പ്രീതിയുടേയും അധ്യാപനം നല്കുന്നുവെന്നും അതിലൂടെയാണ് ഇസ്ലാം പ്രചരിച്ചതെന്നും പറയുന്നതാണ്. ഇക്കാരണത്താൽ മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ ഈ ആക്ഷേപം ഇല്ലാതാകുന്നതാണ്). പറഞ്ഞു: "കാരണം അദ്ദേഹം ഇസ്ലാമിന്റെ ജീവസ്സുറ്റ അനുഗ്രഹങ്ങളും കൃപകളുംകൊണ്ട് അതിന്റെ സത്യതയെ ലോകത്ത് പ്രകടിപ്പിക്കുന്നതാണ്. ഇതിൽനിന്ന് ഇന്ന് ഈ പുരോഗതിയുടെ കാലഘട്ടത്തിലും ഇസ്ലാം കേവലം അതിന്റെ പരിശുദ്ധ അധ്യാപനത്തിന്റേയും അതിന്റെ അനുഗ്രഹങ്ങളുടേയും അതിന്റെ ഫലങ്ങളുടേയും അടിസ്ഥാനത്തിൽ സ്വാധീനം ചെലുത്തുകയും ഫലപ്രദമാകുകയും ചെയ്യുന്നതുപോലെ എല്ലാ കാലത്തും ഫലപ്രദവും സ്വാധീനം ചെലുത്തുന്നതുമായി കാണപ്പെട്ടിരുന്നുവെന്ന് സ്ഥാപിതമാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ഇത് ജീവസ്സുറ്റ മതമാണ്. ഇക്കാരണത്താലാണ് നബി(സ)തിരുമേനി വരാൻപോകുന്ന മസീഹിനെ സംബന്ധിച്ച് പ്രവചനം ചെയ്തപ്പോൾ അതിനോടൊപ്പംതന്നെ യളഉൽഹർബ് എന്ന് പറഞ്ഞത്; അതായത് അദ്ദേഹം യുദ്ധം ഇല്ലാതാക്കുന്നതാണ്. (അവസാനിപ്പിക്കുന്നതാണ്). ഈ എല്ലാ തെളിവുകളും ചേർത്തു വായിക്കുകയും എന്നിട്ട് പറയുകയും ചെയ്യുക, ഇപ്പോൾ ആകാശത്തുനിന്ന് ഏതെങ്കിലും ഒരു പുരുഷൻ ഇറങ്ങേണ്ട ആവശ്യമില്ലേ? ഓരോ നൂറ്റാണ്ടിലും പരിഷ്കർത്താവ് വരേണ്ടത് നിർബന്ധമാണെന്ന് സമ്മതിക്കപ്പെട്ടിരിക്കുമ്പോൾ ഈ നൂറ്റാണ്ടിലും മുജദ്ദിദ് തീർച്ചയായും ഉണ്ടാകുന്നതായിരിക്കും. നബി(സ) തിരുമേനിയ്ക്ക് മൂസായുമായിട്ടുള്ള സാദൃശത്തിന്റെ അടിസ്ഥാനത്തിൽ ഈ നൂറ്റാണ്ടിലെ മുജദ്ദിദ് മസീഹായിരിക്കേണ്ടത് നിർബന്ധമാണ്. കാരണം മസീഹ് മൂസായ്ക്കുശേഷം 14-ാം നൂറ്റാണ്ടിലാണ് വന്നത്. ഇതും 14-ാം നൂറ്റാണ്ടാണ്.(മൽഫൂദാത്ത്, വാള്യം 4, പേജ് 9-12 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്നെ നിഷേധിക്കുകയും എന്നെ കളവാക്കുകയും ചെയ്യുന്നുവെങ്കിൽ നിങ്ങൾ യഥാർഥത്തിൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയുമാണ് നിഷേധിക്കുന്നത്. അവിടന്ന് പറയുന്നു: 'എന്നെ നിഷേധിക്കുന്നത് എന്നെയല്ല മറിച്ച്, അല്ലാഹുവിനേയും അവന്റെ റസൂലിനെയുമാണ് നിഷേധിക്കുന്നത്. കാരണം ആരാണോ എന്നെ കളവാക്കുന്നത് അവൻ എന്നെ കളവാക്കുന്നതുകൊണ്ട് മആദല്ലാഹ്! അല്ലാഹുവിനെയാണ് കളവാക്കുന്നത്. കാരണം ആന്തരികവും ബാഹ്യവുമായ കുഴപ്പങ്ങൾ അതിരുകടന്നിട്ടുള്ളതായി അവൻ കാണുന്നു. അല്ലാഹുവാണെങ്കിൽ *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ* എന്ന വാഗ്ദാനം ചെയ്തിട്ടും അതിന്റെ സംരക്ഷണത്തിന് ഒരു ഏർപാടും ചെയ്തതുമില്ല. ഇസ്തിഖ്ലാഫിന്റെ വചനത്തിൽ മൂസവി പരമ്പരപോലെ ഈ മുഹമ്മദീ പരമ്പരയിലും അല്ലാഹു ഖലീഫമാരുടെ പരമ്പര സ്ഥാപിക്കുമെന്ന കാര്യത്തിൽ ബാഹ്യമായി വിശ്വസിക്കുമ്പോഴാണ് അവർ ഇങ്ങനെ നി ഷേധിക്കുന്നത്. എന്നാൽ, അവൻ മആദല്ലാഹ് ഈ വാഗ്ദാനങ്ങൾ പൂർത്തിയാക്കിയില്ല. ഇക്കാലത്ത് ഒരു ഖലീഫയും ഈ ഉമ്മത്തിൽ ഇല്ല. ഇവിടെ വരെ മാത്രമല്ല മറിച്ച്, വിശുദ്ധഖുർആൻ നബി(സ)തിരുമേനിയെ മഥീലെ മൂസാ(മൂസായുടെ സദൃശനായി)യായി പറഞ്ഞതും നിഷേധിക്കേണ്ടതായി വരും. ഇതും ശരിയല്ല. മആദല്ലാഹ് കാരണം ഈ പരമ്പരയുടെ അവസാനത്തെ സാദൃശ്യവും ഒത്തുവരുന്നതിന് ഈ പതിനാലാം നൂറ്റാണ്ടിൽ ഈ ഉമ്മത്തിൽനിന്ന് ഒരു മസീഹ് ജനിക്കണമെന്നാണ്; മൂസവി പരമ്പരയിൽ 14-ാംനൂറ്റാണ്ടിൽ ഒരു മസീഹ് വന്നതുപോലെ. ഇപ്രകാരംതന്നെ വിശുദ്ധഖുർആനിലെ *ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം* (62:4) എന്ന ആയത്തിനേയും കളവാക്കേണ്ടിവരും. ഈ വചനത്തിൽ വരാൻപോകുന്ന അഹ്മദി പ്രതിഛായയുടെ വാർത്തയാണ് നല്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരമുള്ള ധാരാളം ഖുർആൻ വചനങ്ങളെ കളവാക്കേണ്ടത് നിർബന്ധമായി വരും.'........പറഞ്ഞു: "ചിന്തിക്കുക! എന്നെ നിഷേധിക്കൽ എളുപ്പമുള്ള കാര്യമാണോ? ഇത് ഞാൻ സ്വയം പറയുന്നതല്ല. അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു: സത്യമെന്താണെന്നാൽ ആരാണോ എന്നെ കൈവിടുകയും കളവാക്കുകയും ചെയ്യുന്നത് അവൻ നാവുകൊണ്ട് അത് ചെയ്യുന്നില്ലെങ്കിൽത്തന്നെയും തന്റെ കർമംകൊണ്ട് വിശുദ്ധഖുർആനെ കളവാക്കുകയും അല്ലാഹുവിനെ ഉപേക്ഷിക്കുകയുമാണ് ചെയ്യുന്നത്...."

വീണ്ടും അവിടന്ന് പറയുന്നു: "എന്നെ നിഷേധിക്കൽ യഥാർഥത്തിൽ എന്നെ അല്ല, നബി(സ) തിരുമേനിയെ നിഷേധിക്കലാണ്. എന്നെ കളവാക്കുന്നതിനും നിഷേധിക്കുന്നതിനും തന്റേടം കാണിക്കുന്നതിനുമുമ്പേ മനസ്സിൽ അല്പം ചിന്തിക്കുകയും ആരെയാണ് നിഷേധിക്കുന്നതെന്ന് അതിനോട് ഫത്വ ചോദിക്കുകയും ചെയ്യുക."

അദ്ദേഹത്തെ നിഷേധിക്കുന്നതുകൊണ്ട് എങ്ങനെയാണ് നബി(സ) തിരുമേനി നിഷേധിക്കുന്നവനായി മാറുക? എന്ന കാര്യത്തെ കൂടുതൽ വ്യക്തമാക്കിക്കൊണ്ട് അവിടന്ന് പറയുന്നു: "ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ മുജദ്ദിദ് വരുമെന്ന് നബി(സ)തിരുമേനി വാഗ്ദാനം ചെയ്തിരുന്നു. അത് മആദല്ലാഹ് 'കളവായി' പുറത്തുവന്നു! പിന്നീട് നബി(സ)തിരുമേനി ഇമാമുക്കുംമിൻകും എന്ന് പറഞ്ഞിരുന്നു. അതും തെറ്റായി പുലർന്നു! ക്രിസ്ത്യാനികളുടെ ഫിത്നയുടെ നേരത്ത് ഒരു മസീഹും മഹ്ദിയും വരുമെന്നുള്ള സുവാർത്തയും നബിതങ്ങൾ നല്കിയിരുന്നു. മആദല്ലാഹ് അതും തെറ്റായി പുലർന്നു! കാരണം ഫിത്ന നിലവിൽ വന്നുകഴിഞ്ഞു. എന്നാൽ, ആ വരേണ്ടുന്ന ഇമാം വന്നതുമില്ല. ഈ കാര്യങ്ങൾ ഒരാൾ സമ്മതിക്കുമ്പോൾ പ്രാവർത്തികമായ നിലയിൽ അയാൾ നബി(സ)തിരുമേനിയെ കള്ളനാക്കുകയല്ലേ ചെയ്യുന്നത്? അതിനാൽ ഞാൻ തുറന്നു പറയുകയാണ്. എന്നെ നിഷേധിക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നെ കാഫിർ എന്നു പറയുന്നതിനുമുമ്പേ സ്വയം കാഫിർ എന്ന് സമ്മതിക്കേണ്ടിവരും. എന്നെ നിർമതക്കാരനും വഴിപിഴച്ചവനുമാണെന്ന് പറയുന്നതിനുമുമ്പേ സ്വന്തം വഴികേടും ദോഷവും സമ്മതിക്കേണ്ടതായി വരും. ഞാൻ ഖുർആനും ഹദീഥും ഉപേക്ഷിക്കുന്നവനാണെന്ന് പറയുന്നതിനു മുമ്പേ സ്വയം ഖുർആനും ഹദീഥും ഉപേക്ഷിക്കുന്നവരാണെന്ന് സമ്മതിക്കേണ്ടിവരും. വീണ്ടും അവർ തന്നെയായിരിക്കും ഉപേക്ഷിക്കുന്നത്. ഞാൻ ഖുർആനേയും ഹദീഥിനേയും സാക്ഷ്യപ്പെടുത്തുന്നവനും തെളിവായിട്ടുള്ളവനുമാകുന്നു. ഞാൻ വഴിപിഴച്ചവനല്ല. മറിച്ച്

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

മഹ്ദിയാകുന്നു. ഞാൻ കാഫിറല്ല. ഞാൻ അവ്വലുൽ മുസ്‌ലിമീന്റെ ശരിയായ തെളിവാകുന്നു. എന്തൊന്ന് ഞാൻ പറയുന്നുവോ അത് സത്യമാണെന്ന് അല്ലാഹു എന്നിൽ പ്രകടിപ്പിച്ചിരിക്കുന്നു. അല്ലാഹുവിനെ ദൃഢമായും വിശ്വസിക്കുകയും വിശുദ്ധഖുർആനും നബി(സ) തിരുമേനിയും സത്യമാണെന്ന് വിശ്വസിക്കുകയും ചെയ്യുന്നവന് ഈ തെളിവ് മതിയായതാണ്. അതായത് എന്റെ വായിൽനിന്ന് വരുന്നതുകേട്ട് നിശബ്ദരാകുക. പക്ഷേ, തന്റേടിക്കും കടിഞ്ഞാണില്ലാതെ ഓടുന്നവനും എന്ത് ചികിത്സയാണുള്ളത്? അല്ലാഹു സ്വയം അവന് മനസ്സിലാക്കിക്കൊടുക്കും."(മൽഫൂദാത്ത് വാല്യം 4 പേജ് 14–16 1985 ലണ്ടൻ പതിപ്പ്)

വാഗ്ദത്ത മസീഹിന്റെ വരവുമായി ബന്ധപ്പെട്ട് ചില അടയാളങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അവിടന്ന് പറയുന്നു: യഥാർഥത്തിൽ ഈ റെയിൽ വാഗ്ദത്ത മസീഹിന്റെ ഒരു അടയാളമാണ്. വിശുദ്ധഖുർആനിലും അതിലേക്ക് സൂചനയുണ്ട്. *വ ഇദൽ ഇശാറു ഉത്തിലത്ത്*(പത്ത് മാസം ഗർഭിണിയായ ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെടുമ്പോൾ) (81:5) പറയുന്നു: തഖ്‌വയോടൊപ്പമാണ് വിശ്വസ്തതയുള്ളത്. ഈ ആളുകൾ ചിന്തിക്കുകയാണെങ്കിൽ *ലിയുത്റക്കന്നൽഖിലാസ്വു* എന്നു പറഞ്ഞത് റെയിലിലേക്കുള്ള സൂചനയാണെന്ന് വ്യക്തമായും മനസ്സിലാകുന്നതാണ്. കാരണം ഇതുകൊണ്ട് റെയിൽ അല്ല ഉദ്ദേശ്യമെങ്കിൽ ഒട്ടകം ഉപേക്ഷിക്കപ്പെടുന്നതിന്റെ കാരണം പറയേണ്ടത് അവർക്ക് നിർബന്ധമാണ്. മസീഹിന്റെ കാലഘട്ടത്തിൽ പോക്കും വരവും സുഗമമാക്കപ്പെടുമെന്ന് മുൻഗ്രന്ഥങ്ങളിലും സൂചനയുണ്ട്. പറഞ്ഞു: "വാസ്തവമെന്താണെന്നുവെച്ചാൽ എത്രത്തോളം അടയാളങ്ങൾ പുലർന്നുകഴിഞ്ഞുവോ ഇക്കൂട്ടർ ഈ മൈതാനത്ത് നിന്ന് ഓടിപ്പോയിരിക്കുകയാണ്. മഹ്ദിയുടെ അടയാളങ്ങളായി നിശ്ചയിക്കപ്പെട്ടിരുന്നതുപോലെ സൂര്യചന്ദ്രഗ്രഹണങ്ങൾ റമളാനിൽ ഉണ്ടായി. ഇതുപോലെ തന്നെ ലോകാരംഭം മുതൽ ഇന്നുവരെ ഇത്തരം യാത്രാവാഹനവും ഉണ്ടായിട്ടില്ല." പറഞ്ഞു: അടയാളങ്ങൾ വിളിച്ചോതുന്നത് വാഗ്ദത്ത മസീഹ് ജനിച്ചിരിക്കുന്നുവെന്നാണ്. ഇവർ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ മറ്റാരെയെങ്കിലും അന്വേഷിക്കുകയും അയാൾ ആരാണെന്ന് പറയുകയും ചെയ്യട്ടെ! കാരണം അദ്ദേഹത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടിരുന്ന സകല അടയാളങ്ങളും പുലർന്നുകഴിഞ്ഞു."(മൽഫൂദാത്ത് വാല്യം 4 പേജ് 54–55 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറഞ്ഞു: "എന്റെ സത്യത്തെ ഉരച്ചുനോക്കണമെങ്കിൽ നബിമാരുടെ പരമ്പരകളുമായി ഉരച്ചുനോക്കേണ്ടതാണ്. അവിടെയുള്ള തെളിവുകളനുസരിച്ച് ഉരച്ചുനോക്കേണ്ടതാണ്. ആ മാർഗത്തിൽ നടക്കേണ്ടതാണ്. സദുദ്ദേശ്യത്തോടും സൗഭാഗ്യചിന്തയോടുംകൂടി ഈ തെളിവുകൾ നോക്കുകയും മനസ്സിലാക്കുകയും ചെയ്യുക. പിടിവാശിയാണെങ്കിൽ ഒന്നും കാണാൻ കഴിയുകയില്ല. വിശുദ്ധഖുർആനും സന്മാർഗം നല്കുകയില്ല. മിൻഹാജുൻ നുബൂവ്വത്തിനുമേൽ ഈ ജമാഅത്തിനെ പരീക്ഷിച്ചു നോക്കുകയും എന്നിട്ട് സത്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുക. സാങ്കല്പിക തത്ത്വങ്ങളും പദ്ധതികളും കൊണ്ട് ഒന്നുമുണ്ടാകുകയില്ല. ഞാൻ എന്റെ തെളിവ് നല്കുന്നതും സാങ്കല്പികകാര്യങ്ങളിലല്ല. ഞാൻ എന്റെ വാദത്തെ മിൻഹാജുൻ നുബുവ്വത്തിന്റെ നിലവാരത്തിലാണ് സമർപിക്കുന്നത്. ഈ അടിസ്ഥാനത്തിൽ അതിന്റെ സത്യത പരീക്ഷിച്ചറിയാതിരിക്കാൻ എന്ത് കാരണമാണുള്ളത്. ഞാൻ പറയുന്ന കാര്യങ്ങൾ മനസ്സ് തുറന്ന് ആരു കേട്ടാലും അവൻ ഫലമെടുക്കുമെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. പക്ഷേ, ആരുടെ മനസ്സിലാണോ പിശുക്കും പകയുമുള്ളത് അവർക്ക് ഞാൻ പറയുന്ന കാര്യങ്ങൾ ഒരു ഫലവും നല്കുകയില്ല. അവർ ഒന്നിനെ രണ്ടായി കാണുന്ന കോങ്കണ്ണനെപോലെയാണ്. (അതായത് കണ്ണിന് മങ്ങലുള്ള ആളുടെ ഉദാഹരണമാണ് പറയുന്നത്. അവർ ഒന്നിനെ രണ്ടായി കാണുന്നു). എത്രമാത്രം തെളിവുകൾ അവർക്ക് നല്കിയാലും ഒരൊറ്റ തെളിവ് നല്കിയാലും അവർ അംഗീകരിക്കുകയില്ല." ഒരു സംഭവം കേൾപ്പിക്കുന്നു. അവിടന്ന് പറഞ്ഞു: "ഇങ്ങനെ രണ്ടായി കാണുന്ന ഒരാൾ ആരുടെയോ സേവകനായിരുന്നു." (അതായത് ജോലിക്കാരനും മുതലാളിയും). പറയുന്നു: "ഉള്ളിൽനിന്ന് കണ്ണാടി കൊണ്ടുവരാൻ മുതലാളി അവനോട് പറഞ്ഞു. അവൻ പോയി തിരിച്ചുവന്ന് 'ഉള്ളിൽ രണ്ട് കണ്ണാടിയുണ്ട് അതിൽ ഏതാണ് കൊണ്ടുവരേണ്ടതെന്ന്' ചോദിച്ചു. ഒന്നേയുള്ളൂ രണ്ടില്ലെന്ന് മുതലാളി പറഞ്ഞു. താൻ കളവാണോ പറയുന്നതെന്ന് അപ്പോൾ അയാൾ മുതലാളിയോടു ചോദിച്ചു. അതുകേട്ട് മുതലാളി എന്നാൽ, നീ അതിലൊന്ന് പൊട്ടിച്ചുകളയുക എന്ന് പറഞ്ഞു. അങ്ങനെ ഒന്ന് പൊട്ടിച്ചപ്പോഴാണ് യഥാർഥത്തിൽ തന്റെ തെറ്റാണെന്ന് അവന് മനസ്സിലായത്. കാരണം ആ യഥാർഥത്തിലുള്ള ഒന്നായിരുന്നു അവൻ പൊട്ടിച്ചത്. എനിക്കെതിരിൽ പ്രവർത്തിക്കുന്ന ഇത്തരക്കാർക്ക് എന്തു മറുപടിയാണ് ഞാൻ നല്കേണ്ടത്. ചുരുക്കത്തിൽ ഇക്കൂട്ടർ ആവർത്തിച്ചാവർത്തിച്ച് എന്തെങ്കിലും സമർപ്പിക്കുന്നെങ്കിൽ നിഗമനത്തിന്റെ നിലയിൽനിന്ന് മുന്നോട്ടുപോകാത്ത ഹദീഥുകളുടെ ഖജനാവാണെന്ന് നാം കാണുന്നു. പക്ഷേ, ഉണങ്ങിയതും പച്ചയുമായ അവരുടെ ചിന്താഗതികളിൽ ജനങ്ങൾ ചിരിക്കുന്ന ഒരു കാലം വരുമെന്ന് അവർക്കറിയില്ല.

നമ്മിൽനിന്ന് നമ്മുടെ വാദത്തിനുള്ള തെളിവ് തേടുക എന്നത് എല്ലാ സത്യാന്വേഷികളുടേയും അവകാശമാണ്. അയാൾക്കുവേണ്ടി നബിമാർ സമർപിച്ചതാണ് നാമും സമർപിച്ചിട്ടുള്ളത്. വിശുദ്ധഖുർആൻ, ഹദീഥുകൾ, ബുദ്ധിപരമായ തെളിവുകൾ, അതായത് ഇപ്പോഴത്തെ ആവശ്യങ്ങൾ, പിന്നീട് എന്റെ കൈയാൽ അല്ലാഹു വെളിപ്പെടുത്തിയ അടയാളങ്ങൾ. പറഞ്ഞു: "ഞാൻ ഒരു ഭൂപടം ക്രമപ്പെടുത്തി. അതിൽ 150നടുത്ത് അടയാളങ്ങൾ കൊടുത്തു. അതിന് സാക്ഷി ഒരേ ഇനത്തിലുള്ള കോടിക്കണക്കിന് മനുഷ്യരാണ്. പറഞ്ഞു: നിരർഥമായ കാര്യങ്ങൾ അവതരിപ്പിക്കുക സൗഭാഗ്യരുടെ ജോലിയല്ല." അവിടന്ന് പറയുന്നു: "വാഗ്ദത്ത മസീഹ് നീതിമാനായ വിധികർത്താവായി വരുമെന്ന് നബി(സ)തിരുമേനി പറഞ്ഞത് അതുകൊണ്ടാണ്. അദ്ദേഹം പറയുന്നത് സമ്മതിക്കുക. ആരുടെ മനസ്സിലാണോ ദുഷ്ചിന്താഗതിയുള്ളത് അവർ വിശ്വസിക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് നിരർഥമായ തെളിവുകളും ആക്ഷേപങ്ങളും അവതരിപ്പിക്കുന്നത്. എന്നാൽ, അവസാനം അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ശക്തിമത്തായ ആക്രമണങ്ങളാൽ എന്റെ സത്യം വെളിപ്പെടുത്തുന്നതാണെന്ന് അവർ ഓർത്തുകൊള്ളട്ടെ!" പറഞ്ഞു: "ഞാൻ കറ്റുകെട്ടി പറയുകയാണെങ്കിൽ അവൻ എന്നെ ക്ഷണത്തിൽ നശിപ്പിക്കുന്നതാണെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, എന്റെ എല്ലാ തൊഴിലുകളും അവന്റെ സ്വന്തം തൊഴിലുകളാണെങ്കിൽ, ഞാൻ അവനിൽനിന്ന് വന്നിട്ടുള്ളവനാണെങ്കിൽ എന്നെ നിഷേധിക്കുക എന്നത് അവനെ നിഷേധിക്കലാണ്. അതിനാൽ അവൻതന്നെ എന്റെ സത്യത വെളിപ്പെടുത്തുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 4 പേജ് 34–35, 1985 ലണ്ടൻ പതിപ്പ്)

പിടിവാശിക്കാരായ മൗലവിമാർ നാം ഇന്നു കാണുന്നതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അവിടന്ന് വിവരിച്ചതുപോലെ തെളിവുകളോടുകൂടി സംസാരിക്കാൻ ആഗ്രഹിച്ചിരുന്നില്ല. മനസ്സിലാക്കാനും ആഗ്രഹിച്ചിരുന്നില്ല. അതേ അവസ്ഥതന്നെയാണ് ഇന്നും അവരുടേത്.

ഈ ദൃഷ്ടാന്തങ്ങളെ കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ഒന്നാമതായി നബി(സ)തിരുമേനിയെ വിശുദ്ധഖുർആൻ തൗറാത്തിന്റെ പ്രവചനമനുസരിച്ച് മൂസായുടെ സദൃശനായി സമ്മതിച്ചിരിക്കുന്നു. ഈ സാദൃശ്യത്തിന്റെ അടി സ്ഥാനത്തിൽ അതേപോലെയുണ്ടാകേണ്ടത് അനിവാര്യമാണ്." (മുമ്പേ വിവരിച്ചുകഴിഞ്ഞതുപോലെ). പറഞ്ഞു: "മൂസാനബിയുടെ ഖലീഫമാരുടെ പരമ്പര സ്ഥാപിതമായി. നബി(സ)തിരുമേനിയ്ക്ക് ശേഷവും ഖിലാഫത്തിന്റെ ഒരു പരമ്പര സ്ഥാപിതമാകണം. അതിനുവേണ്ടി മറ്റു തെളിവുകളൊന്നുമില്ലെങ്കിലും ഈ സാദൃശ്യത സ്വാഭാവികമായും ആഗ്രഹിക്കുന്നത് ഖലീഫമാരുടെ പരമ്പര ഉണ്ടാകണമെന്നുതന്നെയാണ്.

(രണ്ടാമത്തേത് ഇതാണ് അതായത്), "ഇസ്തിഖ്‌ലാഫിന്റെ വചനത്തിൽ അല്ലാഹു വ്യക്തമായ നിലയിൽ പറഞ്ഞിരിക്കുന്നത് ഖിലാഫത്തിന്റെ ഒരു പരമ്പര സ്ഥാപിക്കുമെന്നുള്ള വാഗ്ദാനമാണ്. ഈ പരമ്പര, മുമ്പേയുള്ള ഖിലാഫത്തിന്റെ പരമ്പരയായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. പറയുന്നു: *കമസ്തഖ്‌ലഫല്ലദീന മിൻ ഖബ്‌ലിഹിം.*" പറഞ്ഞു: "ഈ ഇസ്തിഖ്‌ലാഫിന്റെ വാഗാദനമനുസരിച്ചും അതിന്റെ സാദൃശ്യത്തിന്റെ അടിസ്ഥാനത്തിലും മൂസവി പരമ്പരയുടെ ഖിലാഫത്തിന്റെ ഖാത്തമുൽ ഖുലഫാ മസീഹായിരുന്നതുപോലെ മുഹമ്മദിയ്യാ ഖലീഫമാരുടെ പരമ്പരയുടെ അവസാനത്തിലും ഒരു മസീഹ് ഉണ്ടായിരിക്കേണ്ടത് നിർബന്ധമായിരുന്നു." (മൂന്നാമത്തെ കാര്യം) "നബി(സ)തിരുമേനി പറഞ്ഞത് ഇമാമുക്കും മിൻകും എന്നാണ്. നിങ്ങളിൽനിന്ന് നിങ്ങളുടെ ഇമാമുണ്ടാകും." (നാലാമത്തെ കാര്യം) അവിടന്ന് പറഞ്ഞത്, "ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ മതപരിഷ്ക്കരണത്തിനായി മുജദ്ദിദിനെ അയക്കുമെന്നാണ്. ഈ നൂറ്റാണ്ടിലും മുജദ്ദിദുണ്ടാകേണ്ടത് അനിവാര്യമാണ്. മുജദ്ദിദിന്റെ ജോലി നിലവിലുള്ള കുഴപ്പങ്ങൾ പരിഹരിക്കുക എന്നതാണ്."(എല്ലായിടത്തും ഇന്നുണ്ടായിട്ടുള്ള കുഴപ്പങ്ങൾ ഇല്ലാതാക്കുകയാണ്). "ഇന്നുള്ള ഏറ്റവും വലിയ കുഴപ്പവും ഫിത്നയും ക്രിസ്ത്യാനികളിൽനിന്നുള്ളതാണ്. അതുകൊണ്ട് ഈ നൂറ്റാണ്ടിലെ മുജദ്ദിദ് കുരിശിനെ ഉടയ്ക്കന്നയാൾ ആയിരിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ രണ്ടാമത്തെ നാമം മസീഹ് മൗഊദ് എന്നാണ്."

(അഞ്ചാമത്തെ കാര്യം) "മൂസവീ ഖിലാഫത്തിന്റെ സാദൃശ്യത്തിന്റെ അടിസ്ഥാനത്തിലും മുഹമ്മദിയ്യാ പരമ്പരയിലെ ഖാത്തമുൽഖുലഫാ 14–ാം നൂറ്റാണ്ടിൽ ഉണ്ടാകേണ്ടത് നിർബന്ധമാണ്. കാരണം മൂസായ്ക്കുശേഷം 14–ാം നൂറ്റാണ്ടിലാണ് മസീഹ്(അ)വന്നത്. (ആറാമത്തെ കാര്യം) "വാഗ്ദത്ത മസീഹിനുവേണ്ടി നിശ്ചയിച്ചിരുന്ന അടയാളങ്ങളിൽ ബഹുഭൂരിഭാഗവും പുലർന്നുകഴിഞ്ഞു. റമളാനിൽ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുമെന്നു പറഞ്ഞത് പൂർത്തിയായതുപോലെ! ഇത് രണ്ടുപ്രാവശ്യം ഉണ്ടായി. ഹജ്ജ് തടയപ്പെട്ടു. വാൽനക്ഷത്രം ഉദിച്ചു. പ്ലേഗ് ഉണ്ടായി. റെയിൽ ഗതാഗതം തുടങ്ങി. ഒട്ടകങ്ങളിൽ യാത്ര ചെയ്യാതായി." (ഏഴാമത്തെ കാര്യം) "സൂറഃഫാത്തിഹായിലെ ദുആയിൽനിന്ന് സ്ഥാപിതമാകുന്നത് വരുന്നയാൾ ഈ ഉമ്മത്തിൽനിന്നായിരിക്കുമെന്നാണ്. ചുരുക്കത്തിൽ ഒന്നോ രണ്ടോ അല്ല, വരുന്ന മസീഹ് ഈ ഉമ്മത്തിൽനിന്നായിരിക്കുമെന്നതിന് നൂറുക്കണക്കിന് തെളിവുകളുണ്ട്. അദ്ദേഹം വരേണ്ട സമയം ഇതാണ്. ഇപ്പോൾ അല്ലാഹുവിന്റെ ഇൽഹാമും വഹ്‌യുംകൊണ്ട് ഞാൻ പറയുന്നു; ആ വരേണ്ടയാൾ ഞാനാണ്. പുരാതന കാലം മുതൽ അല്ലാഹു മിൻഹാജുന്നുബുവ്വത്തിന് വെച്ചിട്ടുള്ള തെളിവിന്റെ മാർഗം ആഗ്രഹിക്കുന്നവർ എന്നിൽനിന്ന് വാങ്ങിക്കൊള്ളട്ടെ. എന്നെ പിന്തുണച്ചുകൊണ്ട് ഉണ്ടായിട്ടുള്ള അടയാളങ്ങളെ നോക്കുക. ഈ എതിരാളികളുടെ അവസ്ഥ നോക്കിക്കാണുമ്പോൾ എനിക്ക് വിഷമം തോന്നുന്നു. ഏതൊരു കാര്യങ്ങളെ ദൃഷ്ടാന്തമെന്നനിലയിൽ ഇവർ അവതരിപ്പിച്ചിരുന്നുവോ അത് പുലർന്നപ്പോൾ അവർ മൗനം പാലിക്കുന്നു. അതിന്റെ സത്യത്തിൽ ആക്ഷേപമുന്നയിക്കുന്നു." (ഉദാഹരണത്തിന് സൂര്യചന്ദ്രഗ്രഹണങ്ങളുടെ അടയാളം ഇവർ ചോദിക്കാറുണ്ടായിരുന്നു). അവിടന്ന് പ

റയുന്നു, “ആ ഹദീഥ് ശരിയല്ലെന്ന് ഇപ്പോൾ പറയുന്നു. എന്നാൽ, ഏതൊന്നിനെ അല്ലാഹു ശരിയാണെന്ന് സ്ഥാപിച്ചുകാണിച്ചുവോ ഇവർ പറയുന്നതുകൊണ്ട് അത് കളവാകുമോ? എന്ന് അവരോട് ആരെങ്കിലും ചോദിച്ചുനോക്കുക. ഇതുമുഖേന തങ്ങൾ മസീഹ് മൗഊദിനെയല്ല കളവാക്കുന്നത് റസൂൽ കരീം(സ)നെയാണ് കളവാക്കിക്കൊണ്ടിരിക്കുന്നതെന്ന് പറയാൻ അവർക്ക് നാണമില്ലേ? എന്നെ സാക്ഷ്യപ്പെടുത്തുന്നതിനും എന്നെ സഹായിക്കുന്നതിനുംവേണ്ടി ഒരു സൂര്യചന്ദ്രഗ്രഹണങ്ങൾ മാത്രമല്ല, ആയിരക്കണക്കിന് തെളിവുകളും സാക്ഷ്യങ്ങളുമുണ്ട്. ഇനി ഒന്നില്ലെങ്കിൽത്തന്നെയും ഒന്നും സംഭവിക്കാനില്ല. എന്നാൽ, അതുകൊണ്ട് ഈ പ്രവചനം തെറ്റാണെന്ന് വരുന്നില്ല. ഖേദകരമെന്നു പറയട്ടെ! ഈ ആളുകൾ എന്നോടുള്ള എതിർപ്പിൽ സത്യവാന്മാരുടെ നേതാവിന്റെ പ്രവചനത്തെ നിരർഥമാക്കാൻ ആഗ്രഹിക്കുന്നു. നാം ആ പ്രവചനത്തെ ശക്തമായി അവതരിപ്പിക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ യജമാനന്റെ സത്യസാക്ഷ്യത്തിനുള്ള ദൃഷ്ടാന്തമാണ്.” പറഞ്ഞു: “നിഗമനത്തിന്റെ മഷികൊണ്ട് എഴുതപ്പെട്ട ഹദീഥ് ഈ സംഭവത്തിന്റെ സത്യസാക്ഷ്യത്തെ ദൃഢജ്ഞാനംവരെ എത്തിച്ചു. ഇനിയിപ്പോൾ അതിനെ നിഷേധിക്കുക വഞ്ചനയാണ്; ശാപമാണ്. ‘മൗഊളായ’ ഹദീഥുകളെ കുറിച്ച് ഹദീഥു പണ്ഡിതന്മാർ പറയുന്നത് തങ്ങൾ കള്ളനെ പിടിച്ചുവെന്നാണോ? അല്ല. പ്രത്യുത അവർ പറയുന്നത് നിവേദകരുടെ ഓർമശക്തി ശരിയായിരുന്നില്ല എന്നാണ്.” (സ്വഹീഹ് അല്ലാത്ത ഹദീഥുകളെ കുറിച്ച് അവർ പറയുന്നത് അത് രിവായത്തു ചെയ്തവരുടെ ഓർമശക്തി ശരിയല്ലായിരുന്നു എന്നാണ്).“അല്ലെങ്കിൽ അവർ സത്യസന്ധരാണെന്നതിന്റെ വാക്കാണ്.’ (അദ്ദേഹത്തിന്റെ സത്യസന്ധതയിൽ കുറച്ചു സംരക്ഷണങ്ങളുണ്ട്). പറഞ്ഞു: “എന്നാൽ, ഒരു ഹദീഥ് ബലഹീനമാണെങ്കിൽത്തന്നെയും അതിലെ പ്രവചനം പുലർന്നു കഴിഞ്ഞാൽ അത് സ്വഹീഹായി മാറുമെന്നാണ് ഹദീഥു പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ള തത്ത്വം. ഈ നി ലവാരത്തിന്റെ അടിസ്ഥാനത്തിൽ ഈ ഹദീഥ് ശരിയല്ലെന്ന് പറയാൻ ആർക്കാണ് ധൈര്യമുണ്ടാകുക?” പറയുന്നു: “അതുകൊണ്ട് ഓർമിക്കുക! വരുന്നയാളെ ശരിയായ തെളിവുകൾകൊണ്ട് ഉരച്ചുനോക്കേണ്ടതാണ്. അത് അയാളെ പിന്തുണക്കുന്നുണ്ടോ? എന്ന്! പിന്നെ ബുദ്ധിയില്ലാതെ ഒന്നും വിശ്വസിക്കാൻ കഴിയുകയില്ല.” (ഉദാഹരണം കൂടാതെ, സാക്ഷ്യങ്ങൾ കൂടാതെ ബുദ്ധി ഒരു കാര്യത്തേയും വിശ്വസിക്കുകയില്ല). “ബുദ്ധിപരമായ ദൃശ്യങ്ങൾ അതിനോടൊപ്പമുണ്ടാകുന്നു.”(അതിനോടൊപ്പം ഏതൊരു തെളിവുകളാണോ നല്കപ്പെടുന്നത് അതും ബുദ്ധിപരമായ ഉദാഹരണങ്ങളാണ്. സാക്ഷ്യങ്ങളും നല്കപ്പെടുന്നു). പറഞ്ഞു: “എല്ലാത്തിനേക്കാളുമുപരി അല്ലാഹുവിന്റെ പിന്തുണ അദ്ദേഹത്തോടൊപ്പമുണ്ടാകുന്നു. ഇനിയാർക്കെങ്കിലും എന്തെങ്കിലും സംശയമോ സന്ദേഹമോ ഉണ്ടെങ്കിൽ അവർ എന്റെ മുമ്പിൽ വരികയും ഈ പറഞ്ഞ രീതികളിൽ തെളിവ്-മിൻഹാജിൻനുബൂവ്വത്തിലാണ് എന്റെ സത്യതയ്ക്കുള്ള തെളിവുള്ളത്-എന്നിൽനിന്നും വാങ്ങുകയും ചെയ്തുകൊള്ളട്ടെ. ഞാൻ കള്ളവാദിയാണെങ്കിൽ ഓടിപ്പോകുകയും ചെയ്യുന്നതാണ്. എന്നാൽ, അങ്ങനെയല്ല. അല്ലാഹു 19 വർഷം മുമ്പേ (തന്റെ വാദത്തെക്കുറിച്ച് 19 വർഷം മുമ്പേ എഴുതിയതിനെ കുറിച്ചാണ് പറയുന്നത്) എന്നോട് പറഞ്ഞു, ‘*യൻസുർക്കല്ലാഹു ഫീ മവാതിന* ദൈവം പല രംഗങ്ങളിലും നിന്നെ സഹായിക്കുന്നതാണ്.’ പറഞ്ഞു: ‘എപ്രകാരം നബിമാരെ അല്ലെങ്കിൽ റസൂൽമാരെ ഉരച്ചുനോക്കിയോ എന്നേയും ഉരച്ചുനോക്കുക. ഞാൻ വാദത്തോടെ പറയുന്നു, ആ നിലവാരത്തിൽ എന്നെ സത്യവാനായി കാണുന്നതാണ്.’ (അല്ലാഹു നിരവധി രംഗങ്ങളിൽ ആ മഹാത്മാവിനെ സഹായിച്ചതായി നമ്മൾ കാണുന്നു) പറഞ്ഞു: ‘ഇക്കാര്യങ്ങൾ ഞാൻ വളരെ ചുരുക്കി പറഞ്ഞതാണ്. ഇതിൽ ചിന്തിക്കുക. അല്ലാഹുവിനോട് ദുആ ചെയ്യുക. അവൻ സർവ്വശക്തനാണ്. എന്തെങ്കിലും വഴി തുറന്നുതരും. അവന്റെ പിന്തുണയും സഹായവും സത്യവാന്മാർക്കു മാത്രമേ ലഭിക്കുകയുള്ളൂ.’

അവിടത്തെ മജ്ലിസിൽ മൗലവിമാരെ കുറിച്ചുള്ള സംസാരമായിരുന്നു. ഒരു സാഹിബ് പറഞ്ഞു: ഹുദൂർ! ഇപ്പോൾ മൗലവിമാർ മസീഹിന്റെ വഫാത്ത് തുടങ്ങിയ കാര്യങ്ങൾ സ്ഥാപിതമാകുന്ന ഖുത്ബ തുടങ്ങിയവ വായിക്കുന്നത് ഉപേക്ഷിച്ചിരിക്കുന്നു. 'അവിടന്ന് പറഞ്ഞു: “ഇനിയവർ മസീഹിന്റെ പേരും പറയുകയില്ല. എന്തെങ്കിലും പറഞ്ഞാൽതന്നെയും അവർ പറയുന്നത് മസീഹിനേയും മഹ്ദിയേയും കുറിച്ചുള്ള കാര്യങ്ങൾ വിട്ടുകളയുക എന്നായിരിക്കും.”

എന്തായാലും മൗലവിമാരുടെ അവസ്ഥ ഇതാണ്. അവർ തങ്ങളുടെ സ്വാർഥതാല്പര്യങ്ങൾക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദിനെ എതിർക്കുന്നു. അവർ എതിർക്കുക മാത്രമല്ല മറിച്ച്, അ ഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദാർശങ്ങളുടെമേൽ തെറ്റായിട്ടുള്ള കാര്യങ്ങൾ ആരോപിക്കുകയും പൊതുമുസ്ലിംകളുടെ മനസ്സുകളിൽ ജമാഅത്തിന്നെതിരിൽ വെറുപ്പുണ്ടാക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യം മനസ്സിലാക്കാനുള്ള മാർഗം വിവരിച്ചുകൊണ്ട് പറയുന്നു: “സത്യം അറിയണമെങ്കിൽ അല്ലാഹുവിനോട് നിങ്ങളുടെ നമസ്കാരങ്ങളിൽ അവൻ നിങ്ങൾക്ക് സത്യം തുറന്നുതരുന്നതിനുവേണ്ടി ദുആ ചെയ്യുക. മനുഷ്യൻ പക്ഷപാതവും പിടിവാശിയും ഉപേക്ഷിച്ച് സത്യം വെളിപ്പെടുന്നതിനുവേണ്ടി അല്ലാഹുവിലേക്ക് ശ്രദ്ധ തിരിക്കുകയാണെങ്കിൽ ഒരു കാലം കഴിയുന്നതിനുമുമ്പേ അവനിൽ സത്യം തുറക്കുന്നതായിരിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. 40 ദിവസം പൂർത്തിയാകുന്നതിനുമുമ്പേ അയാളിൽ സത്യം വെളിപ്പെടും. നിഷ്കളങ്കരായി അല്ലാഹുവിനോട് സത്യമേതാണെന്ന് ചോദിക്കുക. എന്നാൽ, ഈ നിബന്ധനയോടുകൂടി അല്ലാഹുവിൽനിന്ന് വിധി തേടുന്നവർ വളരെ കുറവാണ്. ഇപ്രകാരം തങ്ങളുടെ അറിവ് കുറവുകൊണ്ടും പിടിവാശിയും പക്ഷപാതവും കൊണ്ടും അല്ലാഹുവിന്റെ വലിയ്യിനെ നിഷേധിച്ച് ഈമാൻ നഷ്ടപ്പെടുത്തുന്നു.”പറഞ്ഞു: “നുബുവ്വത്തിന്റെ ഛായയായ വലിയ്യുടെമേ ൽ വിശ്വാസം ഇല്ലെങ്കിൽ അവന് പിന്നെ നുബുവ്വത്തിനെ നിഷേധിക്കേണ്ടിവരും. നബിയുടെ നിഷേധത്താൽ ദൈവത്തെ നിഷേധിക്കുന്നു. ഈ രീതിയിൽ തികച്ചും വിശ്വാസം നഷ്ടപ്പെട്ടുപോകുന്നു.

അല്ലാഹു മുസ്ലിംകൾക്ക് ബുദ്ധി നല്കുമാറാകട്ടെ. അവർ കേവലം മൗലവിമാരുടെ ചെയ്തികളിൽ അകപ്പെടാതിരിക്കട്ടെ. മറിച്ച്, തങ്ങളുടെ ബുദ്ധി ഉപയോഗിക്കുന്നവരാകട്ടെ. നിഷ്കളങ്കരായി അല്ലാഹുവിനോട് ചോദിക്കുന്നവരാകട്ടെ. അല്ലാഹു അവരുടെ മനസ്സ് തുറുക്കുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് ഇക്കാലത്തെ മുസ്ലിംലോകം കുടുങ്ങികിടക്കുന്ന അവസ്ഥയിൽനിന്ന് പുറത്തുവരുമാറാകട്ടെ. ഓടിരക്ഷപ്പെടാനുള്ള ഒരു വഴിയും കാണുന്നില്ല. പാക്കിസ്താനിലും പുതിയ പുതിയ സംഘടനകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ‘ലബ്ബൈക്ക് യാ റസൂലല്ലാഹ്’ എന്ന പേരിൽ ഒരു സംഘടനയുണ്ടായിരിക്കുന്നു. അവർ മാർച്ച് നടത്തി ആദ്യം ലാഹോർ ഉപരോധിച്ചു. പിന്നീട് ഇസ്ലാമാബാദ് ഉപരോധിച്ചു. ഇതേ പേരിൽ മറ്റൊരു സംഘടനയുമുണ്ട്. അവരും ധർണ നടത്തിക്കൊണ്ടിരിക്കുന്നു. ഇസ്ലാമാബാദ് വളഞ്ഞിരിക്കുകയാണ്. ഒരു ഭരണകൂടത്തിനും ഒരു പട്ടാളത്തിനും ഒരു നിയമത്തിനും അവരെ തടയാൻ കഴിഞ്ഞില്ല. ലബ്ബൈക്ക് യാ റസൂലല്ലാഹ് എന്ന് പറയുന്നവർ യഥാർഥത്തിൽ അഹ്മദികളായ നമ്മളാണ്. നമ്മൾ നബി(സ) തിരുമേനി പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും അതായത് ‘തന്റെ മസീഹും മഹ്ദിയും വരുമ്പോൾ അദ്ദേഹത്തെ വിശ്വസിക്കുകയും അദ്ദേഹത്തോട് തന്റെ സലാം പറയുകയും വേണം’ എന്ന കാര്യങ്ങൾ കേൾക്കുകയും ചെയ്തിരിക്കുന്നു. ഇതാണ് ലബ്ബൈക്ക് പറയാനുള്ള ശരിയായ മാർഗം. പൊള്ളയായ മുദ്രാവാക്യങ്ങൾ വിളിച്ചുനടക്കുന്നതിനു പകരം ലബ്ബൈക്ക് യാ റസൂലല്ലായുടെ യാഥാർഥ്യം ഇക്കൂട്ടരും മനസ്സിലാക്കിയിരുന്നെങ്കിൽ!

അല്ലാഹു ലോകത്തേയും പാക്കിസ്താനേയും എല്ലാ മുസ്ലിം രാജ്യങ്ങളേയും ഫിത്നകളിൽനിന്നും കുഴപ്പങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. മുസ്ലിംകളുടെമേൽ പ്രത്യേകം കരുണ ചൊരിയുമാറാകട്ടെ. കാരണം ഇപ്പോൾ ഉരുത്തിരിഞ്ഞു വരുന്ന അവസ്ഥകളും മുസ്ലിംകൾക്കെതിരിൽ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതികളും വ ളരെ ഭയാനകമാണ്. ഇനിയും ഇവർ ഇത് മനസ്സിലാക്കുന്നില്ലെങ്കിൽ അവസാനം ഇവർ പശ്ചാത്തപിക്കേണ്ടതായിവരും. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ.

---

( പേജ് 1ൽനിന്ന്)

സഫിയുടേയും ഗ്രന്ഥങ്ങളുടെ ഒരു പേജിലും അതേകുറിച്ചുള്ള വിവരം കാണുകയില്ല. ഇതെന്താണ് സംഭവിക്കാൻ പോകുന്നതെന്നോർത്ത് അപ്പോൾ മനുഷ്യരിൽ വ്യാകുലതയുണ്ടാകും. ധാരാളമാളുകൾ മോക്ഷം പ്രാപിക്കും. നിരവധിയാളുകൾ നശിപ്പിക്കപ്പെടും. ആ നാളുകൾ അടുത്തിരിക്കുന്നു. എന്നല്ല അത് പടിവാതിൽക്കൽ നില്ക്കുന്നതായി ഞാൻ കാണുന്നു. ലോകം ഒരു പ്രളയദിനത്തിന്റെ ദൃശ്യം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല മറിച്ച്, മറ്റ് ഭയപ്പെടുത്തുന്ന വിപത്തുകളും പ്രകടമാകുന്നതായിരിക്കും; കുറച്ച് ആകാശത്തുനിന്നും കുറച്ച് ഭൂമിയിൽനിന്നും. തങ്ങളുടെ സ്രഷ്ടാവിന്റെ ആരാധന മനുഷ്യർ ഉപേക്ഷിക്കുകയും മുഴുവൻ മനസ്സോടും മുഴുവൻ ശക്തിയോടും മുഴുവൻ ചിന്തയോടും കൂടി ഭൗതികതയുടെമേൽ വീഴുകയും ചെയ്തതാണ് അതിന് കാരണം. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഈ നാശങ്ങളിൽ കുറച്ച് കാലവിളംബമുണ്ടാകുമായിരുന്നു. ഞാൻ വന്നതോടുകൂടി ദീർഘകാലമായി മറഞ്ഞിരിക്കുകയായിരുന്ന ദൈവകോപത്തിന്റെ ആ തീരുമാനം പ്രകടമായി. വമാ കുന്നാ മുഅദ്ദിബീനാ ഹത്താ നബ്അഥ റസൂലാ എന്ന് ദൈവം പറഞ്ഞതുപോലെ. മാനസാന്തരപ്പെടുന്നവർ സമാധാനം പ്രാപിക്കും. നാശം വരുന്നതിനുമുമ്പേ ഭയപ്പെടുന്നവരിൽ കരുണ ചൊരിയപ്പെടും. ഈ ഭൂകമ്പങ്ങളിൽനിന്ന് സമാധാനത്തിൽ ഇരിക്കാൻ കഴിയുമെന്ന് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുമോ? അല്ലെങ്കിൽ നിങ്ങളുടെ തന്ത്രങ്ങൾ കൊണ്ട് നിങ്ങളെ രക്ഷിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ആ ദിവസം മാനുഷികമായ ജോലികൾ അവസാനിക്കുന്നതാണ്. അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ഭൂകമ്പങ്ങൾ വന്നുവെന്നും നിങ്ങളുടെ രാജ്യം അവയിൽനിന്ന് സുരക്ഷിതമാണെന്നും കരുതരുത്. അവരെക്കാൾ കൂടുതൽ വിപത്തിന്റെ മുഖം നിങ്ങൾ കാണുന്നതായി ഞാൻ കാണുന്നു.
അല്ലയോ യൂറോപ്പേ, നീയും രക്ഷയിലല്ല; അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല; ഓ ദീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിതമായ ഒരു ദൈവം ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ശൂന്യമായി ഭവിക്കുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ നിന്ദ്യമായ പലകർമങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം വരെ ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ. ഞാൻ എല്ലാവരേയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചു കൂട്ടുവാൻ ആവുന്നതും ശ്രമിച്ചു. എന്നാൽ, നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ. ഞാൻ സത്യമായും നിങ്ങളോടു പറയുന്നു: ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പാകെ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾകൊണ്ട് കാണും! എന്നാൽ, ദൈവം കോപത്തിൽ സാവധാനിയാണ്. നിങ്ങളിൽ കരുണ ചെയ്യപ്പെടാൻ മാനസാന്തരപ്പെടുവിൻ. ആരാണോ ദൈവത്തെ ഉപേക്ഷിക്കുന്നത് അവൻ ഒരു കീടമാകുന്നു. മനുഷ്യനല്ല. ആരാണോ ദൈവത്തെ ഭയപ്പെടാത്തത് അവൻ മരിച്ചവനാകുന്നു. ജീവിച്ചിരിക്കുന്നവനല്ല.” (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ, വാല്യം 22, പേജ് 265)

# ഖുത്ബ ജുമുഅ

**കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങൾ ഉദ്ധരിച്ചുകൊണ്ട്, മനുഷ്യൻ പക്ഷപാതത്തിൽനിന്ന് പരിശുദ്ധനായും എല്ലാതരം ശാഠ്യങ്ങളിൽനിന്ന് മുക്തനായും അല്ലാഹുവിനോട് ദുആ ചെയ്യുകയാണെങ്കിൽ, അസ്വസ്ഥനായി അല്ലാഹുവിനോട് നമസ്കാരങ്ങളിൽ ദുആ ഇരക്കുകയാണെങ്കിൽ 40 ദിവസത്തിനുള്ളിൽ അല്ലാഹു അവനിൽ സത്യം തുറക്കുമെന്ന് ആ മഹാത്മാവ് നിർദേശിച്ചിട്ടുള്ളതായി പറഞ്ഞിരുന്നു; പക്ഷേ, ഹൃദയം ശുദ്ധമായിരിക്കണം. എല്ലാതരം പക്ഷപാതങ്ങളിൽനിന്നും പരിശുദ്ധനാകേണ്ടത് അങ്ങേയറ്റം നിർബന്ധമാണ്.**

**ധാരാളമാളുകൾക്ക് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അവിടത്തെ ജീവിതത്തിലും സ്വപ്നങ്ങൾ മുഖേന മാർഗദർശനം നല്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുതുടങ്ങിയ ഈ പരമ്പര ഇന്നും നിലനില്ക്കുന്നു. സൽപ്രകൃതക്കാർക്ക് അല്ലാഹു മാർഗദർശനം നല്കുന്നു.**

**ലോകത്തിലെ വിവിധ രാജ്യങ്ങളിൽ താമസിക്കുന്ന സൽപ്രകൃതക്കാരും സത്യാന്വേഷികളുമായർവർക്ക് അല്ലാഹുവിൽനിന്ന് സ്വപ്നങ്ങളും ദർശനങ്ങളും മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിലേക്കുള്ള മാർഗ ദർശനങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 നവംബർ 24/1396 നുബുവ്വത്ത് 24**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതങ്ങൾ ഉദ്ധരിച്ചുകൊണ്ട്, മനുഷ്യൻ പക്ഷപാതത്തിൽനിന്ന് പരിശുദ്ധനായും എല്ലാതരം ശാഠ്യങ്ങളിൽനിന്ന് മുക്തനായും അല്ലാഹുവിനോട് ദുആ ചെയ്യുകയാണെങ്കിൽ, അസ്വസ്ഥനായി അല്ലാഹുവിനോട് നമസ്കാരങ്ങളിൽ ദുആ ഇരക്കുകയാണെങ്കിൽ 40 ദിവസത്തിനുള്ളിൽ അല്ലാഹു അവനിൽ സത്യം തുറക്കുമെന്ന് ആ മഹാത്മാവ് നിർദേശിച്ചിട്ടുള്ളതായി പറഞ്ഞിരുന്നു; പക്ഷേ, ഹൃദയം ശുദ്ധമായിരിക്കണം. എല്ലാതരം പക്ഷപാതങ്ങളിൽനിന്നും പരിശുദ്ധനാകോണ്ടത് അങ്ങേയറ്റം നിർബന്ധമാണ്. ഇല്ലെങ്കിൽ അവിടന്ന് ഇങ്ങനേയും പറഞ്ഞു: മനസ്സിൽ പകയും കോപവും വെച്ചുപുലർത്തുന്നവർ, അല്ലെങ്കിൽ നല്ലതും ശുദ്ധവുമായ ചിന്ത വെച്ചുപുലർത്താത്തവർ പറയുന്നത് അല്ലാഹു തങ്ങൾക്ക് സ്വപ്നങ്ങളിലൂടെ മാർഗദർശനം നല്കിയില്ലെന്നോ വിരുദ്ധമായ കാര്യം പറഞ്ഞുവെന്നോ ആയിരിക്കും. എന്തായാലും ശുദ്ധഹൃദയരായിക്കൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്നവർക്ക് അല്ലാഹുവിൽനിന്ന് മാർഗദർശനം ലഭിക്കുന്നു. ധാരാളമാളുകൾക്ക് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും, ആ മഹാത്മാവിന്റെ ജീവിതത്തിലും സ്വപ്നങ്ങളിലൂടെ മാർഗദർശനം നല്കിയിട്ടുണ്ട്.

ഒരു മജ്ലിസിൽ ചർച്ച ഉണ്ടായി; ലാഹോറിൽനിന്ന് ഒരാളുടെ കത്ത് വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവാനാണെന്ന് അയാളോട് സ്വപ്നത്തിൽ പറയപ്പെട്ടതായി അതിൽ എഴുതിയിരുന്നു. ആ വ്യക്തിക്ക് ഒരു ഫഖീറിനോടു ഇഷ്ടമുണ്ടായിരുന്നു. അദ്ദേഹം ദാതാ ഗുൻജ് ബഖ്ശിന്റെ മഖ്ബറയുടെ അടുത്താണ് താമസിച്ചിരുന്നത്. ആ വ്യക്തി ആ ഫഖീറിനോടു വിവരം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു: 'ഇത്രകാലംകൊണ്ട് മിർസാ സാഹിബിനുണ്ടായിട്ടുള്ള പുരോഗതി അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവാണ്.' വേറൊരു ഉന്മത്തനായ ഫഖീർ അവിടെ ഇരിപ്പുണ്ടായിരന്നു. ബാബ! തന്നേയും ചോദിക്കാൻ വിടുക എന്ന് അയാൾ പറഞ്ഞു. രണ്ടാമത്തെ ദിവസം അയാൾ പറഞ്ഞു: മിർസാ സാഹിബ് 'മൗലാ' ആണെന്ന് അല്ലാഹു പറഞ്ഞു. അപ്പോൾ ആദ്യത്തെ ഫഖീർ പറഞ്ഞു: മൗലാ എന്നായിരിക്കുകയില്ല, 'മൗലാനാ'എന്നായിരിക്കും പറഞ്ഞിട്ടുണ്ടാകുക; അദ്ദേഹം നിന്റെയും എന്റേയും നമ്മുടെ എല്ലാവരുടേയും മൗലാ ആയിരിക്കും. ഇതുകേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ഈയ്യിടെയായി സ്വപ്നങ്ങളും ദർശനങ്ങളും ധാരാളമുണ്ടാകുന്നുണ്ട്. ജനങ്ങൾക്ക് സ്വപ്നങ്ങൾ മുഖേന അറിയിപ്പ് നൽകാൻ അല്ലാഹു ആഗ്രഹിക്കുന്നതായി മനസ്സിലാകുന്നു. ആകാശത്തുനിന്ന് വെട്ടുകിളി ഉണ്ടാകുന്നതുപോലെ അല്ലാഹുവിന്റെ മലക്കുകൾ നാലുഭാഗത്തും ചുറ്റിക്കറങ്ങുന്നുണ്ട്. അവർ ചുറ്റിക്കറങ്ങി വിശ്വസിക്കുക! വിശ്വസിക്കുക! എന്ന് മനസ്സുകളിൽ ഇട്ടുകൊണ്ടിരിക്കുന്നു.

പിന്നീട് മറ്റൊരാളുടെ അവസ്ഥ വിവരിച്ചു. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഖണ്ഡിച്ചുകൊണ്ട് ഗ്രന്ഥമെഴുതാൻ തീരുമാനിച്ചു. സ്വപ്നത്തിൽ നബി(സ) തിരുമേനി അയാളോടു പറഞ്ഞു: "നീ ഖണ്ഡനമെഴുതുകയാണോ. (എതിർത്തെഴുതുകയാണോ). യഥാർഥത്തിൽ മിർസാ സാഹിബ് സത്യവാനാണ്."(മൽഫൂദാത്ത് വാല്യം 4 പേജ് 188 198 ലണ്ടൻ പതിപ്പ്)

സൽപ്രകൃതക്കാരായ ആളുകളെ, തെറ്റായ പ്രവൃത്തികളിൽനിന്ന് രക്ഷപ്പെടുത്താൻ അല്ലാഹു ഇങ്ങനേയും മാർഗദർശനം നല്കുന്നു. അയാൾ എതിരാളിയായിരുന്നു. അയാൾ ആ മഹാത്മാവിനെതിരെ ഗ്രന്ഥമെഴുതാൻ ആഗ്രഹിച്ചു. പക്ഷേ, അയാളുടെ ഏതോ പ്രവൃത്തി അല്ലാഹു ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ട് സ്വപ്നത്തിലൂടെ അല്ലാഹു അതു തടഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് തുടങ്ങിയ ഈ പരമ്പര ഇന്നും നിലനില്ക്കുന്നു. സൽപ്രകൃതക്കാരായവർക്ക് അല്ലാഹു മാർഗദർശനം നല്കിക്കൊണ്ടിരിക്കുന്നു. മാർഗദർശനത്തിനായി അവർ അല്ലാഹുവിന്റെ മുമ്പിൽ കുനിയുമ്പോൾ മസീഹ് മൗഊദ് വന്നിട്ടുള്ള കാര്യം അല്ലാഹുവാണ് മാർഗദർശനം നല്കിയതെന്നും ചിലപ്പോൾ അറിയാൻ കഴിയുകയില്ല. ചില ഘട്ടങ്ങളിൽ ചിലയാളുകളുടെ അറിവിലുണ്ടാകുകയും അവർ അല്ലാഹുവിൽനിന്ന് മാർഗദർശനം തേടുകയും ചെയ്യുമ്പോൾ അവൻ അവർക്ക് മാർഗദർശനം നല്കുകയും ചെയ്യുന്നു.

പശ്ചിമാഫ്രിക്കയിലെ മാലി മുബല്ലിഗ് എഴുതുന്നു: "മുസ്ത്വഫാ ദയാലു (ഉശമഹഹീ)സാഹിബ് ഒരു ദിവസം സ്വപ്നം കണ്ടു. അദ്ദേഹം സ്വർഗത്തിൽ വളരെ മനോഹരമായ ഒരു വീട്ടിലാണുള്ളത്. വീടിന്റെ ഒരു ഭാഗത്ത് വെള്ളമൊഴുകിക്കൊണ്ടിരിക്കുന്നു. അതിൽ വെളുത്തനിറമുള്ള ഒരു മഹാത്മാവിന്റെ ഫോട്ടോ ഉണ്ട്. അദ്ദേഹം തലപ്പാവ് ധരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു, സ്വപ്നം കണ്ട് കുറച്ചുകാലത്തിനുശേഷം ഞാനെന്റ ഒരു സുഹത്തിന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ കണ്ട മഹാത്മാവിന്റെ ഫോട്ടോ ഉണ്ടായിരുന്നു. അതാരാണെന്ന് ഞാൻ ചോദിച്ചു. സുഹൃത്ത് പറഞ്ഞു: 'ഇത് ഇമാം മഹ്ദിയാണ്.' അങ്ങനെ താൻ കണ്ട സ്വപ്നം അദ്ദേഹം തന്റെ സുഹൃത്തിനോടു പറഞ്ഞു. അഹ്മദിയ്യത്തിനെ കുറിച്ച് കൂടുതൽ കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുകയും ചെയ്തു. അപ്പോൾ അഹ്മദി സുഹൃത്ത് പറഞ്ഞു: 'ഇന്ന് ഞങ്ങളുടെ മാസന്തോറുമുള്ള യോഗമാണ്. താങ്കൾ എന്നോടൊപ്പം വരിക. അവിടെ മുബല്ലിഗു സാഹിബിനോടു താങ്കൾക്ക് എല്ലാം ചോദിക്കാവുന്നതാണ്. അങ്ങനെ അദ്ദേഹം യോഗത്തിൽ പങ്കെടുത്തു. യോഗത്തിനുശേഷം താൻ അഹ്മദിയാകുന്നുവെന്ന് വിളംബരം ചെയ്തു. അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു:ഈ സത്യം എന്റെ സഹോദരീസഹോദരന്മാരോടു പറയാനും ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഞാൻ വീട്ടിൽപോയി എന്റെ സഹോദരീസഹോദരന്മാരോടു ഇക്കാര്യം പറയുന്നതാണ്. നാളെ എല്ലാവരും ബയ്അത്തു ചെയ്യുന്നതായിരിക്കും ഇൻശാഅല്ലാഹ്. അങ്ങനെ അടുത്ത ദിവസം ഇടയത്താഴത്തിന്റെ നേരത്ത് എല്ലാ സഹോദരീസഹോദരന്മാരും ഒന്നിച്ചു ചേർന്നപ്പോൾ അദ്ദേഹം അഹ്മദിയ്യത്തിനെക്കുറിച്ചുള്ള തന്റെ സ്വപ്നം കേൾപിച്ചു. അതിനോടൊപ്പം മറ്റുള്ളവരും ബയ്അത്ത് ചെയ്യാൻ പറഞ്ഞു. അപ്പോൾ എല്ലാ സഹോദരീസഹോദരന്മാരും അദ്ദേഹത്തെ പഴിക്കാൻ തുടങ്ങി. നിനക്ക് ഈ പുതിയ മതം സ്വീകരിക്കേണ്ട ഒരു ആവശ്യവുമില്ലെന്ന് അവർ പറഞ്ഞു. അപ്പോൾ താൻ തീർച്ചയായും ബയ്അത്തു ചെയ്യുമെന്ന് അദ്ദേഹം അവർക്ക് മറുപടി കൊടുത്തു. പറയുന്നു: അടുത്ത ദിവസം സുബ്ഹി നമസ്കാരത്തിനുശേഷം ഉറക്കം വന്നപ്പോൾ

കുറച്ചുനേരം കിടന്നുറങ്ങി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂറ ഹിജ്റിന്റെ 30 മുതൽ 33 വരെയുള്ള ആയത്തുകൾ ഓതാൻ ഉപദേശിച്ചുകൊണ്ടിരിക്കുന്നതായി അദ്ദേഹം സ്വപ്നം കണ്ടു. ഉണർന്നതിനുശേഷം അദ്ദേഹം മിഷൻ ഹൗസിലെത്തി. സഹോദരീസഹോദരന്മാരോടു താൻ കണ്ട സ്വപ്നം വിവരിച്ചു. അതിനോടൊപ്പം സ്വപ്നത്തിന്റെ വ്യാഖ്യാനവും ചോദിച്ചു. അപ്പോൾ മുറബ്ബി സാഹിബ് വിശുദ്ധ ഖുർആനിലെ ബന്ധപ്പെട്ട ആയത്തുകളെടുത്ത് അദ്ദേഹത്തെ കാണിച്ചു. അതിൽ ആദമിന്റെ സൃഷ്ടിപ്പിനുശേഷം മലക്കുകളുടെ സുജൂദുചെയ്യലും ഇബ്‌ലീസിന്റെ ധിക്കാരവുമായിരുന്നു പറഞ്ഞിരുന്നത്. ഇന്ന് രാവിലെ ഉണ്ടായ സംഭവത്തിൽ അല്ലാഹുവിൽനിന്നുള്ള മാർഗദർശനമാണിതെന്ന് അദ്ദേഹത്തോടു പറയപ്പെട്ടു. നിങ്ങൾ ബയ്അത്തു ചെയ്തത് മലക്കുകളുടെ രീതിയിലുള്ള പ്രവൃത്തിയാണ്. അദ്ദേഹം അപ്പോൾത്തന്നെ ഔദ്യേഗികമായി ബയ്അത്തു ചെയ്ത് ജമാഅത്തിൽ ചേർന്നു. അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തിന്റെ കർമനിരതനായ ഒരു അംഗമാണ്.

ഇപ്രകാരം ഐവറികോസ്റ്റ് (Ivory coast)ലെ Grand Lahou നഗരത്തിലെ ഒരു നവ അഹ്മദി സുഹൃത്ത് Kone Adama സാഹിബ് സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം വിവരിക്കുന്നു: ഞാൻ നമസ്കരിക്കുന്നതിന് മസ്ജിദിൽ പോയിരിക്കുന്നതായി സ്വപ്നം കണ്ടു. നമസ്കാരക്കാരെക്കൊണ്ട് മസ്ജിദ് നിറഞ്ഞിരിക്കുന്നതായി കണ്ടു. ഞാൻ നമസ്കരിക്കുന്നതിനായി ഒരു ഭാഗത്ത് മുസ്വല്ല വിരിക്കുകയാണ്. അപ്പോൾ പെട്ടെന്ന് ഒരാൾ വന്ന് 'താങ്കൾ മുസ്‌ലീംകളിൽ ഏതു കക്ഷിയുമായി ബന്ധമുള്ളയാളാണെന്ന്'എന്നോടു ചോദിക്കുന്നു. എന്റെ മുസ്വല്ല എടുക്കുകയും ചെയ്തു. ഞാൻ അഹ്മദി മുസ്‌ലിമാണെന്ന് അദ്ദേഹത്തിന് മറുപടി നല്കി. അപ്പോൾ ആ വ്യക്തി അഹ്മദിയ്യാ മസ്ജിദിൽപോയി നമസ്കരിക്കാൻ എന്നോടു പറഞ്ഞു. ഈ സ്വപ്നം കണ്ടുകൊണ്ട് അദ്ദേഹം പറയുന്നു, ഇതോടെ എനിക്ക് തൃപ്തിയായി. ഞാൻ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

യെമൻ(Yemen)ലെ ജമീല സാഹിബ താൻ അഹ്മദിയ്യത്ത് സ്വീകരിച്ച സംഭവം വിവരിക്കുന്നു. അവർ പറയുന്നു: അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുന്നതിന് വളരെ മുമ്പേ ഞാൻ സൗദി അറേബ്യയിലായിരുന്നു. അവിടെ എന്റെ ചായ്‌വ് സൂഫിസത്തിലേക്കായി. ഹദ്റത്ത് അബ്ദുൽ ഖാദിർ ജീലാനി ഖദ്ദസല്ലാഹു സിർറഹുൽ അസീസിന്റെ രചനകൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം പറഞ്ഞിട്ടുള്ള ഏകാന്ത ജീവിതമനുസരിച്ച് സ്വയം കർമങ്ങൾ ചെയ്തു. എനിക്ക് കുറച്ചൊക്കെ സമാധാനം ലഭിക്കുകയും ആത്മീയതയെക്കുറിച്ച് ബോധമുണ്ടാകുകയും ചെയ്തു. അതിന്റെ രീതി ഇതായിരുന്നു, എങ്ങനെയാണിവർ ഇബാദത്ത് അല്ലെങ്കിൽ ദിക്ർ ചെയ്തുകൊണ്ടിരുന്നത്. നൂറു നൂറു വീതം സൂറ ഫാത്തിഹ, ആയത്തുൽ ഖുർസി, സൂറ ഇഖ്‌ലാസ് ചൊല്ലിയതിനുശേഷം ആയിരം ആയിരം തവണ സ്വലാത്തും ഇസ്തിഗ്ഫാറും ചെയ്യുമായിരുന്നു. ഇത് സൂഫികളുടെ രീതിയായിരുന്നു. പറയുന്നു: ആ ഏകാന്ത ജീവിതം നയിക്കുന്ന നാളുകളിൽ ഒരു രാത്രി ഞാൻ സ്വപ്നത്തിൽ കണ്ടു; ചന്ദ്രനെപോലുള്ള വളരെ വലിയൊരു നക്ഷത്രം ഭൂമിയിൽ ഇറങ്ങിയിരിക്കുന്നു. അത് ഭൂമിയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. പിന്നീട് മച്ചിന്റെ വഴിയിലൂടെ അത് ഞങ്ങളുടെ വീട്ടിലും പ്രവേശിക്കുന്നു. എനിക്ക് ഭയവും അത്ഭുതവുമുണ്ടായി. എന്റെ കണ്ണ് തുറന്നുപോയി. കുറച്ച് ദിവസത്തിനുശേഷം ഞാൻ മറ്റൊരു സ്വപ്നത്തിൽ കൂടുതൽ അഞ്ചുനക്ഷത്രം കണ്ടു. അവർ വരിയായി ഭൂമിയിൽ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നു. പക്ഷേ, ആദ്യത്തെ നക്ഷത്രത്തേക്കാൾ വലുപ്പത്തിൽ ചെറുതായിരുന്നു. ജമീല സാഹിബായ്ക്ക് അത് അത്ര വ്യക്തമായിരുന്നില്ല. പക്ഷേ, ആദ്യനക്ഷത്രം കൊണ്ടുള്ള ഉദ്ദേശ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) ആയിരിക്കാമെന്നാണ് തോന്നുന്നത്; മറ്റുള്ളത് അഞ്ചു ഖലീഫമാരും. എന്തായാലും അവർ പറയുന്നു: പിന്നീട് എം.ടി.എ. ചാനൽ മുഖേന ജമാഅത്തിനെ കുറിച്ച് അറിഞ്ഞു. അപ്പോൾ അതിനെ കുറിച്ചറിയാനുള്ള ദാഹം കൂടിക്കൊണ്ടിരുന്നു. എം.ടി.എ കാണുന്നതിനിടയിൽ എന്റെ മനസ്സിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടു സ്നേഹമുണ്ടായി, അത് വർധിക്കാൻ തുടങ്ങി. അവിടന്നുതന്നെയാണ് കാലത്തിന്റെ ഇമാം എന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായി. ഇതിനിടയിൽ ഞാൻ 'അൽഹിവാറുൽ മുബാശിർ' എന്ന പരിപാടിയിൽ ഹദ്റത്ത് ഇമാം മഹ്ദിയുടെ സത്യസാക്ഷ്യത്തെക്കുറിച്ച് അന്വേഷിക്കുന്നവർ ഇസ്തിഖാറ ചെയ്ത് അല്ലാഹുവിനോട് മാർഗദർശനത്തിന് ദുആ ചെയ്യേണ്ടതാണെന്ന് പറയുന്നതു കേട്ടു." അവർ പറയുന്നു: ആ പറയപ്പെട്ട രീതിയനുസരിച്ച് ഞാൻ രണ്ട് റക്അത്ത് നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്തു. ആ രാത്രി ഞാൻ സ്വപ്നത്തിൽ കണ്ടു. 'ഞാൻ മക്കത്തുൽമുക്കർറമയിൽ ജനങ്ങളുടെ ഇടയിലാണുള്ളത്. ആളുകൾ തങ്ങളുടെ കാലുകളിലെ വിരലുകളിൽ എത്തിനിന്ന് കഴുത്ത് നീട്ടി ഒരാളെ കാണാൻ ശ്രമിക്കുകയാണ്. അപ്പോൾ ആരോ വിളിച്ചുപറഞ്ഞു, 'ജനങ്ങളേ! നിങ്ങളുടെ ഇമാം വന്നിരിക്കുന്നു. ജനങ്ങളേ! ഇമാം മഹ്ദി വന്നിരിക്കുന്നു.' ഞാനും ആ വശത്തേക്ക് നോക്കാൻ തുടങ്ങി. ഹദ്റത്ത് ഇമാം മഹ്ദി(അ) ഒരു ഉയർന്ന സ്ഥലത്ത് എല്ലാവരുടേയും മുമ്പിൽ വെളിപെടുന്നു. അദ്ദേഹത്തിന്റെ മുഖകമലം പതിനാലാംരാവിലെ ചന്ദ്രനെപോലെ വിളങ്ങുന്നുണ്ടായിരുന്നു. കണ്ണുകളിൽ വിഷമത്തിന്റെ അവസ്ഥയായിരുന്നു. ഞാൻ വളരെ ശ്രദ്ധിച്ച് അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ ഞാൻ എം.ടി.എ ചാനലിൽ കണ്ട അതേ ഇമാം മഹ്ദിയുടേയും മസീഹ് മൗഊദ്(അ)ന്റേയും മുഖമായിരുന്നു അത്. ഇത് കണ്ടപാടെ എന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഇറ്റുവീഴാൻ തുടങ്ങി. ഞാൻ ഏങ്ങലടിച്ചു കരയാൻ തുടങ്ങി. ഞാൻ ഈ സ്വപ്നം കണ്ടുകൊണ്ടിരിക്കുമ്പോൾ, എന്റെ ഭർത്താവ് ഉണരുകയായിരുന്നു. അദ്ദേഹം എന്നെ ഉണർത്തിക്കൊണ്ട് 'നീ വളരെ വിഷമത്തോടെ കരയുകയായിരുന്നുവെന്ന്' പറഞ്ഞു: ഞാൻ ഉണർന്നപ്പോൾ എന്റെ കണ്ണുകൾ കണ്ണീർകൊണ്ട് നിറഞ്ഞിരുന്നു." പറയുന്നു: "ഈ സ്വപ്നത്തിനുശേഷം സത്യമിതാണെന്ന് എനിക്ക് ദൃഢവിശ്വാസമായി, ഈ വ്യക്തി കാലത്തിന്റെ ഇമാമാണ്. ഞാൻ ആ ഇമാമിന് ബയ്അത്ത് ചെയ്യാൻ തീരുമാനിച്ചു." ഹുദൂർ പറയുന്നു: "ഇവർ യമൻകാരിയാണ്. യമനിലെ ഇപ്പോഴത്തെ അവസ്ഥ വളരെ മോശമാണെന്ന് എല്ലാവർക്കും അറിയാം. സമുദ്രത്തിലൂടെയും വായുവിലൂടെയുമുള്ള വഴികൾ അയൽരാജ്യമായ സൗദിഅറേബ്യ അടച്ചിരിക്കുകയാണ്. എല്ലാതരം സഹായങ്ങളും അവിടെന്ന് പോകുന്നതുകൊണ്ട് അവിടെ തടസങ്ങൾ ഇട്ടുകൊണ്ടിരിക്കുകയാണ്. നിരപരാധികളായ കുട്ടികളും സ്ത്രീകളും വൃദ്ധരും ഭക്ഷണം കിട്ടാത്തതുകൊണ്ടും ചികിത്സ ലഭിക്കാത്തതുകൊണ്ടും മരിച്ചുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകൾ, മുസ്‌ലിംകളെ കൊന്നുകൊണ്ടിരിക്കുന്നു. വന്ന ഇമാമിനെ വിശ്വസിക്കാത്തതാണ് അതിനു കാരണം. അവർക്കുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടേയും അവസ്ഥകൾ തിരിച്ചുവിടുമാറാകട്ടെ. സ്വാതന്ത്ര്യത്തോടെ കഴിയാനും സുഗമമായി ശ്വാസമെടുക്കാനും അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു അവരുടെമേൽ കരുണ ചെയ്യുമാറാകട്ടെ.

"ചില സൽപ്രകൃതക്കാർ, മനസ്സുകൊണ്ട് അഹ്മദിയ്യത്ത് സത്യമാണെന്ന് മനസ്സിലാക്കുന്നെങ്കിലും ചില കാരണങ്ങളാൽ ബയ്അത്ത് ചെയ്യുന്നില്ല. അല്ലാഹു ഏതു രീതിയിലാണ് അവരോട് ഔദ്യോഗികമായി ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേരാൻ പറയുന്നത്. ഇതുസംബന്ധമായി മാലിയിൽനിന്നുതന്നെ കായി റീജ്യണിലെ മുഅല്ലിം സാഹിബ് എഴുതുന്നു: 'അബ്ദുൽ ഹയ്യ് ജാബി സാഹിബിന്റെ അടുത്തൊരു സുഹൃത്ത് റമളാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ പെട്ടെന്ന് വഫാത്തായി. അബ്ദുൽ ഹയ്യ് ജാബി സാഹിബ് ഒരു ദിവസം സ്വപ്നം കണ്ടു. ആ മരിച്ച സുഹൃത്തിനോടൊപ്പം അദ്ദേഹം ബസ്സിൽ യാത്ര ചെയ്യുകയാണ്. അദ്ദേഹത്തിന്റെ സുഹൃത്ത് അദ്ദേഹത്തോട് പറയുന്നു: 'താങ്കൾ ഏതു ജമാഅത്തിലാണോ ചേരാൻ പോകുന്നത് അത് സത്യജമാഅത്താണ്. ഞാൻ ആ ജമാഅത്തിൽ ചേരുകയാണ്.' അബ്ദുൽ ഹയ്യ് ജാബി സാഹിബ് സ്ഥിരമായി നമ്മുടെ റേഡിയോ കേൾക്കുന്നയാളാണ്; മനസുകൊണ്ട് അഹ്മദിയായിരുന്നു. എന്നാൽ, ബയ്അത്ത് ചെയ്തിരുന്നില്ല. പക്ഷേ, ആ സ്വപ്നത്തിനുശേഷം അദ്ദേഹം ഫോൺ ചെയ്തു പറഞ്ഞു; 'ഞാൻ കായീ നഗരത്തിൽനിന്ന് കുറേ ദൂരെയാണ് താമസിക്കുന്നത്. നിങ്ങളുടെ റേഡിയോ കേൾക്കാറുണ്ട്. തബ്‌ലീഗും കേൾക്കുന്നുണ്ട്. ഞാൻ ഇങ്ങനെ സ്വപ്നം കണ്ടിരിക്കുന്നു. എന്റെ ബയ്അത്ത് സ്വീകരിച്ചാലും. ഞാൻ ഇന്നുമുതൽ അഹ്മദിയാണ്.'

മിസ്റിൽനിന്നുള്ള ഒരു സുഹൃത്ത് മഹ്മൂദ് ഗരീബ് സാഹിബ് പറയുന്നു: 9-ാം വയസുമുതൽ ഞാൻ സ്വപ്നത്തിൽ പ്രതാപത്തോടുകൂടിയ ഒരു ശബ്ദം കേൾക്കുമായിരുന്നു. അതിന്റെ പ്രതിധ്വനി എന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. എനിക്കത് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. പക്ഷേ, അതുകേട്ട് ഞാൻ പേടിച്ചിരുന്നു. പിന്നീട് 2010ൽ എം.ടി.എ അൽഅറബിയ ചാനൽ പരിചയപ്പെട്ടപ്പോൾ അതിൽ ശരീഫ് ഔദ സാഹിബിന്റേയും അസദ് മൂസാ ഔദാ സാഹിബിന്റേയും ശബ്ദത്തിലുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ലിഖിതങ്ങളിൽനിന്ന് ഞാൻ 9-ാം വയസ്സുമുതൽ സ്വപ്നത്തിൽ കേട്ടുകൊണ്ടിരുന്ന ശബ്ദം അവരുടേതായിരുന്നുവെന്ന് മനസ്സിലായി. അതിനുശേഷം എം.ടി.എ ചാനൽ കൂടുതൽ താൽപര്യത്തോടെ കാണാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കലാമും അവിടത്തെ ഖസീദകളും എന്റെ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചു. ഞാൻ നബി(സ)തിരുമേനിയുടെ അനുഗൃഹീതമുഖം ഭാവനയിലൂടെ കണ്ടപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ എന്റെ മുമ്പിൽവന്നു. ഒരു ദിവസം എം.ടി.എ. ചാനൽ കാണുകയായിരുന്നു. അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോയും കാണിച്ചുകൊണ്ടിരുന്നു. ഞാൻ ഫോട്ടോ നോക്കിക്കൊണ്ടു പറഞ്ഞു: ഞാൻ അല്ലാഹുവിനെ സത്യംചെയ്തുകൊണ്ട് ചോദിക്കുകയാണ്! താങ്കൾ താങ്കളുടെ വാദത്തിൽ സത്യവാനാണോ എന്ന് എനിക്ക് പറഞ്ഞുതരിക."പറയുന്നു: "അതിനുശേഷം ഞാൻ ജോലിക്കുപോയി. വൈകുന്നേരം തിരിച്ചെത്തിയപ്പോൾ, വേഗം ടി.വി ഓൺ ചെയ്ത് എം.ടി.എ ചാനൽ കണ്ടപ്പോൾ അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉദ്ധരണി വായിക്കുകയായിരുന്നു. യാ ഖൗമീ ഇന്നീ മിനല്ലാഹി ഇന്നീ മിനല്ലാഹി ഇന്നീ മിനല്ലാഹി. വ ഉശ്ഹിദു റബ്ബി

ഇന്നീ മിനല്ലാഹി. എന്റെ ജനമേ! ഞാൻ അല്ലാഹുവിൽനിന്നുള്ളവനാണ്. ഞാൻ അല്ലാഹുവിൽ നിന്നുള്ളവനാണ്. ഞാൻ അല്ലാഹുവിൽനിന്നുള്ളവനാണ്. ഞാനെന്റെ റബ്ബിനെ സാക്ഷി നിറുത്തിക്കൊണ്ടു പറയുന്നു: ഞാൻ അല്ലാഹുവിൽനിന്നുള്ളവനാണ്. അദ്ദേഹം പറഞ്ഞു: ഇതു കേട്ടപാടെ ഞാൻ മുട്ടുകുത്തി വീണുപോയി. അനിയന്ത്രിതമായലോകത്ത് ടിവിയിലുള്ള ഹുദൂറിന്റെ(അ) ചിത്രത്തിൽ മുത്തംവെച്ചുകൊണ്ട് അലയ്ക്കസ്സലാം അലയ്ക്കസ്സലാം എന്നു പറയാൻ തുടങ്ങി. ഒറ്റനിമിഷംകൊണ്ട് അഹ്മദിയ്യത്ത് എന്റേതെല്ലാമായി മാറി. പിന്നീട് ഞാൻ ബയ്അത്ത് ചെയ്തു.”

ജോർദാൻ(Jordan) നിലെ ഒരു സുഹൃത്ത് ജമീൽ സറാൻ സാഹിബ് താൻ ബയ്അത്തു ചെയ്ത സംഭവം വിവരിച്ചുകൊണ്ടു പറയുന്നു: “1992-ൽ മുസ്‌ലിം സമുദായത്തിന് വിവിധ പ്രശ്നങ്ങളേയും ബുദ്ധിമുട്ടുകളേയും നേരിടേണ്ടി വന്നപ്പോൾ ഖയ്റെ ഉമ്മത്തിന് ഇതെല്ലാമുണ്ടാകുന്നതെന്താണെന്ന് ഞാൻ രാപകൽ ചിന്തിച്ചുകൊണ്ടിരുന്നു. ഖയ്റെ ഉമ്മത്ത് ആയിരുന്നിട്ടും മുസ്‌ലീകൾ ഭിന്നിപ്പിന്റേയും അധഃപതനത്തന്റേയും വേട്ടയായിരിക്കുന്നു. പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ദീൻ ഇപ്പോൾ കാണുന്നതുപോലുള്ളതല്ലെന്ന് എന്റെ ഉള്ളിൽനിന്ന് വിളിച്ചു പറയാൻ തുടങ്ങി. തീർച്ചയായും എന്തോ സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഉമ്മത്ത് ഇങ്ങനെ അനുഭവിക്കുന്നത്.” പറയുന്നു: ഒരു രാത്രി ഞാൻ സ്വപ്നം കണ്ടു. വഴിയിൽ ഞാൻ തനിച്ചു നില്ക്കുകയാണ്. ആ വഴി നേരെയുള്ളതും ഉറച്ചതുമായിരുന്നു. അപ്പോൾ ഒരു ആധുനിക മേഴ്സഡൈസ് കാർ വന്നു. അതിൽ ഡ്രൈവറോടൊപ്പമുള്ള സീറ്റിൽ ഒരാൾ ഇരിക്കുന്നുണ്ട്. അദ്ദേഹം എന്നോട് കാറോടിക്കാൻ കല്പിക്കുന്നു. ഞാൻ ഡ്രൈവർ സീറ്റിലിരുന്നു. ഹദ്റത്ത് ഇമാം മഹ്ദി(അ)യോടൊപ്പമാണ് ഇരിക്കുന്നതെന്ന് എന്റെ മനസ്സിൽ ഇടപ്പെട്ടു. എനിക്ക് ഭയമുണ്ടാകാൻ തുടങ്ങി. കാർ മുന്നോട്ടുപോകുമ്പോൾ വഴിയിൽ പെട്ടെന്ന് കറുത്ത മുഖമുള്ള ആളുകൾ വെളിപ്പെട്ട് വഴിയുടെ ഇരുവശങ്ങളിലും വരിവരിയായി നില്ക്കാൻ തുടങ്ങി. അവരുടെ പക്കൽ നിസാരമായ ആയുധവും ഉണ്ടായിരുന്നു. പിന്നീട് അവർ ഞങ്ങളുടെനേരെ വെടിവെച്ചു. പക്ഷേ, ഞങ്ങൾക്ക് ഒരു വെടിയും ഏറ്റില്ല. തികച്ചും സുരക്ഷിതരായി ലക്ഷ്യസ്ഥാനത്തെത്തി.” പറയുന്നു: സ്വപ്നത്തിൽത്തന്നെ ഞാൻ വണ്ടി നിറുത്തുകയാണ്. താഴെ ഇറങ്ങി വണ്ടിയുടെ ഡിക്കി തുറക്കാൻ ഹദ്റത്ത് ഇമാം മഹ്ദി(അ) എന്നോടു പറഞ്ഞു. ഞാൻ താഴെ ഇറങ്ങി ഡിക്കി തുറന്നു. അവിടെ മരംകൊണ്ട് നിർമിച്ച വളരെ മനോഹരമായ ഒരു പെട്ടിയുണ്ട്. അതിൽ 5 വയസ്സുള്ള ഒരു കുട്ടിയുണ്ട്. ആ കുട്ടി എന്നെ നോക്കുന്നുണ്ട്.' ഞാൻ ഉണർന്നപ്പോൾ സ്വപ്നം കാരണത്താൽ വളരെ സന്തോഷിച്ചു. മനസ്സിൽ പറഞ്ഞു: തീർച്ചയായും ഇത് അല്ലാഹുവിൽനിന്നുള്ള എന്തോ സന്ദേശമാണ്. ഞാൻ സ്വപ്നത്തെ ഇങ്ങനെ വ്യാഖ്യാനിച്ചു: 'പുതിയ വണ്ടികൊണ്ടുള്ള ഉദ്ദേശ്യം ജീവിതത്തിന്റെ പുതിയ യാത്രയാണ്. ഞങ്ങളുടെമേൽ നിറയൊഴിച്ച കറുത്ത മുഖമുള്ളവർ ആ പുതിയ ജീവിതത്തോടു ശത്രുത പുലർത്തുന്നവരാണ്; പക്ഷേ, അതുകൊണ്ട് ഒന്നും സംഭവിക്കുകയില്ല. മനോഹരമായ പെട്ടിയിലാണ് രഹസ്യങ്ങൾ സൂക്ഷിച്ചുവെക്കുന്നത്. 5 വയസ്സുള്ള കുട്ടികൊണ്ടുള്ള ഉദ്ദേശ്യം കുറച്ചു സുവാർത്തകളാണ്. അത് അഞ്ചുവർഷത്തിനുള്ളിൽ പുലരുന്നതായിരിക്കും.' പറയുന്നു: അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെട്ടതിനുശേഷമാണ് എന്റെ ജീവിതത്തിന്റെ പുതിയ യാത്ര ആരംഭിച്ചതെന്നത് അത്ഭുതകരമായ കാര്യമാണ്. ഖിലാഫത്തെ ഖാമിസായുടെ അനുഗൃഹീതകാലത്ത് എനിക്ക് ജമാഅത്തിൽ ചേരാൻ തൗഫീഖ് കിട്ടി.' പറയുന്നു: 'ഞാനെന്റെ ഗ്രാമത്തിൽ തനിച്ച് അഹ്മദിയ്യായിരുന്നു. ഇമാം മഹ്ദിയെ കുറിച്ച് ഞാൻ വിളംബരം ചെയ്തയുടനെ എന്റെ മിത്രങ്ങളെല്ലാം ശത്രുക്കളായി. മസ്ജിദുകളിൽനിന്ന് എനിക്കെതിരെ കുഫ്ർ ഫത്വ പുറപ്പെട്ടു. ഈ യാത്ര പൂർത്തിയാക്കുന്നതിന് എനിക്ക് സുഹൃത്തിനെ നലകേണമേ എന്ന് ഞാൻ അല്ലാഹുവിനോടു ദുആ ചെയ്തു. അപ്പോൾ അല്ലാഹു ഞാനറിയാത്ത നല്ലവരും സാത്വികരുമായ ആളുകളെ എനിക്ക് ലഭ്യമാക്കി. അവർ എന്റെ യഥാർഥ സ്നേഹിതരും ബന്ധുക്കളുമായിത്തീർന്നു.'

സിറിയ(Syria) യിൽനിന്നുള്ള ഒരു സുഹൃത്ത് മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ്, ഇപ്പോൾ അദ്ദേഹം കനഡയിലാണ് പറയുന്നു: ഞാൻ ഒരു സെയിൽസ്മാന്റെ ജോലിയാണ് ചെയ്തിരുന്നത്. എന്റെ ഉപഭോക്താക്കളിൽ ഒരാളുടെ മകനുമായി പരിചയപ്പെട്ടു. ഈ യുവാവ് അഹ്മദിയായിരുന്നു. ബന്ധം കൂടിയപ്പോൾ അദ്ദേഹം എന്നോട് ജമാഅത്തിനെ കുറിച്ച് പറഞ്ഞു. അദ്ദേഹം എനിക്ക് ഇസ്‌ലാമി ഉസൂൽ കി ഫലാസഫിയുടെ അറബി തർജമ തന്നു. ഞാൻ ആ ഗ്രന്ഥം വായിച്ച് വളരെ ആകർഷിതനായി. അതിൽ കണ്ട ബുദ്ധിപരമായ കാര്യങ്ങൾ ഏറെ ഇഷ്ടപ്പെട്ടു. പിന്നീട് ഏകദേശം ഒരുവർഷം ജമാഅത്തിന്റെ വിവിധ ഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടിരുന്നു. അതിനോടൊപ്പം എം.ടി.എ അൽഅറബിയാ ചാനലും കാണാൻ തുടങ്ങി. ഒരു വർഷം ഗ്രന്ഥങ്ങൾ വായിക്കുകയും എം.ടി.എ കാണുകയും ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾ താരതമ്യം ചെയ്യുകയും ചെയ്തതിനുശേഷം എന്റെ മനസ്സിൽ അഹ്മദിയ്യാ ജമാഅത്തിൽ ചേരണമെന്നുള്ള ആഗ്രഹം ജന്മംകൊണ്ടു. ഞാൻ ഇസ്തിഖാറ ചെയ്തു. കുറച്ചു ദിവസങ്ങൾക്കുശേഷം വരാൻപോകുന്ന ഒരു ദിവസം എനിക്ക് ലയ്ലത്തുൽ ഖദ്റായി സ്ഥാപിതമായി. അതിൽ ഞാൻ മഹത്തായൊരു സ്വപ്നം കണ്ടു. ഞാൻ എന്റെ പരിശുദ്ധനും പുണ്യവാനുമായ ഒരു ബന്ധുവിനെ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം എനിക്ക് ഒരു കടലാസ് നല്കിക്കൊണ്ട് ഇത് മുഹമ്മദ് റസൂലുല്ലാഹ്(സ)ൽ നിന്നുള്ളതാണെന്ന് പറഞ്ഞു. ഞാൻ വേഗത്തിൽ തികഞ്ഞ താല്പര്യത്തോടെ അത് തുറന്നു. അതിൽ എഴുതിയിരുന്നു: “അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു.' ഞാൻ ഉറക്കത്തിൽനിന്നുണർന്നു. വളരെ സന്തോഷത്തിലായിരുന്നു. എന്റെ നാവിൽ അപ്പോൾ ഈ വചനമായിരുന്നു. ഉദ്ഖുലൂഹാ ബിസലാമിൻ ആമിനീൻ. അതിൽ സമാധാനത്തോടുകൂടി നിർഭയനായി പ്രവേശിച്ചുകൊള്ളുക.' പറയുന്നു: 'ജമാഅത്തിൽ ചേരുന്നതിനുള്ള വ്യക്തമായൊരു സന്ദേശമായിരുന്നു അത്. എന്റെ ഇസ്തിഖാറയ്ക്കുള്ള മറുപടിയാണ് അതെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. ഇക്കാരണത്തിൽ ഞാൻ പിന്നീട് ബയ്അത്ത് ചെയ്തു.'

സിറിയ(Syria)യിൽനിന്നുള്ള ഒരു സ്ത്രീ താൻ ബയ്അത്ത് ചെയ്ത സംഭവം വിവരിക്കുന്നു: അഹ്മദിയ്യത്തിനെ കുറിച്ച് അറിയുന്നതിനു മുമ്പേ ഒരു ജമാഅത്ത് സത്യമാണെന്ന് കണ്ട് എന്റെ സഹോദരി അതിൽ ചേർന്നു. ആ ജമാഅത്ത് ശരീഅത്തിന്റെ പേരിൽ തങ്ങളുടേതായ ശരീഅത്ത് ഉണ്ടാക്കിവച്ചിരിക്കുകയാണെന്ന് പിന്നീടാണ് അറിഞ്ഞത്. അതിനുശേഷം ഞാൻ അല്ലാഹുവിനോടു കരഞ്ഞുകരഞ്ഞു ദുആ ചെയ്തു.' പറഞ്ഞു: “അല്ലാഹുവേ! നിന്റെ ശരിയായ ദീൻ എവിടെയാണെന്ന് നീ എനിക്ക് പറഞ്ഞുതന്നാലും. ഏതു ജമാഅത്തിനാണ് ഇന്ന് നിന്റെ പിന്തുണ കരസ്ഥമായിട്ടുള്ളത്. ഒരുപാടുനാൾ ഈ ദുആ ചെയ്തതിനുശേഷം ഒരു ദിവസം മഹത്തായൊരു പ്രകാശം എന്റെ ഉള്ളിൽ പ്രവേശിച്ചിരിക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. ഈ അവസ്ഥ കണ്ടുകൊണ്ട് പറയുന്നു:ഞാൻ എന്റെ പ്രാർഥനയ്ക്ക് മൂർച്ച കൂട്ടി. കഠിനമായ കരച്ചിൽ കാരണത്താൽ ഇക്കിൾ വന്നുകൊണ്ടിരുന്നു. ഈ അവസ്ഥയിൽ ഒരാൾ എന്നോടൊപ്പം വന്നു നില്ക്കുന്നതായി ഞാൻ കണ്ടു. അദ്ദേഹം എന്നോട് സഹതാപം കാണിക്കാനാണ് വന്നിട്ടുള്ളതെന്ന് ആ അവസ്ഥയിൽ എനിക്കു തോന്നി. ഞാൻ അദ്ദേഹത്തെ കണ്ട്, എന്റെ മനസ്സിൽ പറഞ്ഞു: 'ഈ വ്യക്തി ആരാണ്?' പക്ഷേ, എനിക്കതിന് മറുപടി ഒന്നും കിട്ടിയില്ല. അടുത്ത ദിവസം വീണ്ടും ഞാൻ ഒരുപാട് കരഞ്ഞു; എന്റെ ഏങ്ങൽ നിലച്ചുപോയി. ഞാൻ വീണ്ടും ആ വ്യക്തിയെ എന്നോടൊപ്പം കണ്ടു. മൂന്നാം പ്രാവശ്യവും അങ്ങനെതന്നെ സംഭവിച്ചു. അപ്പോൾ 'അല്ലാഹുവേ! ഈ സഹതാപി ആരാണെന്ന് എനിക്ക് പറഞ്ഞു തന്നാലും, എന്തിനാണിങ്ങനെ വീണ്ടും വീണ്ടും എനിക്ക് കാണിച്ചുതരുന്നത് എന്ന് ഞാൻ ഉയർന്ന ശബ്ദത്തോടെ അല്ലാഹുവിനോടു വിലപിച്ച് പറഞ്ഞു.' പറയുന്നു: 'ഇതിനുള്ള മറുപടി കുറച്ചുകാലത്തിനു ശേഷമാണ് എനിക്ക് കിട്ടിയത്. സംഭവം ഇങ്ങനെയാണുണ്ടായത്. ഞാൻ എന്റെ സഹോദരിയോടും മാതൃസഹോദരിയോടൊപ്പം ഇരുന്ന് മസീഹ് മൗഊദ് വരണമല്ലോ എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു. ഇക്കാലഘട്ടത്തിൽ ടിവിയിലൂടെ മസീഹ് വന്നിരിക്കുന്നുവെന്ന് എവിടെ നിന്നെങ്കിലും വിളംബരം ഉണ്ടകുമെന്നും ആളുകൾ കൂട്ടത്തോടെ വിശ്വസിക്കുന്നതിന് ഓടുമെന്നുമുള്ള കാര്യം ഞങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു; പക്ഷേ, ഇക്കാലത്തെ മൗലവിമാർ ടിവി ഹറാമാക്കിയിരിക്കുകയാണല്ലോ! ചില പ്രദേശങ്ങളിൽ ടിവി കാണുന്നത് ഹറാമാണെന്ന് അറബികളിൽ മൗലവിമാർ ഫത്വ നല്കിയിരിക്കുന്നു. ടിവി കാണുന്നത് ഹറാമാണെങ്കിൽ നമ്മളെങ്ങനെയാണ് അദ്ദേഹത്തെ കുറിച്ച് അറിയുക! പരസ്പരം കൂടിയാലോചിച്ചതിനുശേഷം ഞങ്ങൾ ഞങ്ങളുടെ മൗലവിമാരുടെ ഫത്വയെ ലംഘിച്ചുകൊണ്ട് ടിവി കൊണ്ടുവന്ന് കാണാൻ തുടങ്ങി. അതിനുശേഷം ഞാൻ അത്ഭുതകരമായ സ്വപ്നം കണ്ടു. അത് എന്റെ മുഖച്ഛായ മാറ്റിക്കളഞ്ഞു. ഞാൻ കണ്ടു; ഞാനൊരു വലിയ മൈതാനത്താണുള്ളത്. അപ്പോൾ കുറച്ചാളുകൾ ഒരു കാറിൽ വരുന്നതുകണ്ടു. അതിന്റെ മുകൾഭാഗത്ത് സാറ്റ്ലൈറ്റ് ഡിഷ് ഘടിപ്പിച്ചിട്ടുണ്ട്. അവരുടെ കാർ മൈതാനത്തിന്റെ നടുവിലെത്തി നിന്നു. അതിൽനിന്ന് കുറച്ചാളുകൾ സാധനങ്ങളെടുത്ത് തറയിൽ വെക്കുകയാണ്. അവരിൽ ഒരാൾ അറബിവസ്ത്രമാണ് ധരിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ മുഖം വിളങ്ങുന്നുണ്ട്. പെട്ടെന്ന് ആ വ്യക്തി മൈതാനത്തിന്റെ നടുവിൽനിന്ന് വന്ന് എന്റെ മുമ്പിൽനിന്നു. എന്നോടു പറയുന്നു: സഹോദരീ! നിങ്ങളെന്താണ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്? ഞാൻ മറുപടി പറയുന്നതിനു പകരം അദ്ദേഹത്തോടു ചോദിക്കുന്നു. നിങ്ങൾ ഇവിടെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? അദ്ദേഹം പറഞ്ഞു:'ഞങ്ങൾ പുതിയ ടി.വി ചാനൽ തുറക്കുകയാണ്; നിങ്ങൾ അത് കാണുമോ? ഞാൻ പറഞ്ഞു: 'എന്തു കൊണ്ടില്ല? തീർച്ചയായും കാണുന്നതാണ്.' പറയുന്നു: ആ സംസാരത്തിനുശേഷം ഞാനുണർന്നു. അടുത്തദിവസം ഞാൻ ടിവി കൊണ്ടുവന്നു. അല്പനിമിഷത്തിനുള്ളിൽ എല്ലാം സെറ്റ് ചെയ്തു. ഓരോ ചാനലുകളും നോക്കുന്നതിനി

ടയിൽ ഒരു ചാനൽ ഇതിൽനിന്നെല്ലാം വേറിട്ടിരിക്കുന്നുവെന്ന് എനിക്ക് തോന്നി. ഇക്കാരണത്താലാണ് മറ്റു ചാനലുകളെല്ലാം ഉപേക്ഷിച്ച് കുറച്ചുനേരത്തേക്ക് അത് കാണാൻ തുടങ്ങിയത്. അത് എം.ടി.എ ചാനലായിരുന്നു. ആ നേരത്ത് അൽഹിവാറുൽമുബാശിർ എന്ന പരിപാടി നടക്കുകയായിരുന്നു. ആ പരിപാടി കണ്ടുകൊണ്ടിരിക്കെ ആവർത്തിച്ചാവർത്തിച്ച് എന്റെ ദൃഷ്ടി ആതിഥേയനിലേക്ക് പോയി. അദ്ദേഹത്തെ എവിടെയോ കണ്ടിരുന്നെന്ന് എനിക്കുതോന്നി. പെട്ടെന്ന് സ്വപ്നത്തിൽ വിശാലമായ മൈതാനത്ത് സാറ്റ്ലൈറ്റ് ചാനൽ തുറക്കുന്നതായി കണ്ട അതേ വ്യക്തിയാണിതെന്ന് എനിക്കോർമ വന്നു. ഒരു ദിവസം അവരുടെ പ്രോഗ്രാം കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അതിൽ ഇമാം മഹ്ദി, മസീഹ് മൗഊദ് എന്നീ വാക്കുകൾ കേട്ട് പെട്ടെന്ന് അതിലേക്ക് ശ്രദ്ധിച്ചു. അങ്ങനെയിരിക്കുമ്പോൾ ഒരു ഫോട്ടോ ടിവി സ്ക്രീനിൽ വെളിപ്പെട്ടു. അതിന്റെ താഴെ ഇമാം മഹ്ദി, മസീഹ് മൗഊദ് എന്നീ പദങ്ങൾ എഴുതിയിട്ടുണ്ടായിരുന്നു. എന്റെ ആകാംക്ഷ വർധിച്ചപ്പോൾ ഇമാം മഹ്ദിയുടെ ഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധരണി അവതരിപ്പിക്കപ്പെട്ടു. ആദ്യ ഉദ്ധരണിയുടെ ആദ്യ വാക്യംതന്നെ എന്റെ മുഖച്ഛായ മാറ്റുന്നതിന് മതിയായതായിരുന്നു. വ വല്ലാഹി ഇന്നീ മിനല്ലാഹി അതയ്ത്തു വമഫ്ത്തറയ്ത്തു വ ഖദ് ഖാബ മനിഫ്ത്തറാ

അല്ലാഹുവാണ! ഞാൻ അല്ലാഹുവിൽനിന്ന് വന്നിരിക്കുന്നു. ഞാൻ കറ്റുകെട്ടി ഒന്നും പറഞ്ഞിട്ടില്ല. തീർച്ചയായും കറ്റുകെട്ടി പറയുന്നവർ പരാജയപ്പെട്ടവനും നഷ്ടപ്പെട്ടവനുമാണ്. ഈ വാക്കുകൾ കേട്ടുടനെ ഞാൻ അനിയന്ത്രിതമായി പറഞ്ഞുപോയി. 'ഇതു ഏതോ സത്യവാന്റെ മൊഴിയാണ്. തീർയായും ഈ വ്യക്തി തന്റെ വാദത്തിൽ സത്യവാനാണ്. ഇതുതന്നെയാണ് മസീഹ് മൗഊദും ഇമാം മഹ്ദിയും.' ഈ ഉദ്ധരണി വായിക്കുന്നതിനിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫോട്ടോ വീണ്ടും കാണിക്കപ്പെട്ടു. ഇപ്രാവശ്യം അതുകണ്ടപ്പോൾ ഞാൻ അവിടെത്തന്നെ സ്തംഭിച്ചിരുന്നുപോയി. കാരണം മുമ്പേ ജാഗ്രദർശനത്തിൽ കണ്ട അതേ വ്യക്തിയായിരുന്നു അത്; ഞാൻ അല്ലാഹുവിനോടു കരഞ്ഞു കരഞ്ഞു ദുആ ചെയ്യുകയും അല്ലാഹുവേ!ഇന്ന് നിന്റെ ശരിയായ ദീൻ എവിടെയാണ്? ഇന്ന് ഏതു ജമാഅത്തിനാണ് നി ന്റെ പിന്തുണ കരസ്ഥമായിട്ടുള്ളത്? എന്ന് ചോദിക്കുകയും ചെയ്തപ്പോൾ ഈ വ്യക്തിയാണ് എന്നോടു സഹതാപം കാണിക്കാൻ വന്നത്. അദ്ദേഹത്തെ കണ്ടുകൊണ്ട് ആ വ്യക്തിയാരാണെന്ന് അറിയില്ലല്ലോ എന്നു ഞാൻ അന്നു പറഞ്ഞിരുന്നു. ഇപ്പോൾ ടി.വി യിൽ അതേ ഫോട്ടോ കണ്ടുകൊണ്ട് എനിക്കെന്റെ കശ്ഫ് അഥവാ ജാഗ്രദർശനവും അതിന്റെ വ്യാഖ്യാനവും മനസ്സിലായി. അല്ലാഹു എന്നോടു അന്നു പറഞ്ഞിരുന്നു, ഈ വ്യക്തിയുടെ ജമാഅത്തിനാണ് ദൈവികമായ പിന്തുണ കരസ്ഥമായിട്ടുള്ളതെന്ന്! ഇവർ തന്നെയാണ് അല്ലാഹുവിന്റെ സത്യദീനിന്റെ പ്രതിനിധിയായിട്ടുള്ള ജമാഅത്തെന്ന്! പറയുന്നു: "ഞാൻ കരഞ്ഞുകൊണ്ട് ആ ഫോട്ടോ നോക്കി പറഞ്ഞു: 'ഇന്ന് താങ്കൾതന്നെയാണ് ഇസ്ലാമിനുവേണ്ടി പ്രതിരോധം നടത്തുന്നത്. ക്രിസ്ത്യാനികളുടെ ആക്ഷേപങ്ങളെ ഖണ്ഡിക്കുന്നത്. താങ്കൾതന്നെയാണ് സത്യവാനായ മസീഹും മഹ്ദിയും. ഞാൻ താങ്കളെ സാക്ഷ്യപ്പെടുത്തുന്നു. താങ്കൾക്കു ബയ്അത്തു ചെയ്യുന്നു.' വാസ്തവത്തിൽ അപ്പോൾ എനിക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്തു ചെയ്യേണ്ടത് നിർബന്ധമാണെന്ന കാര്യം അറിയില്ലായിരുന്നു. ഞാൻ എന്റെ അടുത്ത ആളുകളോടു ഈ ചാനലിനേയും ജമാഅത്തിനേയും കുറിച്ച് പറഞ്ഞു. മിക്ക ആളുകളും ഞാൻ പറഞ്ഞ കാര്യം ഗൗരവമായി എടുത്തില്ല. എങ്കിലും എന്റെ സഹോദരിയും മാതൃസഹോദരിയും എം.ടി.എ ചാനൽ കണ്ടതിനുശേഷം ബയ്അത്തു ചെയ്യാൻ തീരുമാനിച്ചു. അതിനുശേഷം എന്റെ മാതാവും സഹോദരനും മറ്റു രണ്ടു സഹോദരിമാരും ബയ്അത്തു ചെയ്തു. അദ്ദേഹത്തിന്റെ പേരാണ് ഗനിയുൽഅജാൻ.

മിസ്റിലെ ഒരു സുഹൃത്ത് സഈദ് രഖാ സാഹിബ് പറയുന്നു: അഹ്മദിയ്യത്തിനെ പരിചയപ്പെട്ടതിനുശേഷം കുറച്ചുകാലം മുമ്പേ വിശാലമായ ഒരു മൈതാനത്ത് ഞാൻ തനിച്ചു നില്ക്കുന്നത് സ്വപ്നം കണ്ടു. അവിടെ മനോഹരമായൊരു കൂടാരം അടിച്ചിട്ടുണ്ടായിരുന്നു. അതിനു വെളിയിൽ ധാരാളമാളുകൾ അതിനെ സംരക്ഷിക്കുന്നതിനുവേണ്ടി നിയമിക്കപ്പെട്ടിരുന്നു. ആ സംരക്ഷകരിൽ ഒരാൾ എന്നോടു പറഞ്ഞു:'താങ്കൾ ഇവിടെ എങ്ങനെയാണ് വന്നത്? എനിക്കറിയില്ല എന്ന് ഞാൻ പറഞ്ഞു. ഈ കൂടാരത്തിലുള്ളത് ആരാണെന്ന് താങ്കൾ പറയുക? എന്ന് ഞാൻ പറഞ്ഞപ്പോൾ ആ കാവൽക്കാരൻ പറഞ്ഞു, ഈ കൂടാരത്തിലുള്ളത് നബി(സ)തിരുമേനിയാണ്. അതുകേട്ടപാടെ എനിക്ക് അതിയായ സന്തോഷമുണ്ടായി. അതിനോടൊപ്പം കഠിനമായ ഭയവുമുണ്ടായി. കാരണം നബി(സ)തിരുമേനിയുള്ള ആ മഹത്തായ സ്ഥലത്ത് ഞാനെങ്ങനെ എത്തിയെന്ന് എനിക്ക് വിശ്വാസം വരുന്നുണ്ടായിരുന്നില്ല. അതിനിടയിൽ നബി(സ)തിരുമേനിയുടെ അത്യന്തം മനോഹരവും മാധുര്യമുള്ളതുമായ ശബ്ദം കേട്ടു. അവിടന്ന് പറയുന്നു, 'താങ്കൾ എന്നെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു, പക്ഷേ, ശയ്മായെ എന്തിനാണ് വിട്ടു വന്നത്. തയ്യാറായിരിക്കുക. കരണം അവൾ വരുന്നുണ്ട്.' ആ സമയത്ത് കൂടാരത്തിന്റെ വാതിൽ തുറക്കുന്നു. നബി(സ)തിരുമേനി ആകാശനിറമുള്ള പുതപ്പ് പുതച്ച് വെളിയിൽ വരുന്നു. മറുഭാഗത്ത് ശയ്മാ എന്നു പേരുള്ള ഒരു ചെറിയ പെൺകുട്ടിയും സ്കൂൾ യൂണിഫോമിട്ട് വരുന്നുണ്ട്. എല്ലാ കാവൽക്കാരും രണ്ടുവരിയായി നിന്ന് നബി(സ)തിരുമേനിയേയും ആ പെൺകുട്ടിയേയും വരവേല്ക്കുന്നു. പറയുന്നു: ഞാൻ ആ സമയംവരെ സ്വപ്നത്തിൽ വിശ്വസിച്ചിരുന്നില്ല. ശയ്മ എന്നുപേരുള്ള പെൺകുട്ടിയും ഈ സ്വപ്നത്തിൽ വന്നത് പാഴ്സ്വപ്നങ്ങളാണെന്ന എന്റെ ചിന്താഗതിക്ക് ശക്തി പകരുന്നതായിരുന്നു. അതായത് അങ്ങനെയങ്ങ് ഒരു സ്വപ്നം കണ്ടുവെന്ന്! പിന്നീടാണ് അറിഞ്ഞത് സ്വപ്നത്തിലെ ആ പെൺകുട്ടിയുടെ സാന്നിദ്ധ്യം എനിക്ക് ഈ സ്വപ്നത്തിന്റേയും പിന്നീടുണ്ടായ സ്വപ്നത്തിന്റേയും സത്യസാക്ഷ്യത്തിൽ ദൃഢവിശ്വാസം നല്കുന്നതിനുവേണ്ടിയായിരുന്നുവെന്ന്. എന്തായാലും പറയുന്നു, ഞാൻ ആ സ്വപ്നത്തെ ഒട്ടും ശ്രദ്ധിച്ചില്ല. ആരോടും അതിനെക്കുറിച്ച് പറഞ്ഞതുമില്ല. എനിക്ക് വിശ്വാസവുമുണ്ടായിരുന്നുമില്ല. ഈ കുട്ടിയുടെ വരവ് ഞാൻ ഏതോ പാഴ്സ്വപ്നം കണ്ടതുപോലെയായിരുന്നു. അതുകൊണ്ട് പറയേണ്ട കാര്യവുമില്ലായിരുന്നു. പക്ഷേ, കുറച്ചു ദിവസം കഴിഞ്ഞതേയുള്ളൂ, ഞാൻ മറ്റൊരു സ്വപ്നം കണ്ടു. അത് ആദ്യം കണ്ട സ്വപ്നവുമായി കൂടിക്കലർന്നതായിരുന്നു. ഞാൻ ഗോതമ്പുനിറമുള്ള ഒരാളെ കണ്ടു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ഇത് നബി(സ)തിരുമേനിയാണെന്ന് എന്നോടു പറയപ്പെട്ടു. അവിടന്ന് കുറച്ചു സമയത്തിനുശേഷം വഫാത്തായി. ഖബ്റടക്കവും നടന്നു. അതിനുശേഷം കണ്ടത് വെള്ളി നാണയങ്ങളുടെ ഒരു വലിയ കൂമ്പാരത്തിൽനിന്ന് ആളുകൾ ബക്കറ്റുകൾ നിറച്ച് നി റച്ച് നബി(സ)തിരുമേനിയുടെ ഖബ്റിനുമേൽ ഇട്ടുകൊണ്ടിരിക്കുന്നതാണ്. ഞാനെന്റെ മുൻ ശീലമെന്ന നിലയിൽ ആ സ്വപ്നത്തിനും ഒരു പ്രാധാന്യവും നല്കിയില്ല. കാരണം സ്വപ്നത്തിൽ എനിക്കു വിശ്വാസമുണ്ടായിരുന്നില്ല. ആരോടും അതിനെക്കുറിച്ച് പറഞ്ഞതുമില്ല. പക്ഷേ, മുകളിൽ പറഞ്ഞതായ രണ്ടു സ്വപ്നങ്ങളും എന്നെ ഒരു കാര്യത്തിൽ ചിന്തിക്കാൻ നിർബന്ധിച്ചു. കാരണം ഞാൻ രണ്ടു സ്വപ്നത്തിലും നബി(സ)തിരുമേനിയെയാണ് കണ്ടത്. പക്ഷേ, രണ്ടു സ്വപ്നങ്ങളിലും കണ്ട വ്യക്തികൾ വേറെയായിരന്നു. ഞാൻ മിക്കപ്പോഴും ചിന്തിക്കാറുണ്ടായിരുന്നു, നബി(സ)തിരുമേനിയുടെ രൂപം ഒരേയൊരു രൂപമായിരുന്നു. അങ്ങനെ വരുമ്പോൾ എന്റെ സ്വപ്നങ്ങൾ സത്യമാണെങ്കിൽ ഓരോ സ്വപ്നത്തിലും ആ മഹാത്മാവിന്റെ രൂപം വ്യത്യസ്തമാകുന്നതെങ്ങനെ? പറയുന്നു: കുറച്ചു ദിവസം കഴിഞ്ഞ് ഞാൻ ഒരു ബുക് ഷോപ്പിലായിരുന്നു. അവിടെയായിരുന്നു ജോലി ചെയ്തിരുന്നത്. ഗ്രന്ഥങ്ങൾ പൊടിതട്ടി ക്രമമായി വെക്കുക എന്നതായിരുന്നു എന്റെ ജോലി. പഴയ പത്രങ്ങളും മാഗസീനുകളും ക്രമമായി വെച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു പത്രത്തിന്റെ പേജിൽ ഒരു ഫോട്ടോ കണ്ട് മതിമറന്നുപോയി. അതൊരു പെൺകുട്ടിയുടെ ഫോട്ടോ ആയിരുന്നു. അത് സാധാരണ പെൺകുട്ടിയുടേതായിരുന്നില്ല. മറിച്ച് ഞാൻ കുറേ ദിവസങ്ങൾക്കുമുമ്പേ സ്വപ്നത്തിൽ കണ്ട ശയ്മ എന്നുപേരുള്ള പെൺകുട്ടിയുടെ ഫോട്ടോ ആയിരുന്നു അത്. നിരക്ഷരനായ കാരണത്താൽ ഞാൻ ആ പെൺകുട്ടിയുടെ ഫോട്ടോയെ കുറിച്ച് എന്റെ ചില സുഹൃത്തുക്കളോടു ചോദിച്ചു. അപ്പോൾ എനിക്കു മനസ്സിലായി ഈ പെൺകുട്ടി കുറച്ചു മാസംമുമ്പേ ഭീകരാക്രമണത്തിൽ വധിക്കപ്പെട്ടതാണെന്ന്. ഞാൻ നിരക്ഷരനായതുകൊണ്ട് ഈ അപകടത്തെ കുറിച്ച് ഒന്നും അറിഞ്ഞിരുന്നില്ല. ഇതിനെ കുറിച്ച് മുമ്പേ കേട്ടിരുന്നതുമില്ല. പക്ഷേ, ശയ്മയുടെ ഫോട്ടോ കണ്ട് എന്റെ ആദ്യസ്വപ്നം സത്യമായിരുന്നുവെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായി. ഈ പെൺകുട്ടിയെ സ്വപ്നത്തിൽ കണ്ടത് ആ സ്വപ്നത്തിന്റെ സത്യത്തിൽ എനിക്ക് ദൃഢവിശ്വാസം പകരുന്നതിനായിരുന്നു. അതിനുശേഷം ആദ്യസ്വപ്നത്തെപോലെ രണ്ടാമത്തെ സ്വപ്നവും സത്യമാണെന്ന് എനിക്ക് ഉറപ്പായി. രണ്ടാമത്തെ സ്വപ്നവും സത്യമാണെങ്കിൽ നബി(സ)തിരുമേനിയെ രണ്ടു രൂപത്തിൽ കണ്ടത് എന്തുകൊണ്ടാണെന്ന് എനിക്കു മനസ്സിലായില്ല. പല വർഷങ്ങൾ കഴിഞ്ഞതിനുശേഷം ഒരു ദിവസം ടിവിയിലെ വിവിധ ചാനലുകൾ മാറ്റി മാറ്റി നോക്കുകയായിരുന്നു. അപ്പോൾ എം.ടി. എ ചാനൽ കിട്ടി. അതിൽ അൽഹവാറുൽ മുബാശിർ പരിപാടി നടക്കുകയായിരുന്നു. വഫാത്തെ മസീഹിനെക്കുറിച്ചുള്ള ചർച്ചയാണ് അപ്പോൾ നടന്നുകൊണ്ടിരുന്നത്. എനിക്ക് എഴുത്തും വായനയും ഒന്നും അറിയുമായിരുന്നില്ല. മതപരമായ പ്രത്യേക അറിവും ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഇക്കാര്യം വളരെ വിസ്മയത്തോടെ ഞാൻ നോക്കാൻ തുടങ്ങി. കുറച്ച് സമയം കഴിഞ്ഞ് ശരീഫ് ഔദ സാഹിബ് ഈ പരിപാടിയിൽ പറഞ്ഞു, ഇനി ഒരു ഇടവേളയാണ്. അതിൽ നമ്മൾ ഹദ്റത്ത് മഹ്ദി മസീഹിന്റെ ഒരു ഖസീദ കേൾക്കാൻ പോകുകയാണ്. ഖസീദയോടൊപ്പം ഒരാളുടെ ഫോട്ടോയും കാണിച്ചുകൊണ്ടിരുന്നു. അത് എനിക്ക് അത്ഭുതത്തെക്കാൾ ഒട്ടും കുറവായിരുന്നില്ല. രണ്ടാമത്തെ സ്വപ്നത്തിൽ ഞാൻ കണ്ട വ്യക്തിയുടെ ഫോട്ടോ ആയിരുന്നു അത്; ഇത് റസൂലുല്ലായാണെന്ന് എന്നോടു പറയപ്പെട്ടിരുന്നു! ഈ യാഥാർഥ്യം വെളിവായതിനുശേഷം ഞാനാരോടും ഇതിനെക്കുറിച്ച് പറഞ്ഞില്ല. എന്റെ ഭാര്യ

യോടൊപ്പം നിശബ്ദനായി എം.ടി.എ ചാനൽ കണ്ടുകൊണ്ടിരുന്നു. ഒരു മാസത്തിനുശേഷം ഈ ജമാഅത്തിനെ കുറിച്ച് നിന്റെ അഭിപ്രായമെന്താണെന്ന് ഞാൻ എന്റെ ഭാര്യയോടു ചോദിച്ചു. തന്റെ അഭിപ്രായത്തിൽ ഈ ജമാഅത്ത് സത്യവും യഥാർഥവുമാണെന്ന് അവൾ പറഞ്ഞു. അതിനുശേഷം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് അദ്ദേഹം റസൂലുല്ലാഹ് ആണെന്ന് സ്വപ്നത്തിൽ പറഞ്ഞ കാര്യം വിശദീകരിച്ച് അവളോടു പറഞ്ഞു. കാരണം അദ്ദേഹം നബി(സ)തിരുമേനിയുടെ യഥാർഥ പ്രേമിയും സത്യസന്ധനായ ദാസനുമായിരുന്നു. അതുകൊണ്ട് ഇടയ്ക്കിടെ സ്വപ്നത്തിൽ കണ്ടതിന്റെ ഉദ്ദേശ്യം അവിടത്തെ ആഗമനം നബി(സ)തിരുമേനിയുടെ രണ്ടാമത്തെ ആഗമനമാണെന്നതായിരുന്നു. ഇതുതന്നെയാണ് നബി(സ)തിരുമേനിയും പറഞ്ഞിരുന്നത്. പറയുന്നു, ഞങ്ങൾ 8 മാസംവരെ എം.ടി.എ ചാനൽ കണ്ടുകൊണ്ടിരുന്നു. പക്ഷേ, ഇതുവരെ ബയ്അത്ത് ചെയ്തിരുന്നില്ല. ഒരു ദിവസം എന്റെ ഭാര്യ എന്നോടു ചോദിച്ചു, ബയ്അത്ത് ചെയ്യാൻ തയ്യാറല്ലേ? ഞാൻ പറഞ്ഞു, എന്തുകൊണ്ടല്ല? രണ്ടാഴ്ച കഴിഞ്ഞ എന്റെ ഭാര്യ വീണ്ടും ബയ്അത്ത് ചെയ്യാൻ തയ്യാറല്ലേ? എന്ന് ചോദിച്ചു. എന്തുകൊണ്ടല്ല? ഞാൻ തയ്യാറാണ് എന്ന മറുപടിനല്കി. ഇനി നിങ്ങൾ തയ്യാറല്ലെങ്കിൽ ഞാൻ തനിച്ചുപോകുമെന്ന് അവൾ പറഞ്ഞു. അങ്ങനെ ഭാര്യയുടെ ഈ ഖണ്ഡിതമായ സംസാരത്തിനുശേഷം ജമാഅത്തംഗങ്ങളുമായി ബന്ധപ്പെട്ടു. ഞങ്ങൾ രണ്ടുപേരും ബയ്അത്ത് ഫോറം പൂരിപ്പിച്ചു." ചില ഘട്ടങ്ങളിൽ ഭാര്യമാരും ഭർത്താക്കാന്മാർക്ക് ധൈര്യം പകരുന്നതിനും ഹിദായത്തിനും നിമിത്തമാകാറുണ്ട്.

ഐവറികോസ്റ്റിൽ നിന്ന് നമ്മുടെ മുബല്ലിഗ് ബാസിത് സാഹിബ് എഴുതുന്നു: തങ്ങളുടെ സ്ഥലത്ത് തബ്ലീഗ് ചെയ്യണമെന്ന് Kouch-alo ഗ്രാമത്തിലെ ഒരു കൂട്ടമാളുകൾ അപേക്ഷിച്ചു. അടുത്ത ദിവസം ഒരു സംഘത്തോടൊപ്പം ആ ഗ്രാമത്തിലെത്തി. ഇശാ നമസ്കാരത്തിനുശേഷം തബ്ലീഗ് പരിപാടി തുടങ്ങി. രാത്രി 10 മണിക്കാണ് പരിപാടി ആരംഭിച്ചത്. അതിനുശേഷം ചോദ്യോത്തരപരിപാടി വെളുപ്പിന് 3 മണിവരെ തുടർന്നു. ആ പരിപാടിയിൽ മുസ്ലിം, ക്രിസ്ത്യാനി, ബഹുദൈവാരാധകരുടെ ഒരു വലിയ വിഭാഗം പങ്കെടുത്തിരുന്നു. (ജനങ്ങൾ കരുതുന്നത് ആഫ്രിക്കക്കാർ ഒന്നും നോക്കാതെ വിശ്വസിക്കുന്നവരാണെന്നാണ്. 5, 6 മണിക്കൂർ ഈ പരിപാടി തുടർന്നുകൊണ്ടിരുന്നു. അതിനുശേഷം ചോദ്യോത്തരവും). പറയുന്നു, ഗ്രാമത്തിന്റെ ചീഫ് മിസ്റ്റർ Diamande യും മുഴുവൻ സമയവും തബ്ലീഗ് കേട്ടു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ ഫലമായി ആ നേരത്ത് 160 ആളുകൾ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. പറയുന്നു, രാവിലെ എട്ടുമണിക്ക് ചീഫിനെ കാണുന്നതിനുവേണ്ടി ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. അപ്പോൾ ഗ്രാമത്തിലെ പുതിയ അഹ്മദികളും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ആ സമയത്ത് ചീഫ് തന്റെ ഒരു സ്വപ്നം കേൾപ്പിച്ചു. അത് അദ്ദേഹം ഒരു വർഷം മുമ്പേ 2014ൽ കണ്ടതാണ്. അദ്ദേഹം പറയുന്നു: ഞാൻ കണ്ടു. ഞാനെന്റെ വീട്ടിൽ ഇരിക്കുകയാണ്. രണ്ടു വെള്ള വിമാനം വരുന്നു. ഒന്ന് ഗ്രാമത്തിലെത്തുന്നതിന് കുറച്ചു ദൂരെവച്ച് തിരിച്ചുപോകുന്നു. രണ്ടാമത്തേത് അതിനടുത്ത് മറ്റൊരു മരത്തിൽ ഇറങ്ങുന്നു. ഞാൻ ഏണി വച്ച് മുകളിലേക്ക് പോകുന്നു. ആ വിമാനത്തിൽ മുസ്ലീംകളാണ് സഞ്ചരിക്കുന്നത്. അവർ എനിക്ക് ഗ്രന്ഥങ്ങൾ നല്കുന്നു. ഞാൻ താഴെ വന്ന് ആ ഗ്രന്ഥങ്ങൾ നോക്കുന്നു. അപ്പോൾ അത് അങ്ങേയറ്റം മനോഹരമായ സ്വർണമായി മാറുന്നു. ബാങ്കുകേട്ട് എന്റെ കണ്ണുകൾ തുറന്നു. ചീഫ് സാഹിബ് പറയുന്നു: 'ഞാൻ എന്റെ ഈ സ്വപ്നം പല മുസ്ലിം പണ്ഡിതന്മാരേയും കേൾപ്പിച്ചു. എന്നാൽ, ആർക്കും അതിന് ബുദ്ധിപരമായ വ്യാഖ്യാനം നല്കാൻ കഴിഞ്ഞില്ല. ഒരു അനഹ്മദി മൗലവി പറഞ്ഞു: ഈ സ്വപ്നത്തിൽ താങ്കൾ സ്വർണം കണ്ടത് നല്ലതല്ല. താങ്കൾ ഒരു കിലോ സ്വർണം എനിക്കു തരിക. ഇല്ലെങ്കിൽ നിങ്ങൾക്ക് ഇത് ശുഭകരമല്ല. പിന്നീട് സ്വയം പറഞ്ഞു, ഒരു കിലോ സ്വർണം തരിക എന്നത് താങ്കൾക്ക് സാധ്യമാകുകയില്ല. അതുകൊണ്ട് എനിക്ക് 20000 ഫ്രാങ്ക് സി എഫ്എ തരിക. എന്നാൽ, ഞാൻ താങ്കൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നതാണ്. രണ്ടാമത്തെ ആൾ പറഞ്ഞു, രണ്ട് ആട് സ്വദഖ കൊടുക്കുക. അപ്പോൾ ഗ്രാമത്തിന്റെ ചീഫിന് നമ്മുടെ മുബല്ലിഗ് സ്വപ്നത്തിന്റെ വ്യാഖ്യാനം പറഞ്ഞുകൊടുത്തു. രണ്ടു വെളുത്ത വിമാനം കൊണ്ടുള്ള ഉദ്ദേശ്യം വെളുത്തനിറമുള്ള രണ്ടു കാറുകളാണ്. അതിലൊന്ന് നിങ്ങളുടെ വീടുവരെ എത്തിയില്ല. പക്ഷേ, താങ്കളുടെ ഗ്രാമത്തിലെത്തിയിരുന്നു. പറയുന്നു, എന്റേയും അമീർ സാഹിബിന്റേയും കാറുകൾ വെളുത്ത നിറമുള്ളതാണ്. ഈ ഗ്രാമത്തിൽവരുന്നതിനുമുമ്പേ അമീർസാഹിബ് നിങ്ങളുടെ പ്രദേശത്തു വന്നിരുന്നു. പിന്നീട് അദ്ദേഹം വഴിയിൽവച്ച് തന്റെ വെളുത്ത കാറിൽ തിരിച്ചുപോയി. ഏണിവച്ച് മുകളിൽ വരുന്നതുകൊണ്ടുള്ള ഉദ്ദേശ്യം താങ്കളുടെ ഇസ്ലാം പഠിക്കുന്നതിനും അറിയുന്നതിനുമുള്ള ശ്രമമാണ്. താങ്കൾ വെളുപ്പിന് മൂന്നുമണിവരെ തബ്ലീഗ് കേട്ടു. ഇനി ഗ്രന്ഥത്തിന്റെ കാര്യമാണ്. വരുന്ന മഹ്ദിയെ കുറിച്ച് അദ്ദേഹം ഖജനാവുകൾ വിതരണം ചെയ്യുമെന്ന് പറയപ്പെട്ടിരിക്കുന്നു. താങ്കൾക്കും ഗ്രന്ഥങ്ങൾ നല്കപ്പെട്ടു. ഈ ഗ്രന്ഥങ്ങളാണ് ആ ഖജനാവുകൾ. ഈ വ്യാഖ്യാനം കേട്ട് ചീഫ് സാഹിബ് തുള്ളിച്ചാടി. ഉടൻതന്നെ വളരെ ആവേശത്തോടുകൂടി അഹ്മദി മുസ്ലിം ആകുന്നുവെന്നും ശിർക്കിൽനിന്ന് മാനസാന്തരപ്പെടുന്നുവെന്നും വിളംബരം ചെയ്തു. അല്ലാഹു ബഹുദൈവാരാധകർക്കും ഹിദായത്തിനുള്ള സാഹചര്യം ഒരുക്കുന്നു.

ഫ്രാൻസിൽനിന്നുള്ള നാദിയ സാഹിബ പറയുന്നു:'എന്റെ ഭർത്താവ് ആദ്യമേ അഹ്മദിയായിരുന്നു. പക്ഷേ, ഞാൻ ബയ്അത്ത് ചെയ്തിരുന്നില്ല. കുറച്ചുനാളുകൾക്കുമുമ്പേ അഹ്മദികളുടെമേൽ ഉണ്ടാകുന്ന അക്രമങ്ങളുടെ വീഡിയോ കണ്ടു. അത് എന്നെ വല്ലാതെ സ്വാധീനിച്ചു. ഞാൻ ചിന്തിക്കാൻ നിർബന്ധിതയായി. പറയുന്നു: ഞാൻ ഖലീഫയുടെ ഖുത്ബകളും കേട്ടുകൊണ്ടിരുന്നു. മെല്ലെ മെല്ലെ ഇസ്ലാമിന്റെ യഥാർഥ അധ്യാപനം എന്നിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. അപ്പോൾ ഞാൻ ദുആ ആരംഭിച്ചു; 'അല്ലാഹുവേ നീ എനിക്ക് മാർഗദർശനം നല്കിയാലും.' ആയിടയിൽ ഒരിക്കൽ ഞാൻ സ്വപ്നം കണ്ടു. ഞാൻ ഫ്രാൻസിലെ മസ്ജിദ് മുബാറക്കിൽ(ഇത് അവിടത്തെ നമ്മുടെ മസ്ജിദാണ്) ലൈബ്രറിയിൽ ഇരിക്കുകയാണ്. എന്റെ പരേതനായ പിതാവ് വരുന്നു. എനിക്ക് വിശുദ്ധ ഖുർആൻ സമ്മാനമായി തരുന്നു. വിശുദ്ധ ഖുർആനോടൊപ്പം ഒരു ഡോക്കുമെന്റും(Document) തരുന്നുണ്ട്. ഈ സ്വപ്നത്തിനുശേഷം ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ എന്റെ പിതാവ് എനിക്കുതന്ന Document ബയ്അത്തു ഫോറമായിരുന്നുവെന്ന് എനിക്ക് മനസ്സിലായി. അക്കാരണത്താൽ ഞാൻ ബയ്അത്തു ചെയ്തു.

അൽജീരിയായിൽനിന്നുള്ള ഒരു സുഹൃത്ത് രിള്വാൻ സാഹിബ് പറയുന്നു: അഹ്മദിയ്യത്തിനെ പരിചയപ്പെട്ടതിനുശേഷം ഞാൻ എം.ടി.എ ചാനലിന്റെ ആളായി മാറി. എന്റെ വീട്ടുകാർ എന്നെ അതിൽനിന്ന് തടയാൻ നോക്കി. തുടക്കത്തിൽ കാര്യം ഉപദേശത്തിൽമാത്രം പരിമിതമായിരുന്നു. പക്ഷേ, പിന്നീട് ഈ ഉപദേശം സമ്മർദ്ദത്തിലേക്ക് മാറി. ഈ ചാനലിൽനിന്ന് അകന്നുനില്ക്കാനുള്ള കല്പനവരെ കിട്ടാൻ തുടങ്ങി. ഈ അവസ്ഥ കണ്ട് ഞാൻ ഇസ്തിഖാറ ചെയ്തു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഞ്ചു ഖലീഫമാരും എന്റെ വീട്ടിൽ വന്നിരിക്കുന്നതായി ഒരുദിവസം ഞാൻ സ്വപ്നം കണ്ടു; ഞാൻ അവരുടെമധ്യത്തിൽ ഇരിക്കുന്നു. ആ സ്വപ്നം ഹ്രസ്വമായിരുന്നെങ്കിലും എനിക്ക് അതിൽ വ്യക്തമായ സന്ദേശമുണ്ടായിരുന്നു. ഞാൻ അക്കാര്യം എന്റെ വീട്ടുകാരോടു പറഞ്ഞപ്പോൾ അതൊരു സാധാരണ സ്വപ്നമാണെന്നാണ് അവർ പറഞ്ഞത്. താങ്കൾ എപ്പോഴും ഈ ജമാഅത്തിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നതിനാലാണ് ഇത്തരം സ്വപ്നം കാണുന്നത്. ഞാൻ അവർ പറഞ്ഞ കാര്യം കേട്ടു. സയ്ദിനെ വിളിച്ചാൽ എന്റെ ശബ്ദം കേട്ട് ബക്കർ വരുമോ എന്ന് ഞാൻ ചിന്തിച്ചു; ഞാൻ അല്ലാഹുവിനോടു മാർഗദർശനം കരസ്ഥമാക്കാൻ ദുആ ചെയ്യുകയും അവന്റെ മാർഗദർശനത്തിന്റെ ഫലമായി വന്ന സ്വപ്നം ശയ്ത്വാനിൽനിന്നുള്ളതാകുകയും ചെയ്യുമോ? എന്തായാലും പറയുന്നു, എന്റെ വീട്ടുകാർ പറഞ്ഞതിൽ എനിക്കു വിശ്വാസം വന്നില്ല. പിന്നീട് 2009-ൽ ഞാൻ ബയ്അത്തു ചെയ്തു.

ചില സംഭവങ്ങളാണ് ഞാൻ വിവരിച്ചത്. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങളുണ്ട്. അല്ലാഹു ഈ പുതുതായി വരുന്നവരുടെ ഈമാനിലും യഖീനിലും അഭിവൃദ്ധി നല്കുമാറാകട്ടെ. ആത്മാർഥതയിലും കൂറിലും പുരോഗതി കൊടുക്കുമാറാകട്ടെ. മുമ്പേ മുതൽ അഹ്മദികളായ നമ്മുടേയും ആത്മാർഥതയും ഈമാനും വർധിപ്പിക്കുമാറാകട്ടെ.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

# 2017ലെ ലണ്ടൻ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ തിരക്കുകൾ

## അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**
**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

**2017 ജൂലായ് 31 (തിങ്കളാഴ്ച)**

ഇന്ന് പരിപാടിയനുസരിച്ച് കബാബീർ (ഫലസ്തീൻ), ഗാംബിയാ(Gambia), ഹെയ്റ്റി.(Haiti), ഫിലിപ്പീൻസ്(Philippines), ക്രൊയേഷ്യ (Croatia) സൈപ്രസ് (Cyprus), ഇന്തൊനീഷ്യ(Indonesia), നേപ്പാൾ (Nepal), അമേരിക്ക, ഹംഗറി, സൗത്ത് കൊറിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള അതിഥികളുടെയും സംഘങ്ങളുടെയും ഖലീഫത്തുൽ മസീഹുമായിട്ടുള്ള കൂടിക്കാഴ്ചയായിരുന്നു. ഈ കൂടിക്കാഴ്ചാപരിപാടി രാവിലെ 11.10ന് ആരംഭിച്ചു.

**കബാബീർ സംഘവുമായുള്ള കൂടിക്കാഴ്ച**

കബാബീർ (ഫലസ്തീൻ)ൽനിന്ന് സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടെ 57 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. ഇവർക്ക് കൂടിക്കാഴ്ചയ്ക്കുള്ള ഏർപ്പാടു ചെയ്തിരുന്നത് മഹ്മൂദ് ഹാളിലായിരുന്നു. ഹുദൂർ പ്രതിനിധികളോടു വിശേഷങ്ങൾ അന്വേഷിച്ചു. ജൽസയെ കുറിച്ചും ചോദിക്കുകയുണ്ടായി.

❖ ഒരു സ്ത്രീ പറഞ്ഞു: 'ഞാൻ രണ്ടാംതവണയാണ് ജൽസയിൽ പങ്കെടുക്കുന്നത്. ജൽസയിൽ പങ്കെടുത്ത് ഞങ്ങളെല്ലാവരും സന്തോഷത്തിലാണ്. ജൽസയുടെ ഒരുക്കങ്ങളെല്ലാം വളരെ നന്നായിരുന്നു.' അവർ പറഞ്ഞു: 'ഞങ്ങളുടെ കുടുംബത്തിൽ ഒരേയൊരു അഹ്മദിയെ ഉള്ളൂ. മറ്റുള്ളവർ ഭയപ്പെടുകയാണ്. അവർക്കും അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടുന്നതിനുവേണ്ടി ദുആ ചെയ്യാൻ അപേക്ഷിക്കുകയാണ്.' ഹുദൂർ പറഞ്ഞു: 'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

❖ ഒരു സ്ത്രീ പറഞ്ഞു: 'ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഞങ്ങൾക്കൊരു പുതുവെളിച്ചം തന്നിരിക്കുന്നു. എല്ലാ പ്രഭാഷണങ്ങളും വളരെ നന്നായിരുന്നു. ഞങ്ങൾ ഒരുപാട് പഠിക്കുകയും ഞങ്ങളുടെ അറിവിൽ വർധന ഉണ്ടാകുകയും ചെയ്തിരിക്കുന്നു.'

❖ ഒരു അംഗം പറഞ്ഞു: 'ജൽസാസാലാനയിൽ മഴയുമുണ്ടായി. അതിനെന്തെങ്കിലും പ്രത്യേക കാരണമുണ്ടാകും.' ഹുദൂർ പറഞ്ഞു: 'മഴ, അനുഗ്രഹത്തിനും കാരുണ്യത്തിനും നിമിത്തമാകുന്നു. മഴയുണ്ടായിട്ടും ജൽസയുടെ എല്ലാ പരിപാടികളും പൂർണമായി. ഒരിടത്തും മഴ തടസമായില്ല.'

❖ ഒരു അംഗം അറേബ്യൻ രാജ്യങ്ങളിലെ വർത്തമാനകാല സംഭവവികാസങ്ങളേയും പരസ്പരമുള്ള കലാപങ്ങളേയും നാശത്തേയും കുറിച്ച് പറഞ്ഞു. ഈ കലാപം എങ്ങനെയാണ് അവസാനിക്കുക എന്ന് ചോദിച്ചു. ഹുദൂർ പറഞ്ഞു: 'വാസ്തവത്തിൽ ഈ കലാപങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ആയുധങ്ങൾ വില്ക്കുന്നത് ദജ്ജാലീശക്തികളാണ്. അവർക്ക് കേവലം പണമാണ് ആവശ്യം. ഇത് സംബന്ധമായി ബുദ്ധിപൂർവ്വം പ്രവർത്തിക്കാൻ മുസ്‌ലിംകൾക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക. അവർ സ്വന്തം കൈകൾകൊണ്ട് തങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ദജ്ജാലിൽനിന്ന് രക്ഷപ്പെടണമെന്ന് നബി(സ)തിരുമേനി ഉപദേശിച്ചിരുന്നു. ഇക്കാലഘട്ടത്തിലെ ഇമാം മസീഹുമൗഊദിനെ വിശ്വസിക്കുകയാണെങ്കിൽ ദജ്ജാലിന്റെ ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതാണ്. കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാത്ത കാരണത്താലാണ് ദജ്ജാലിന്റെ മടിയിൽ വീണുകൊണ്ടിരിക്കുന്നത്.'

❖ ഹുദൂർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ (കബാബീർ) ഖാഇദിനെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'കബാബീറിലെ ജൽസ പരിപാടികളിലും ജോലികളിലും യുവാക്കൾ involve ആകുന്നില്ല. സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ എന്ന നിലയിൽ ചെറുപ്പക്കാരെ ജൽസയുടെ ജോലികളിൽ ചേർക്കേണ്ടത് താങ്കളുടെ ജോലിയാണ്. ജൽസയുടെ ഡ്യൂട്ടികളിൽ അവരെ പങ്കെടുപ്പിക്കുക. കബാബീർ അമീർ സാഹിബുമായി സംസാരിക്കുക; യുവജനവിഭാഗത്തെ എങ്ങനെ ജൽസാ ജോലികളിൽ പങ്കെടുക്കാൻ കഴിയുമെന്നതിനെ കുറിച്ച് ചർച്ച ചെയ്യുക.'

ഹുദൂർ പറഞ്ഞു: 'മസ്ജിദിൽവന്ന് മുടങ്ങാതെ നമസ്കരിക്കുംവിധം യുവാക്കൾക്ക് തർബിയ്യത്ത് കൊടുക്കുക; മുടങ്ങാതെ എം.ടി.എ ചാനൽ കാണുന്നവരാക്കുക. എന്റെ ജുമുഅ ഖുത്ബകളും പ്രഭാഷണങ്ങളും കേൾക്കുക.'

കബാബീർ സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 11.50വരെ തുടർന്നു. കൂടിക്കാഴ്ചയുടെ അവസാനം എല്ലാ അംഗങ്ങളും ഹുദൂറുമായി കുടുംബങ്ങളോടൊത്ത് ഫോട്ടോ എടുത്തു.

ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

**ഗാംബിയാ(Gambia)യിലെ കൃഷിവകുപ്പ് മന്ത്രിയുടെ കൂടിക്കാഴ്ച**

അതിനുശേഷം ഹുദൂർ ഓഫീസിൽ വന്നു. അവിടെ പരിപാടിയനുസരിച്ച് ഗാംബിയാ (Gambia)യിൽനിന്നുവന്ന, അവിടത്തെ കൃഷിവകുപ്പ് മന്ത്രി ആദരണീയനായ Omar A Jallow സാഹിബ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. കൃഷിവകുപ്പിൽ ഗാംബിയാ സ്വയം പര്യാപ്തത നേടിയിട്ടുണ്ടോ എന്ന് ഹുദൂർ അദ്ദേഹത്തോടു ചോദിച്ചു. തങ്ങൾ ഇപ്പോൾ സ്വയം പര്യാപ്തരല്ലെന്ന് അദ്ദേഹം പറഞ്ഞു.

ഹുദൂർ പറഞ്ഞു: 'ഗാംബിയാ അതിന്റെ ജനവാസത്തിന്റേയും സ്ഥലത്തിന്റേയും അടിസ്ഥാനത്തിൽ ചെറിയ രാജ്യമാണ്. കൃഷിയുടെ രംഗത്ത് സ്വയം പര്യാപ്തത നേടാൻ കഴിയുന്നതാണ്.'

ഗാംബിയാ അമീർ സാഹിബിനോടു ഹുദൂർ പറഞ്ഞു: 'താങ്കൾ പദ്ധതി ഉണ്ടാക്കുക. പാക്കിസ്താനിൽനിന്ന് കൃഷിയിൽ വിദഗ്ദ്ധരായിട്ടുള്ളവരെ അയക്കാൻ നമുക്ക് കഴിയും. കൃഷിയുടെ രംഗത്ത് ടെക്നോളജി ഉപയോഗിച്ച് ഫലമെത്തിക്കാൻ കഴിയുന്നതാണ്.'

ഹുദൂർ പറഞ്ഞു: 'ഗാംബിയായെ മോഡൽ വില്ലേജാക്കി ഞങ്ങൾ നിങ്ങൾക്ക് കാണിച്ചുതരുന്നതാണ്. എന്നല്ല, ഗാംബിയായിലെ ഏതെങ്കിലും റിമോട്ട് ഏരിയായിൽ ഈ വില്ലേജ് രൂപം കൊള്ളുന്നുമുണ്ട്. ഇവിടെ സോളാർ സിസ്റ്റത്തിലൂടെ വൈദ്യുതി ലഭ്യമാക്കുന്നുണ്ട്. എല്ലാ വീട്ടിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിന്റെ നെറ്റ്‌വർക്ക് ഉണ്ടായിരിക്കും. ഓവർ ഹെഡ് വാട്ടർ ടാങ്ക്, കൃഷിസ്ഥലം, ടെക്നിക്കൽ ട്രെയിനിംഗിനുവേണ്ടി കമ്മ്യൂണിറ്റി സെന്റർ സ്ഥാപിക്കുന്നതാണ്. നല്ല റോഡുകളും, റോഡുകളിൽ വെളിച്ചത്തിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയും ഉണ്ടാകും. മസ്ജിദില്ലെങ്കിൽ, മസ്ജിദിന്റെ സ്ഥാപനവും ആ മോഡൽ വില്ലേജിൽ ഉണ്ടാകുന്നതായിരിക്കും.'

മന്ത്രി പറഞ്ഞു: 'ഞാൻ അങ്ങയെ ബഹുമാന ദൃഷ്ടിയോടെ നോക്കിക്കാണുന്നു. അഹ്മദിയ്യാ ജമാഅത്ത് വിവിധ വകുപ്പുകളിൽ പൊതുജനങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്നു.' **(തുടരും)**


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ജർമൻ സന്ദർശനം 2017 (ആഗസ്റ്റ്)

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**2017 ആഗസ്ത് 28(തിങ്കളാഴ്ച)**

*(തുടർച്ച)*

**വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുമായി കൂടിക്കാഴ്ച:**

ഹുദൂർ അയ്യദഹുല്ലാഹ് അതിനുശേഷം തബ്ലീഗ് ഹാളിൽവന്നു. അവിടെയായിരുന്നു മലേഷ്യയിൽനിന്നുവന്ന പ്രതിനിധികളുമായി കൂടിക്കാഴ്ചയ്ക്കുള്ള സംവിധാനം ഒരുക്കിയിരുന്നത്. മലേഷ്യയിൽനിന്ന് ഈ വർഷം പതിനൊന്ന് അഹ്മദികൾ അടങ്ങുന്ന സംഘമാണ് ജർമനി ജൽസസാലാനയിൽ പങ്കെടുത്തിരുന്നത്.

ഹുദൂർ പ്രതിനിധികളെ പരിചയപ്പെട്ടു. യുവാക്കളോടു അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചും തൊഴിലുകളെ കുറിച്ചും ചോദിച്ചു. യുവാക്കൾ അവരവരുടെ ഊഴമനുസരിച്ച് തങ്ങളുടെ വിദ്യാഭ്യാസത്തെ കുറിച്ചും തൊഴിലിനെക്കുറിച്ചും പറഞ്ഞു. ജൽസയെക്കുറിച്ച് ഹുദൂർ അന്വേഷിപ്പോൾ ജൽസയുടെ ഏർപ്പാടുകളെല്ലാം വളരെ ഉന്നതമായിരുന്നുവെന്നും തങ്ങൾ സന്തോഷിക്കുന്നുവെന്നും തങ്ങൾക്കെല്ലാം നല്ല അനുഭവമായിരുന്നുവെന്നും അവർ പറഞ്ഞു.

ഒരു സ്ത്രീ പറഞ്ഞു: 'ഞങ്ങൾക്ക് വളരെനല്ല ആതിഥ്യമാണ് നല്കപ്പെട്ടത്. ഞങ്ങളെ എല്ലാവിധത്തിലും ശ്രദ്ധിച്ചു.'

ഒരു പെൺകുട്ടി പറഞ്ഞു: 'എന്റെ മാതാവും പിതാവും സഹോദരനും ജൽസയിൽ പങ്കെടുത്തിരിക്കുന്നു. ഞങ്ങൾക്ക് ജൽസ വളരെ ഇഷ്ടപ്പെട്ടു. ഞങ്ങളെ എല്ലാവിധത്തിലും സംഘാടകർ ശ്രദ്ധിച്ചിരുന്നു.'

ഒരു സ്ത്രീ, തന്റെ ഭർത്താവിന്റെ സലാം ഹുദൂറിനോടു പറഞ്ഞു. അപ്പോൾ ഹുദൂർ 'വ അലയ്ക്കുമുസ്സലാം' എന്ന് പറഞ്ഞു.

മലേഷ്യൻ സംഘത്തിന്റെ ഈ കൂടിക്കാഴ്ച 12.20 വരെ നീണ്ടുനിന്നു. അതിനുശേഷം പ്രതിനിധികൾ ഓരോരുത്തരായി ഹുദൂറുമൊത്തു ഫോട്ടോ എടുത്തു.

**കസാഖ്സ്ഥാൻ(Kazakhstan):**

മലേഷ്യൻ സംഘവുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഹുദൂർ ഓഫീസിലെത്തി. അവിടെ കസാഖ്സ്ഥാനിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. കസാഖ്സ്ഥാനിൽനിന്ന് 8 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്.

സംഘത്തിലെ ഒരു അംഗം പറഞ്ഞു: 'അല്ലാഹു ജർമനി ജൽസ സാലാനയിൽ പങ്കെടുക്കാൻ തൗഫീഖ് തന്നതിന് ഞാൻ അവനോടു നന്ദി പറയുന്നു. ഞാൻ 2013-ൽ ലണ്ടൻ ജൽസയിലും പങ്കെടുത്തിരുന്നു. 2014ൽ ഖാദിയാൻ ജൽസയിലും പോയിരുന്നു. ഈ വർഷം ഇവിടേയും വന്നു. ജൽസയുടെ ആത്മീയത ആ ദിനങ്ങളിൽ ഞാൻ ഇവിടെ കണ്ടു. ലോകത്ത് അത് വളരെ കുറവാണ്. ജനങ്ങൾക്ക് ഇത് മനസ്സിലാകുകയാണെങ്കിൽ ലോകത്ത് സമാധാനം മാത്രമെ ഉണ്ടാകുകയുള്ളു.'

കസാഖ്സ്ഥാനിൽനിന്ന്, ഘാനയിലെ ഇന്റർനാഷണൽ ജാമിഅ അഹ്മദിയ്യായിൽ പഠിക്കുന്ന രണ്ട് വിദ്യാർഥികളും സംഘത്തിലുണ്ടായിരുന്നു. ഇരുവരും ഉർദുവിലാണ് സംസാരിച്ചിരുന്നത്. മാശാഅല്ലാഹ് രണ്ടുപേരും വളരെ പെട്ടെന്ന് ഉർദുഭാഷ പഠിച്ചിരിക്കുന്നുവെന്ന് ഹുദൂർ പറയുകയുണ്ടായി.

ഹുദൂർ പറഞ്ഞു: 'ഘാനയിലെ ജാമിഅയിൽ നിങ്ങളുടെ പ്രകൃതത്തിന് അനുസരിച്ചുള്ള ഭക്ഷണത്തിന്റെ ഏർപ്പാടും ചെയ്തിരിക്കുന്നു.' ഹുദൂർ പറഞ്ഞു: 'ഞാൻ ഘാനയിലായിരുന്നപ്പോൾ പാക്കിസ്താനീ ഭക്ഷണം അവിടെ കിട്ടിയിരുന്നില്ല. ഘാനയിലെ പ്രാദേശിക ഭക്ഷണം കഴിക്കേണ്ടിവന്നു. വാഖ്ഫീനെ സിന്ദഗിക്ക് എല്ലാം മറികടക്കാനുള്ള കഴിവുണ്ടായിരിക്കേണ്ടതാണ്.' ഹുദൂർ വളരെ അനുകമ്പയോടെ അവർ രണ്ടുപേരോടും പറഞ്ഞു: 'ജാമിഅയിലെ അവധിനാളുകളിൽ ഒരുമാസത്തേക്ക് ഇവിടെ വരിക. നിങ്ങളുടെ മാതാപിതാക്കളോടൊപ്പം കഴിയുന്നതിനു പകരം ഒരുമാസം എന്നോടൊപ്പം കഴിയുക'

കസാഖ്സ്ഥാനിൽ ജമാഅത്തിന്റെ രജിസ്ട്രേഷനെ സംബന്ധിച്ച് ഹുദൂർ നിർദ്ദേശം കൊടുത്തു: "നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുക. അപേക്ഷ നല്കിക്കൊണ്ടിരിക്കുക. മാന്യന്മാർ ആരെങ്കിലും വന്നാൽ രജിസ്ട്രേഷൻ നടക്കുന്നതാണ്." ഹുദൂർ ആ വിദ്യാർഥികൾക്ക് 'അലയ്സല്ലാഹു ബികാഫിൻ അബ്ദുഹു' എന്ന ഇൽഹാം മുദ്രണം ചെയ്ത മോതിരങ്ങൾ നല്കി. ഒരു വിദ്യാർഥിയുടെ മാതാവിനും മോതിരം കൊടുത്തു.

ഒരു വിദ്യാർഥി അസീസം ആയിജാൻ, തന്റെ മാതാവിന്റെ തലയിലിടുന്ന തട്ടം കൂടെകൊണ്ടുവന്നിരുന്നു. ആ തട്ടം തബർറുക്(അനുഗ്രഹസൂചക വസ്തു)ആക്കുന്നതിന് ഹുദൂറിന് കൊടുത്തു. ഹുദൂർ കൂടിക്കാഴ്ച നടക്കുന്നതിനിടയിൽ ആ തട്ടം തന്റെ കൈയിൽ പിടിച്ചുകൊണ്ടിരുന്നു. ഹുദൂറിന്റെ ഈ സ്നേഹവും വാത്സല്യവും കണ്ട് അവന്റെ കണ്ണുകളിൽ കണ്ണീർ നിറഞ്ഞു. ആ വിദ്യാർഥി കരഞ്ഞുകൊണ്ടിരുന്നു. ആയിജാൻ തന്നെ പറയുന്നു: 'ഞാനാദ്യമായാണ് ജൽസയിൽ പങ്കെടുത്തത്. ജൽസയുടെ അന്തരീക്ഷത്തിൽ എല്ലാവരും ഒരുവിധത്തിലുള്ള വിവേചനവും കൂടാതെ പരസ്പരം ആശ്ലേഷിക്കുന്നതാണ് ഞാൻ കണ്ടത്. നാലുഭാഗത്തും സാഹോദര്യബന്ധത്തിന്റെ ദൃശ്യമായിരുന്നു. ജൽസയുടെ എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. ഞങ്ങളുടെ രാജ്യത്തും ജൽസ ഉണ്ടാകണമെന്ന് ഞാനാഗ്രഹിക്കുന്നു. ഹുദൂർ അൻവർ എനിക്ക് ധാരാളം തബർറുക് നല്കി. ഹുദൂറിന്റെ മുമ്പിൽ ഞാൻ കരയാൻ തുടങ്ങി. എന്റെ നാഡിമിടിപ്പ് വളരെ വേഗത്തിലായി. ഹുദൂറിനോടൊപ്പം എപ്പോഴും ഇരിക്കണമെന്നാണ് എന്റെ ആഗ്രഹം. എന്റെ മാതാപിതാക്കളും കുടുംബക്കാരും ഈ ജൽസയിൽ പങ്കെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

'ഞാൻ ഘാനയിൽ ആയിരിക്കുമ്പോൾ ജൽസ സാലാനയുടെ അനുഗ്രഹങ്ങളെ കുറിച്ച് എനിക്ക് അറിയുമായിരുന്നില്ല. ഞാൻ എന്റെ മാതാവിന്റെ തട്ടം 'മുത്തബർറക്'(അനുഗൃഹീതം) ആക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരുന്നു. ഹുദൂർ ഒരുപാട് സമയം ഈ തട്ടം തന്റെ കൈയിൽ പിടിച്ചു. ഇപ്രകാരംതന്നെ എനിക്ക് മോതിരവും നല്കി. ഞാൻ വീണ്ടും വീണ്ടും ഹുദൂറിനെ കാണാൻ ആഗ്രഹിക്കുന്നു. ഹുദൂർ അൻവർ എല്ലാ വർഷവും ലണ്ടനിൽ വരാൻ ഞങ്ങൾക്ക് അനുവാദം നല്കി. ഞാൻ വളരെ സന്തോഷവാനാണ്. അല്ലാഹുവിനോടും അവന്റെ ഖലീഫയോടും വളരെ നന്ദിയുള്ളവനാണ്.'

മറ്റൊരു വിദ്യാർഥിയായ ദൂർരീൻ സാഹിബ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചതിങ്ങനെയാണ്: 'എനിക്ക് ഇന്ന് അല്ലാഹുവിന്റെ കൃപയാൽ ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കിട്ടി. ഹുദൂറുമായി കൂടിക്കാഴ്ച നടത്തണമെന്നത് എന്റെ എപ്പോഴുമുള്ള ആഗ്രഹമായിരുന്നു. ഞാനൊരിക്കൽ ഹുദൂറുമായി കൂടിക്കാഴ്ച നടത്തുന്നത് സ്വപ്നം കണ്ടിരുന്നു. അൽഹംദുലില്ലാഹ്. ഇന്ന് ആ സ്വപ്നം പുലർന്നു. അതിന് ഞാൻ അല്ലാഹുവിനോടു നന്ദിയുള്ളവനാണ്. ഞാൻ ആദ്യമായാണ് ജർമനി ജൽസയിൽ പങ്കെടുക്കുന്നത്. ജൽസ എന്നിൽ ധാരാളം ആത്മീയ സ്വാധീനങ്ങൾ ചെലുത്തിയിരിക്കുന്നു. ഇവിടെ സാഹോദര്യത്തിന്റേയും മൈത്രിയുടേയും അന്തരീക്ഷമായിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നു വന്ന അതിഥികളോടു ജൽസയെക്കുറിച്ച് ചോദിച്ചപ്പോൾ അവരെല്ലാം പോസിറ്റീവായിട്ടുള്ള മറുപടിയാണ് നല്കിയത്. എല്ലാവരും ജൽസയുടെ അന്തരീക്ഷത്തെ പ്രകീർത്തിക്കുകയുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് ദൈവകൃപയാൽ മറ്റെല്ലാ മസ്ലിംകളിൽനിന്നും വ്യത്യസ്തമായൊരു സ്ഥാനമുൾക്കൊള്ളുന്നുവെന്ന് അവർ പറഞ്ഞു. ഞാൻ ശാം ദേശത്തെ ഒരു അറേബ്യൻ സുഹൃത്തിനെ കണ്ടു. അദ്ദേഹം 'മഖ്ദൂനിയാ'യിലാണ് താമസിക്കുന്നത്. ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് അദ്ദേഹത്തോടു ചോദിച്ചു. അഹ്മദിയ്യാ ജമാഅത്ത് മറ്റെല്ലാ മുസ്ലിംകക്ഷികളിൽനിന്നും ഉന്നതമായ സ്ഥാനമാണ് ഉൾക്കൊള്ളുന്നതെന്ന് അദ്ദേഹം പറഞ്ഞു. കാരണം മറ്റുള്ള കക്ഷികൾ ഭീകരവാദപ്രവർത്തനങ്ങൾക്ക് വായുവേകുന്നവരാണ്. മോസ്കോയിൽ ജനിച്ച തോമസുമായി കൂടിക്കാഴ്ച നടത്തി. ഇപ്പോൾ അദ്ദേഹം ലിഥ്വാനിയ(Lithuania)ായിലാണ് താമസിക്കുന്നത്. അദ്ദേഹം എന്നോടു ഇസ്ലാം അഹ്മദിയ്യത്തിനെ കുറിച്ച് ചോദിച്ചു. എന്റെ മറുപടികേട്ട് അദ്ദേഹം വളരെ സംതൃപ്തനായി.'

ഖാസിമോ വാഗൾ നൂറാ സാഹിബ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഞങ്ങൾ ഗെസ്സൻനഗരത്തിൽ മസ്ജിദ് ഉദ്ഘാടനത്തിനു പോയിരുന്നു. അവിടെ വളരെ സുന്ദരമായ അന്തരീക്ഷമായിരുന്നു. വളരെ ഉന്നതമായ നിലവാരമായിരുന്നു. ഞങ്ങൾക്ക് ഞങ്ങളുടെ മസ്ജിദ് നിർമിക്കുന്നതിനും ജമാഅത്തിന്റെ പരിപാടികൾ നടത്തുന്നതിനും കുട്ടികളുടെ തർബിയ്യത്തിന് കൂടുതൽ കൂടുതൽ അവസരങ്ങൾ ലഭ്യമാകുന്നതിനും കസാഖ്സ്ഥാ(Kazakhstan)നിൽ രജിസ്ട്രേഷന്റെ പ്രശ്നം പരിഹരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ജൽസ സാലാനയിൽ പങ്കെടുത്തത് വളരെ നല്ല അനുഭവമായിരുന്നു. ഞങ്ങൾ ഒരുപാട് അനുഗ്രഹങ്ങൾ സ്വരൂപിച്ചു. ഈ ജൽസയുടെ പ്രവർത്തനങ്ങളിൽ പങ്കെടുത്ത എല്ലാവരുടേയും മേൽ അല്ലാഹു കൃപചൊരിയുമാറാകട്ടെ.'

ആലംജാൻ തോക്കാ മോഫ് സാഹിബ് തന്റെ അനുഭവങ്ങൾ വിവരിച്ചത് ഇപ്രകാരമാണ്: 'അല്ലാഹുവിന്റെ പ്രത്യേകമായ കൃപയാൽ ഈയുള്ളവന് കുടുംബത്തോടൊപ്പം ജൽസ സാലാന ജർമനിയിൽ പങ്കെടുക്കാൻ തൗഫീഖ് കിട്ടി. ഈ ജൽസയുടെ അന്തരീക്ഷത്തിൽനിന്ന് എനിക്ക് വളരെയധികം സമാധാനം കിട്ടി. ജൽസസാലാനയുടെ എല്ലാ ഏർപാടുകളും സ്വയമേവ നടക്കുന്നതുകണ്ട് എനിക്ക് അത്ഭുതം തോന്നി; ഇത്ര വിശാലമായ പരിപാടിയായിരുന്നിട്ടും ഒരു അസമാധാനവുമില്ല. അല്ലാഹുവിന്റെ കൃപയും കരുണയും കൂടാതെ ഈ ജോലികളൊന്നും നടക്കുകയില്ല. ഞാൻ പ്രവർത്തകരെ കുറിച്ച് പറയാനാഗ്രഹിക്കുകയാണ്; അവരെല്ലാവരും തങ്ങളുടെ ജോലികൾ സന്തോഷത്തോടുകൂടി നിർവഹിക്കുകയായിരുന്നു. ഭക്ഷണവും വളരെ സ്വാദിഷ്ടമായിരുന്നു. വിവിധതരത്തിലുള്ള ഭക്ഷണങ്ങളായിരുന്നു ഉണ്ടായിരുന്നത്. ജൽസയുടെ ഹാജർനില വളരെയധികമായിരുന്നു. 41 ആയിരം ആളുകൾ പങ്കെടുക്കുക എന്നത് അസാധാരണമാണ്. ബയ്അത്തിന്റെ പരിപാടികളും മനസ്സിനെ വല്ലാതെ ആകർഷിച്ചു. ഹുദൂറുമായി കൂടിക്കാഴ്ച നടക്കുന്നതിനിടയിൽ ഞങ്ങൾക്ക് ഹുദൂറുമായി സംസാരിക്കാൻ അവസരം കിട്ടി. ഹുദൂർ ഞങ്ങൾക്കും ഞങ്ങളുടെ മക്കൾക്കും ഉപഹാരങ്ങൾ നല്കി. കിർഗിസ്ഥാൻ (Kyrgyzstan) സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 12.15വരെ തുടർന്നു. തുടർന്ന് സംഘത്തിലെ അംഗങ്ങൾ ഓരോരുത്തരായി ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

**ഇന്തൊനീഷ്യ(Indonesia):**

അതിനുശേഷം ഇന്തൊനീഷ്യയിൽനിന്നുവന്ന പ്രതിനിധി സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇന്തൊനീഷ്യയിൽനിന്ന് ഇത്തവണ 19 പേരടങ്ങുന്ന സംഘമാണ് ജർമൻ ജൽസയിൽ പങ്കെടുത്തത്.

ഹുദൂർ വിവരങ്ങൾ ചോദിച്ചപ്പോൾ സംഘത്തിലെ അംഗങ്ങൾ 'തങ്ങൾക്ക് ജൽസ സാലാന വളരെ നല്ലതായിരുന്നുവെന്ന് പറഞ്ഞു. പക്ഷേ, ഇന്തൊനീഷ്യൻ ഭാഷയിൽ തർജമയില്ലാതിരുന്നത് തങ്ങൾക്കൊരു കുറവായിരുന്നു.' അപ്പോൾ ഹുദൂർ പറഞ്ഞു: 'ഇത് നിങ്ങളുടെ അമീർസാഹിബിന്റെ കുറ്റമാണ്.' അദ്ദേഹമാണ് ആളുകളെ തരേണ്ടത്. ഇന്തൊനീഷ്യയിലെ അമീർ അപ്പോൾ അവിടെ ഉണ്ടായിരുന്നു. 'ഇൻശാ അല്ലാഹ് തങ്ങൾ ശ്രമിക്കുന്നതാണെന്ന് അമീർസാഹിബ് പറഞ്ഞു. ഒരു മുബല്ലിഗിന്റെ നിയമനം ലണ്ടനിൽ ആയിക്കഴിഞ്ഞിട്ടുണ്ട്. വിസയുടെ നടപടികൾ നടന്നുവരുന്നു.'

ഈ അവസരത്തിൽ ഏതെങ്കിലും ഒരു മുബല്ലിഗിനെ ഇന്തൊനീഷ്യൻ ഭാഷ പഠിപ്പിക്കുന്നതിനെ സംബന്ധിച്ച് ഹുദൂർ ചില നിർദേശങ്ങൾ കൊടുത്തു. സംഘത്തിലെ ഒരംഗം അദ്ദേഹത്തിന്റെ ജമാഅത്തിൽ മസ്ജിദ് നില്ക്കുന്ന സ്ഥലത്തിനടുത്തുള്ള പ്ലോട്ടും തങ്ങൾ വാങ്ങിയതായും മസ്ജിദിന്റെ വിപുലീകരണം നടത്താനുള്ള പരിപാടിയാണെന്നും പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു:'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

ഒരു അംഗം പറഞ്ഞു:'മൂന്നുപേരുടെ ശഹാദത്ത് നടന്ന സംഭവസ്ഥലത്ത് ഞാനുമുണ്ടായിരുന്നു. എനിക്ക് ഗുരുതരമായ പരിക്കേറ്റിരുന്നു. അത്ഭുതകരമായ നിലയിലാണ് രക്ഷപ്പെട്ടത്. ഓപ്റേഷന് 7 മണിക്കൂർ എടുത്തു. അപ്പോൾ ഹുദൂർ പറഞ്ഞു: 'ഇപ്പോൾ താങ്കൾ തനി അഹ്മദിയായിരിക്കുന്നു."

ഒരു സുഹൃത്ത് പറഞ്ഞു:'ഞാൻ ഇൻഫർമേഷൻ സെക്യൂരിട്ടിയുടെ ഐ റ്റി വകുപ്പിലാണ് ജോലി ചെയ്യുന്നത്. ഭാര്യയോടൊപ്പമാണ് ജൽസയിൽ വന്നിട്ടുള്ളത്.'

ഒരു സ്ത്രീ തന്നെ പരിചയപ്പെടുത്താൻ തുടങ്ങിയപ്പോൾ ഹുദൂർ പറഞ്ഞു:'എനിക്കറിയാം. നിങ്ങൾ കഴിഞ്ഞവർഷം ലണ്ടൻ ജൽസയിൽ പങ്കെടുത്തിരുന്നു. എന്റെ പര്യടനവേളയിൽ സിംഗപ്പൂരിലും വന്നിരുന്നു. പിന്നീട് ജപ്പാനിലും വന്നിരുന്നു. ഞാനെവിടെ പോയാലും ഇവർ അവിടെ എത്താറുണ്ട്.'

ഒരു സ്ത്രീ കരഞ്ഞുകൊണ്ടു പറഞ്ഞു:'ഞാനാദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ഞാൻ അഹ്മദിയായിരുന്നില്ല. വിവാഹശേഷമാണ് അഹ്മദിയായത്. ഞാൻ എനിക്കുവേണ്ടി ദുആയ്ക്ക് അപേക്ഷിക്കുകയാണ്.' അമീർ സാഹിബ് പറഞ്ഞു, 'ഈ സ്ത്രീ ലജ്ന ഇമാഇല്ലായുടെ ആമില അംഗവുമാണ്.' ഹുദൂർ പറഞ്ഞു:"അല്ലാഹു കൃപ ചൊരിയുമാറാകട്ടെ."

ഒരു സ്ത്രീ പറഞ്ഞു:'എനിക്ക് ഇതുവരെ മക്കളുണ്ടായിട്ടില്ല. അപ്പോൾ ഹുദൂർ പറഞ്ഞു:'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

ഒരു സ്ത്രീ കരഞ്ഞുകൊണ്ട് പറഞ്ഞു:'ഞാൻ ഹുദൂറിനോടു മാപ്പ് ചോദിക്കുകയാണ്. ഒരു അനഹ്മദിയുമായിട്ടാണ് എന്റെ വിവാഹം നടന്നത്. എനിക്കു രണ്ടു മക്കളുണ്ട്. രണ്ടുപേരും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദികളാണ്.' അപ്പോൾ ഹുദൂർ ഇന്തൊനീഷ്യൻ അമീറിനോടു ഇവർക്ക് മാപ്പു ലഭിച്ചിട്ടുണ്ടോ എന്ന് ചോദിച്ചു. മാപ്പു കിട്ടിയിട്ടുണ്ടെന്ന് അമീർ സാഹിബ് അറിയിച്ചു.

ഒരു പെൺകുട്ടി പറഞ്ഞു:'ഞാൻ കോളേജിൽ പഠിക്കുകയാണ്. ദുആ ചെയ്യാൻ അപേക്ഷിക്കുന്നു.' ഹുദൂർ പറഞ്ഞു:'അല്ലാഹു വിജയിപ്പിക്കുമാറാകട്ടെ.' അവസാനം ഹുദൂർ എല്ലാവരും വന്ന് ഫോട്ടോ എടുക്കാൻ പറഞ്ഞു. അവരെല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. സംഘത്തിലുണ്ടായിരുന്ന എല്ലാവർക്കും ഹുദൂർ പേനകൾ നല്കി. ഇന്തൊനീഷ്യൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 12.50 വരെ തുടർന്നു.

**എസ്റ്റോണിയ(Estonia):**

അതിനുശേഷം എസ്റ്റോണിയാ(Estonia)യിൽനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം കരസ്ഥമാക്കി. 17 പേരടങ്ങുന്ന സംഘമാണ് എസ്റ്റോണിയായിൽനിന്ന് ജൽസയിൽ പങ്കെടുത്തത്.

ലമീസ് അബ്ദുൽ ജലീൽ സാഹിബ പറഞ്ഞു:'ഞാനൊരു ഫലസ്തീനിയാണ്. എസ്റ്റോണിയൻ യുവാവുമായിട്ടാണ് എന്റെ വിവാഹം നടന്നത്. എനിക്കു മൂന്നു സഹോദരിമാരുണ്ട്. അവർ ഫലസ്തീനിൽനിന്ന് ജർമൻ ജൽസയിൽ പങ്കെടുക്കാൻ എത്തിയിരിക്കുന്നു. ഞാൻ രണ്ടാം തവണയാണ് ജൽസയിൽ പങ്കെടുക്കുന്നത്. ആദ്യ തവണ ജൽസയിൽ പങ്കെടുത്തതിനുശേഷം ജമാഅത്തിനെ കുറിച്ച് ഒരുപാട് സന്ദേഹങ്ങളും സംശയങ്ങളുമായിട്ടാണ് തിരിച്ചു പോയത്. പക്ഷേ, ഇപ്രാവശ്യം അല്ലാഹു എന്നെ നേർവഴിയിൽ നടത്തുന്നതിനും അഹ്മദിയ്യാ ജമാഅത്ത് എനിക്കു നേർവഴിയാണെങ്കിൽ, ജീവിതം നയിക്കുന്നതിനുള്ള ശരിയായ മാർഗമാണെങ്കിൽ അല്ലാഹുതന്നെ എനിക്കു ഹിദായത്തു നല്കുന്നതിനുംവേണ്ടി ഞാൻ ജൽസാ വേളയിൽ ഒരുപാട് ദുആ ചെയ്തു. അങ്ങനെ അടുത്ത ദിവസംതന്നെ ഞാൻ ബയ്അത്തു ചെയ്തു. എന്റെ ഭർത്താവ് അഹ്മദിയല്ല. ഇപ്പോൾ എനിക്ക് കുട്ടികളില്ല. ജൽസാസാലാനയിൽ പങ്കെടുത്തതും ഞാൻ അഹ്മദിയായതും ഇത്രയേറെ ആളുകൾ എനിക്കുവേണ്ടി ദുചെയ്തതുമെല്ലാം ഞാനെന്റെ ഭാഗ്യമായി മനസ്സിലാക്കുന്നു. കഴിഞ്ഞ വർഷം എനിക്ക് ജൽസാലാനയിലെ മുഴുവൻ പ്രസംഗങ്ങളും കേൾക്കാൻ അവസരം കിട്ടിയിരുന്നില്ല. പക്ഷേ, ഈ വർഷം എല്ലാ പ്രസംഗങ്ങളും വളരെ ശ്രദ്ധയോടെ കേട്ടു. തൽഫലമായി ഈ ജമാഅത്താണ് സത്യമെന്നുള്ള ദൃഢജ്ഞാനം അല്ലാഹു എന്റെ മനസ്സിൽ ഇട്ടു. അങ്ങനെ ഞാൻ ബയ്അത്തു ചെയ്തു. മൂന്നാം ദിവസം നടന്ന ബയ്അത്തു പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി.'

അവർ പറഞ്ഞു:"ഞാൻ സ്ത്രീകളുടെ ഇടയിലുള്ള ഇത്തരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും വികാരം ഇതിനുമുമ്പേ ഒരിടത്തും ഒരിക്കലും അനുഭവിച്ചിട്ടില്ല. വിവിധ രാജ്യങ്ങളിൽനിന്ന് വന്ന സ്ത്രീകളുമായി ഞാൻ ബന്ധം സ്ഥാപിച്ചു; അവരെ ഇനി നേരിൽ കണ്ടുവെന്ന് വരികയില്ല. പക്ഷേ, അവരെ എപ്പോഴും എന്റെ ദുആയിൽ ഓർക്കുന്നതാണ്. ഞാൻ അഹ്മദിയായതും ഈ ജമാഅത്തിൽ ചേർന്നതും അല്ലഹുവിന്റെ ഇച്ഛയാലാണെന്ന് എനിക്ക് ദൃഢവിശ്വസമുണ്ട്.'

ഹുദൂർ പറഞ്ഞു:'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'അവർ പറഞ്ഞു:'എന്റെ ഭർത്താവിനുവേണ്ടി ദുആ ചെയ്താലും. എന്റെ മാതാവിനുവേണ്ടി ദുആ ചെയ്താലും.' അപ്പോൾ ഹുദൂർ പറഞ്ഞു:'ബയ്അത്തു ചെയ്തിരിക്കുന്നുവെന്ന് തിരിച്ചു ചെല്ലുമ്പോൾ നിങ്ങളുടെ മാതാവിനോടു പറയുക. ഭർത്താവ് എസ്റ്റോണിയക്കാരനാണല്ലോ. അദ്ദേഹത്തിന് നിങ്ങൾ ഏതു മതം സ്വീകരിച്ചാലും വ്യത്യാസമൊന്നുമുണ്ടാകുകയില്ല.' തന്റെ ഭർത്താവ് മുസ്ലിമാണെന്ന് അപ്പോൾ അവർ പറഞ്ഞു; അദ്ദേഹം അഹ്മദിയാകാനും ദുആ ചെയ്യുക.' അപ്പോൾ ഹുദൂർ പറഞ്ഞു:'അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.'

എസ്റ്റോണിയായിൽനിന്ന് ഒരു അതിഥി Laura Reintam സാഹിബ ജൽസയിൽ പങ്കെടുത്തിരുന്നു. കൂടിക്കാഴ്ചയ്ക്കിടയിൽ അവർ പറഞ്ഞു:'ഞാൻ മാസ്റ്റേഴ്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ ഇസ്ലാം സ്വീകരിച്ചിരിക്കുന്നു.' അപ്പോൾ ഹുദൂർ പറഞ്ഞു:'ഇസ്ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കുക. അഹ്മദിയ്യത്ത് തന്നെയാണ് യഥാർഥ ഇസ്ലാം. ഇമാം മഹ്ദി അവസാന കാലത്തു വരുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കണമെന്നും തന്റെ സലാം എത്തിക്കണമെന്നും നബി(സ)തിരുമേനി പറഞ്ഞതാണ്. അതുകൊണ്ട് നിങ്ങൾ കൂടുതൽ പഠിക്കുക. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുക. നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് കർമങ്ങൾ ചെയ്യുക.' ഹുദൂർ പറഞ്ഞു:'അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ഖുർആനിന്റെ തർജമ വായിക്കുക. അതാണ് കൂടുതൽ ലോജിക്കലായിട്ടുള്ളത്. വലിയ വ്യക്തതയോടുകൂടിയാണ് അത് തർജമ ചെയ്യപ്പെട്ടിട്ടുള്ളത്.'

അതിനുശേഷം അവർ പറഞ്ഞു:'ഞാൻ ജൽസ സാലാനയുടെ ഒരുക്കങ്ങളിൽ വളരെ ആകർഷിതയാണ്. എല്ലാ തരത്തിലുള്ള ഏർപാടുകളും സംഘാടകർ മുൻകൂട്ടി ചിന്തിച്ചുവച്ചിരുന്നതായി തോന്നി. എല്ലാ ആവശ്യങ്ങൾക്കും പ്രശ്നങ്ങൾക്കും പരിഹാരമുണ്ടായിരുന്നു. ഒരു അതിഥി എന്ന നിലയിൽ എന്നെ ആദരിക്കുകയും ചെയ്തു. എന്നെ എല്ലാ വിധത്തിലും ശ്രദ്ധിച്ചു. ജൽസാസാലാനയുടെ പൊതുവെയുള്ള അന്തരീക്ഷം ഞാൻ വളരെ നല്ലതായി കണ്ടു. ജൽസയിൽ പങ്കെടുത്തവർ സമാധാനഭരിതരും എല്ലാവരേയും സഹായിക്കുന്നവരുമായിരുന്നു. വളരെ നല്ല ആളുകളുമായി കൂടിക്കാഴ്ച നടത്താൻ സാഭാഗ്യം കിട്ടിയതിൽ സന്തോഷിക്കുന്നു; ആ ആളുകൾ ജമാഅത്തിനെക്കുറിച്ച് എന്നോടു വളരെ ആവേശത്തോടെ പറഞ്ഞുകൊണ്ടിരുന്നു. ജൽസയിലെ എല്ലാ പ്രസംഗങ്ങളും ഞാൻ കേട്ടു. പ്രത്യേകിച്ചും ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗങ്ങൾ നല്ലവണ്ണം ആസ്വദിച്ചു; അത് ആനുകാലിക സംഭവവികാസങ്ങളെക്കുറിച്ചായിരുന്നു. ആ പ്രസംഗങ്ങളുടെ സന്ദേശം വളരെ വ്യക്തമായിരുന്നു. അതിൽ പുതിയ പുതിയ ചിന്താഗതികളുണ്ടായിരുന്നു. അതെല്ലാം ഞാൻ ഒപ്പം കൊണ്ടുപോകുന്നതാണ്. ഈ ജൽസയുടെ സന്ദേശവും അഹ് മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ സമാപന പ്രഭാഷണവും വളരെ ചിന്തിക്കാൻ നിർബന്ധിക്കുന്നതാണ്. അതിന്റെ പ്രത്യേക സ്വാധീനം എന്നിലുണ്ട്. ഇത് യഥാർഥത്തിൽ മനസ്സിനെ സ്പർശിക്കുന്ന അനുഭവമായിരുന്നു.' കൂടക്കാഴ്ചയ്ക്കുശേഷം എല്ലാവർക്കും ഹുദൂർ പേനകൾ നല്കി. എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു. എസ്റ്റോണിയ സംഘവുമായുള്ള ഈ കൂടിക്കാഴ്ച ഒരു മണിവരെ തുടർന്നു.(തുടരും)

Humanity First

**കലാമുൽ ഇമാം:-**

"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."
(മൽഫൂദാത്ത്, വാല്യം 5, പേജ് 96).

**ത്വാലിബെ ദുആ:**
റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

**കലാമുൽ ഇമാം:-**

"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."
(മൽഫൂദാത്ത്, വാല്യം 5, പേജ് 104)

**ത്വാലിബെ ദുആ:**
പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-3 Thursday 4-11 January 2018 Issue-1-2

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# ദൈവമുണ്ടെങ്കിൽ എന്തുകൊണ്ടു കാണുന്നില്ല?

ഞാനെന്റെ വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പേ ഒരു സംശയം ദൂരീകരിക്കാൻ ആഗ്രഹിക്കുന്നു. ദൈവത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ സാധാരണ ഉദിക്കാറുള്ള ഒരു സംശയമുണ്ട്- ദൈവമുണ്ടെങ്കിൽ എന്തുകൊണ്ട് കാണാൻ കഴിയുന്നില്ല? ഈ സംശയം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. അനാദികാലം മുതലേ ഉള്ളതാണ്. അറേബ്യയിലെ നിരീശ്വരവാദികൾ നബി(സ)തിരുമേനിയോടും "ദൈവത്തെ കാണിച്ചുതന്നാൽ തങ്ങൾ വിശ്വസിച്ചുകൊള്ളാം"(17:93) എന്നു പറഞ്ഞതായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നുണ്ട്. എന്നാൽ, ഈ സംശയം കേൾക്കുമ്പോൾ ഇത് ഉന്നയിക്കുന്നവരുടെ അവസ്ഥയിൽ സഹതാപമാണ് തോന്നുന്നത്. അഹോ കഷ്ടം! മനുഷ്യർ നേർമാർഗത്തിൽനിന്ന് വ്യതിചലിച്ചു തുടങ്ങുമ്പോൾ അവന്റെ ബുദ്ധിയുടെമേൽ അശ്രദ്ധയുടെ തിരശ്ശീല വീഴുകയും അതോടെ വ്യക്തമായ ദൃഷ്ടാന്തങ്ങൾപോലും നിഷേധിക്കാൻ അവൻ മുതിരുകയും ചെയ്യുന്നു. കഴിഞ്ഞ കാലങ്ങളിൽ ഈ ആക്ഷേപം ഉണ്ടായിട്ടുണ്ടെങ്കിൽ അന്നൊക്കെ അത് അനാവശ്യവും നിരർഥവുമായിട്ടാണ് കണ്ടിരുന്നത്. എന്നിട്ടും അജ്ഞരായ ചിലയാളുകളെ താൽക്കാലികമായിട്ടെങ്കിലും വഞ്ചനയിലകപ്പെടുത്താൻ അതിനു സാധിച്ചു. എന്നാൽ, ഇക്കാലത്ത് ഈ ആക്ഷേപം ഉന്നയിക്കുന്നത് തികച്ചും അത്ഭുതാവഹമാണ്. ഇത്തരം സംശയങ്ങൾകൊണ്ട് തന്റെ നിഷേധഭാവത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ആളുടെ ബുദ്ധിയിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. എന്റെ പക്കൽ, ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാൻ കുട്ടികൾക്കേ അവകാശമുള്ളു. അല്ലെങ്കിൽ ഇത് ഭ്രാന്തന്മാരുടെ പണിയാണ്. എന്തുതന്നെയായാലും സാധാരണ കേട്ടുവരുന്ന സംശയമാണിത്. അതുകൊണ്ട് ഇത് ദൂരീകരിക്കപ്പെടേണ്ടത് നിർബന്ധമാണ്. വളരെ സംക്ഷിപ്തമായനിലയിൽ അതിനുള്ള സംശയനിവാരണം വരുത്തി യഥാർഥവിഷയത്തിലേക്ക് ഞാൻ പ്രവേശിച്ചുകൊള്ളാം.

ലോകത്ത് വൈവിധ്യമാർന്ന പല വസ്തുക്കളുമുണ്ട്. അവ ഓരോന്നിനെ സംബന്ധിച്ചും അറിയാൻ ഓരോ മാർഗമാണ് നാം സ്വീകരിക്കാറുള്ളത്. ചിലത് കാണുന്നതിലൂടെ തിരിച്ചറിയുന്നു. ചിലത് കേൾക്കുന്നതിലൂടെ തിരിച്ചറിയുന്നു. ചിലത് തിരിച്ചറിയുന്നത് രുചിച്ചുനോക്കിയാണ്. ചിലത് തിരിച്ചറിയണമെങ്കിൽ മണത്തു നോക്കണം. ചിലത് സ്പർശനംകൊണ്ട് തിരിച്ചറിയാം. ചിലത് ശ്രദ്ധാപൂർവ്വം പിടിച്ചുനോക്കിയെങ്കിലേ തിരിച്ചറിയാൻ കഴിയൂ. ഇങ്ങനെയുള്ള തിരിച്ചറിവുകളെല്ലാം അബദ്ധമുക്തവും സന്ദേഹരഹിതവുമായിരിക്കും. ഇന്ന വസ്തുവിനെ സംബന്ധിച്ച് ഇന്ന രീതിയിൽ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ വിശ്വസിക്കുകയുള്ളൂവെന്ന് പറയാൻ നമുക്ക് അവകാശമേയില്ല. ഉദാഹരണത്തിന് നിറങ്ങൾ തിരിച്ചറിയാനുള്ള മാർഗം കണ്ണുകളാണ് നിർവ്വഹിക്കുന്നത്. അതായത് നോക്കുമ്പോഴാണ് ഇന്ന നിറം ഇന്ന തരത്തിലുള്ളതാണെന്ന അറിവുണ്ടാകുന്നത്. അതുപോലെ മണത്തറിയുന്നത് മൂക്ക് മുഖേനയാണ്. ശബ്ദം തിരിച്ചറിയുന്നത് ചെവികൊണ്ടും. അപ്പോൾ ശബ്ദം കണ്ണുകൊണ്ട് കണ്ടെങ്കിലേ വിശ്വസിക്കൂവെന്ന് പറയുന്നതും, മൂക്കുകൊണ്ട് ഇന്ന നിറം മണത്തറിയാത്തിടത്തോളം സമ്മതിക്കുകയില്ലെന്ന് ശഠിക്കുന്നതും ഇന്ന ശബ്ദം കൈയിലെടുത്ത് നോക്കാത്തിടത്തോളം തൃപ്തിയാകുകയില്ലെന്ന് വാശിപിടിക്കുന്നതും കാടത്തമാണ്. ഇങ്ങനെയൊക്കെ പറയുന്നവനെ ഭ്രാന്തനെന്നാണ് ജനങ്ങൾ വിളിക്കുക. ഭ്രാന്താലയത്തിൽ അയയ്ക്കപ്പെടുന്നില്ലെങ്കിൽത്തന്നെയും തെരുവു കുട്ടികൾക്ക് അയാൾ തമാശയ്ക്ക് പാത്രമായിത്തീരുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ, അത്ഭുതമെന്നേ പറയേണ്ടൂ- ഇക്കാലത്തും ഇവർ ദൈവത്തെ സംബന്ധിച്ച് ഇത്തരം ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും അവർ ജനങ്ങളുടെയിടയിൽ ബുദ്ധിമാൻമാരാണെന്നുള്ളതാണ് ഏറെ രസകരം. ഇരുൾമൂടിയ ബുദ്ധിയുടെ ഉടമസ്ഥരായ ഇക്കൂട്ടരോട് ഈ ഭ്രാന്തത്വം പറഞ്ഞുനടക്കാൻ കാരണമെന്താണെന്ന് ഒരു ഭക്തദാസനും ചോദിക്കാറില്ല. ഇങ്ങനെയുള്ള അപഹാസ്യമായ ഭ്രാന്തിന് കുറിയാക്കാൻ ദൈവത്തിന്റെ അസ്തിത്വം മാത്രമേ ഇക്കൂട്ടർക്ക് കിട്ടിയുള്ളു. അഹോ കഷ്ടം!

ഐഹികവസ്തുക്കളെ തിരിച്ചറിയുന്ന ബാഹ്യേന്ദ്രിയങ്ങളെ കുറിച്ചു മാത്രമാണ് ഞാൻ പ്രതിപാദിച്ചത്. എന്നാൽ, ബാഹ്യേന്ദ്രിയങ്ങളൊന്നുംകൊണ്ടും നേരിട്ട് തിരിച്ചറിയാൻ പറ്റാത്ത നിരവധി കാര്യങ്ങൾ ലോകത്തുണ്ട്. അവയെ ബാഹ്യേന്ദ്രിയങ്ങൾ കൊണ്ടല്ല നാം തിരിച്ചറിയുന്നത്. എങ്കിലും, ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് തിരിച്ചറിഞ്ഞ് വിശ്വസിക്കുന്നതുപോലതന്നെ അവയേയും നാം വിശ്വസിക്കുന്നു എന്നതാണ് വാസ്തവം. ഉദാഹരണത്തിന് കാന്തശക്തി. നിങ്ങൾക്കതിനെ കണ്ണുകൊണ്ട് കാണാൻ കഴിയുമോ? ചെവികൊണ്ട് തിരിച്ചറിയാനോ, മൂക്കുകൊണ്ട് മണത്തറിയാനോ, നാവുകൊണ്ട് രുചിച്ചറിയാനോ കൈകൊണ്ട് തൊട്ടറിയാനോ കഴിയുമോ? ഒരിക്കലുമില്ല. എന്നാൽ, നിങ്ങളിലാർക്കെങ്കിലും ഈ ശക്തിയെ നിഷേധിക്കാൻ തന്റേടമുണ്ടോ? സാധ്യമല്ലെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു. ബാഹ്യേന്ദ്രിയങ്ങളൊന്നുംകൊണ്ടും നേരിട്ട് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിലും, അതിന്റെ അടയാളങ്ങളും പ്രവർത്തനങ്ങളും പ്രതികരണങ്ങളും മനസ്സിലാക്കി ദൃഢമായ നിലയിൽത്തന്നെ നിങ്ങളതിൽ വിശ്വസിക്കുന്നുണ്ട്. അടയാളങ്ങളുടെ അറിവ്, ഏതെങ്കിലും വസ്തുവിനെ നേരിട്ട് അനുഭവിച്ചറിയുന്നതുപോലുള്ള ദൃഢവിശ്വാസം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. കാന്തത്തിന്റെയടുക്കൽ ഇരുമ്പുകഷണം കൊണ്ടുചെന്നാൽ അത് അതിനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നത് നിങ്ങൾ കാണുന്നുണ്ട്. ഇതെപ്പോൾ ചെയ്താലും ഇങ്ങനെത്തന്നെയായിരിക്കും സംഭവിക്കുക. ഇതിൽനിന്ന്, ആ കാന്തത്തിൽ സാധാരണ ഇരുമ്പിന് പുറമെ മറ്റെന്തോ ഒരു ശക്തിയുണ്ടെന്നുള്ള അറിവ് നിങ്ങൾക്ക് ലഭിക്കുന്നു. അതിനെ ബാഹ്യേന്ദ്രിയംകൊണ്ട് നേരിട്ട് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുന്നില്ല. എന്നാൽ, അതിന്റെ അടയാളവും പ്രവർത്തനവും കണ്ടപ്പോൾ നിങ്ങളതിനെ തിരിച്ചറിഞ്ഞു. കാന്തശക്തിയെ, കാണുകയോ, കേൾക്കുകയോ, വാസനിക്കുകയോ, രുചിക്കുകയോ, തൊടുകയോ ചെയ്തറിയാത്തതുകൊണ്ട് തങ്ങൾ വിശ്വസിക്കുകയില്ലെന്ന് നിങ്ങൾ പറയുകയില്ലല്ലോ. ഇതുപോലുള്ള മറ്റൊന്നാണ് വിദ്യുച്ഛക്തി. അതും ബാഹ്യേന്ദ്രിയങ്ങൾവഴി തിരിച്ചറിയാൻ സാധ്യമല്ല. എന്നാൽ, അതിന്റെ പ്രവർത്തനത്താൽ അത് നിങ്ങളുടെ മനസ്സിനകത്ത് വിശ്വാസം നേടുന്നു. നിങ്ങളുടെ കിടപ്പറയിലെ സ്വിച്ചിൽ വിരലമർത്തുമ്പോൾ പങ്ക അതിശീഘ്രം കറങ്ങുന്നു. അപ്പോൾ ഒരു നിമിഷം മുമ്പേ അതിലില്ലാതിരുന്നതും ഇപ്പോൾ പുറമെനിന്ന് വന്നതുമായ ഒരു ശക്തിയാണ് ആ പങ്ക ചലിപ്പിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. സത്യത്തിൽ നിങ്ങൾ ആ ശക്തിയെ നേരിട്ട് കണ്ടിട്ടില്ല, കേട്ടിട്ടില്ല, വാസനിച്ചിട്ടില്ല, രുചിച്ചിട്ടില്ല മറ്റേതെങ്കിലും ബാഹ്യേന്ദ്രിയംകൊണ്ട് നേരിട്ട് അറിഞ്ഞിട്ടുമില്ല. എന്നാൽ, വൈദ്യുതി ഉഗ്രമായ ശക്തിയാണെന്നുള്ള ദൃഢവിശ്വാസംകൊണ്ട് നിങ്ങളുടെ ഹൃദയം നിർഭരമായിത്തീരുന്നു. കാരണം, ബാഹ്യേന്ദ്രിയങ്ങൾ കൊണ്ടു വൈദ്യുതിയെ നേരിട്ട് തിരിച്ചറിഞ്ഞില്ലെങ്കിൽത്തന്നെയും, അതിന്റെ പ്രവർത്തനവും അടയാളവും ഫലവും നിങ്ങൾക്ക് ദൃഢവിശ്വാസത്തിന്റെ അവസ്ഥ പ്രദാനം ചെയ്യുന്നു. അതുകൊണ്ട് അതിനെ നിഷേധിക്കാനുള്ള ശക്തിയോ യുക്തിയോ നിങ്ങൾക്കുണ്ടാകുന്നില്ല. സൂര്യനേയും ചന്ദ്രനേയും പർവ്വതത്തേയും നദിയേയും ദൃഢമായി വിശ്വസിക്കുന്നതുപോലെ തന്നെയാണ് നിങ്ങൾ ഇതിനേയും ദൃഢമായി വിശ്വസിക്കുന്നത്.

മറ്റൊരു ഉദാഹരണത്തിന് ഇനി നമുക്ക് സ്നേഹമെന്ന വികാരത്തെ പരിശോധിക്കാം. ആരെങ്കിലും അതിനെ കണ്ടോ, കേട്ടോ, രുചിച്ചോ, മണത്തോ, സ്പർശിച്ചോ അറിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ, അങ്ങനെ അറിയുക എന്നത് അസാധ്യമാണെന്നതിനാൽ ഞാൻ ചോദിക്കട്ടെ, സ്നേഹമെന്ന വികാരത്തെ നിഷേധിക്കാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?

(തുടരും)

(ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഹമാരാ ഖുദാ എന്ന ഗ്രന്ഥത്തിൽനിന്ന്)

## തഹ്രീക്കെ ജദീദിൽ പങ്കെടുത്തവർക്കുവേണ്ടി സയ്യിദുനാ അമീറുൽമുഅ്മിനീന്റെ ദയാപരമായ ദുആകളും സ്നേഹനിർഭരമായ സലാമും

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ സന്നിധിയിൽ തഹ്രീക്കെ ജദീദിൽനിന്ന് 2016–2017 ലെ വാർഷികറിപ്പോർട്ട് അവതരിപ്പിക്കപ്പെട്ടു. ഹുദൂർ അയ്യദഹുല്ലാഹുതആലാ ബിനസ്രിഹിൽ അസീസ് അനുകമ്പാപൂർവം താഴെ കാണുന്ന പ്രാർഥനാവചനങ്ങളിലൂടെ തഹ്രീക്കെ ജദീദിലെ അംഗങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു.

“അല്ലാഹു ചന്ദ നല്കിയ എല്ലാവർക്കും ആരാധനകളിലും നന്മകളിലും അഹമഹമികയാ മുന്നേറാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ. തഖ്‌വയിലും വിനയത്തിലും വണക്കത്തിലും അഭിവൃദ്ധിനല്കിക്കൊണ്ടിരിക്കുമാറാകട്ടെ. ഭൗതികവും ആത്മീയവുമായ നന്മകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ആ എല്ലാ ജമാഅത്തംഗങ്ങളുടേയും ധനത്തിലും ആയുസിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. തന്റെ പ്രത്യേക കൃപകൊണ്ടും കരുണകൊണ്ടും അനുഗ്രഹിക്കട്ടെ. അവരുടെ മനസ്സുകൾ തന്റെ സ്നേഹത്തിന്റെ പ്രകാശത്താൽ നിറയ്ക്കുമാറാകട്ടെ. (ആമീൻ)തഹ്രീക്കെ ജദീദിന്റെ എല്ലാ പ്രവർത്തകർക്കും എന്റെ സ്നേഹനിർഭരമായ സലാം എത്തിക്കുക.”

അല്ലാഹു തഹ്രീക്കെ ജദീദിൽ പങ്കെടുത്ത എല്ലാവരേയും ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസിന്റെ ഈ സൗഹൃദപരമായ ദുആകളുടെ അനന്തരാവകാശി ആക്കുമാറാകട്ടെ. ആമീൻ

**(വക്കീലുൽമാൽ തഹ്രീക്കെ ജദീദ് ഖാദിയാൻ)**




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin